www.malankaralibrary.com

# വിഹഗ വീക്ഷണം

വി. കിളിച്ചിമല



ഒന്നാം ഭാഗം

www.malankaralibrary.com

# വിഹഗ വീക്ഷണം

(ഒന്നാം ഭാഗം)

www.malankaralibrary.com

(Malayalam)

VIHAGA VEEKSHANAM

Reflections

By

**V. KILICHIMALA**

First Published
March 1996

Copies 1000

Price Rs. 20/—

Copy right
V. Kilichimala

Published by
V. Kilichimala

Distribution:
Santhinilayam, Tiruvalla-689101

Printed at
Padipurackal Printers, Tiruvalla.

Cover design:
Mathews Orathel
Beam Communication, Ktm.

www.malankaralibrary.com

# വിഹഗ വീക്ഷണം

(ഒന്നാം ഭാഗം)

ഗ്രന്ഥകർത്താവ്

വി. കിളിച്ചിമല

വിതരണം

ശാന്തിനിലയം,

തിരുവല്ലാ—689 101

വില Rs. 20/-

www.malankaralibrary.com

# വി. കിളിച്ചിമലയുടെ കൃതികൾ

വിഹഗ വീക്ഷണം (ഒന്നാം ഭാഗം)

മൂന്നാം സഹസ്രാബ്ദി, സ്വീകരണകർമ്മപദ്ധതി

ഓർമ്മയുടെ ചിത്രശാല (ഒന്നാം പുസ്തകം) സ്മരണകൾ

പുലരിപ്പൂക്കൾ (കവിതാ സമാഹാരം)

അന്നം പാലേ കടിച്ചിടൂ (സാഹിത്യലേഖനങ്ങൾ)

വി. ജോൺ വിയാനി (ജീവചരിത്രം)

വി. ബർണദീത്താ ( ,, )

മോൺ. തോമസ് വടശ്ശേരി ( ,, )

മാർ ഈവാനിയോസ്, ഒരു പഠനം

ആദർശ ദീപങ്ങൾ (ജീവിത ചിത്രീകരണം)

രജത രശ്മികൾ ( ,, )

വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ).

എക്യുമെനിസം (പ്രബന്ധം)

അന്ത്യോക്യയോ റോമയോ? ( ,, )

കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)

70 വർഷം പുസ്തകപ്രസാധനം (പ്രബന്ധം)

കേരളസഭാചരിത്രപ്രശ്നങ്ങളും

ഷെവ. വി. സി. ജോജിൻെറ ഗവേഷണ നിഗമനങ്ങളും.

www.malankaralibrary.com

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പുറം |
| --- | --- | --- |
| | പ്രസ്താവന | (vi) |
| | അവതാരിക | (ix) |
| 1 | ''വ്യാധൻെറ വലയിലേക്കോടുന്ന മൃഗം'' | 13 |
| 2 | 'ദ് ഹൗണ്ട് ഓഫ് ഹെവ'നും 'കളിയച്ഛ'നും | 16 |
| 3 | കുട്ടിക്കാല കാവ്യകേളി | 24 |
| 4 | ജൂബിലി | 38 |
| 5 | സ്ത്രീ പൗരോഹിത്യം | 47 |
| 6 | പള്ളിമണിയുടെ മധുരനാദം | 56 |
| 7 | വിടപറഞ്ഞ പിറാവ് | 59 |
| 8 | അനന്യതയുടെ ആസ്വാദനീയത | 61 |
| 9 | അന്തരംഗം ഒതുങ്ങണമോ? | 64 |
| 10 | ''ശവപ്പെട്ടിയാണിന്നാദായം'' | 69 |
| 11 | വിനിയോഗിക്കാത്ത മുതലുകൾ | 72 |
| 12 | ''ദൂരേ നിന്നാൽ നേരറിയാമോ?'' | 76 |
| 13 | കടിഞ്ഞാണിടേണ്ട ഭ്രമങ്ങൾ | 81 |
| 14 | കേരള പരിമളം | 84 |
| 15 | വീണ്ടും ചരിത്രം | 87 |
| 16 | രോഗാർത്തതയുടെ ഊർദ്ധശ്വാസം | 91 |
| 17 | വിനാശത്തിൻെറ അവിഹിതവേഴ്ച | 95 |
| 18 | കാളിമകാളുന്നകാലം | 98 |

www.malankaralibrary.com

# പ്രസ്താവന

കോളുകൊണ്ടകടലിന്റെ ഇളക്കം; തിരമാലമുറിച്ചു തുഴയുന്ന തോണിക്കാരന്റെ നടുക്കം; രണ്ടും സൂക്ഷ്മതയോടെ വീക്ഷിക്കുന്ന ആകാശപ്പക്ഷിയുടെ ഞരക്കം—എല്ലാമുള്ളതാണീ വിഹഗവീക്ഷണം. ഇഷ്ടാനിഷ്ടങ്ങൾ അവലോകനത്തെ സ്വാധീനിച്ചിട്ടില്ല. വിവിധകോണങ്ങളിലേക്കു വീക്ഷണം തിരിഞ്ഞിട്ടുണ്ട്, സാഹിത്യപരം, സാമൂഹ്യം, സഭാസ്പർശി എന്നിങ്ങനെ.

''ദ് ഹൗണ്ട ഓഫ് ഹെവ''നും ''കളിയച്ഛ''നും, കുട്ടിക്കാല കാവ്യകേളി, പള്ളിമണിയുടെ മധുരനാദം, വിടപറഞ്ഞ പിറാവ്, ''ശവപ്പെട്ടിയാണിന്നാദായം'' എന്നിവ സാഹിത്യസംബന്ധികളാണ്; ''വ്യാധന്റെ വലയിലേക്കോടുന്നമൃഗം'', അന്തരംഗം ഒരുങ്ങേണമോ?, വിനിയോഗിക്കാത്ത മുതല്പകരം, കടിഞ്ഞാണിടേണ്ട ഭ്രമങ്ങൾ, രോഗാർത്തരുടെ ഊർദ്ധശ്വാസം, വിനാശത്തിന്റെ അവിഹിതവേഴ്ച, കാളിമകാളുന്നകാലം തുടങ്ങിയവ സാമൂഹ്യത്തിൽപെടുന്നു; ജൂബിലി, സ്ത്രീപൗരോഹിത്യം, അനന്യതയുടെ ആസ്വാദനീയത, ''ദൂരേ നിന്നാൽ നേരറിയാമോ?'' കേരളപരിമളം, വീണ്ടുംഛിദ്മം എന്നിവ സഭാകാര്യതല്പരങ്ങളത്രേ.

വിഹഗത്തിന്റെ വിഹാരരംഗം വീക്ഷണത്തെ വഴിനടത്തിയിട്ടില്ലെന്നു പറഞ്ഞുകൂടാ. 1979 മുതൽ 1992 വരെ ആലുവാ സെമിനാരിയിലാണ് ഈ ലേഖകൻ പ്രവർത്തിച്ചിരുന്നത്. പ്രേഷിതകേരളം മാസികയുടെ പത്രാധിപത്യം അനുവഹിച്ചിരുന്നു. പത്രാധിപപംക്തിയിലെ കുറിപ്പുകളാണ് ഇപ്പോൾ സമാഹരിക്കുന്നത്. മററു പ്രസിദ്ധീകരണങ്ങളിൽ ചേർത്ത ഈ എഴുത്തുകാരന്റെ ലേഖനങ്ങളും ചിലതുണ്ട്.

വൈവിധ്യദീക്ഷ ആദ്യന്തം കാണാം, ചെറുലേഖനങ്ങൾ, ചിന്താനുറുങ്ങുകൾ, കവിതകൾ എന്നിങ്ങനെ. ആകൃതിയിൽ മാത്രമല്ല പ്രകൃതിയിലുമുണ്ട് വൈചിത്ര്യം. വിഷയസ്വീകരണത്തിൽ അതുവെളിപ്പെടുന്നു. പല സാധനങ്ങളെകൊണ്ടുള്ള

www.malankaralibrary.com



കഷണങ്ങൾ വെന്തു ചേർന്നുള്ള അവിയൽ സ്വാദ്യമാകാറുണ്ടല്ലൊ. അങ്ങനെയൊരു ''അവിയൽ പാകം'' എന്നു ഈ കൂട്ടിച്ചേർക്കലിനെ കരുതിയാൽ മതി.

കുഞ്ഞായിരിക്കുമ്പോൾ അമ്മിഞ്ഞപ്പാൽ വേണം. വളർച്ച മുററിയാലും ആ സ്ഥിതി തുടർന്നാൽ മതിയോ? വായനയുടെ രംഗത്തു ഈ ദയനീയത കാണുന്നുണ്ട്. ഗുരുത്വമുള്ള കൃതികൾ പുറത്തുവിടാൻ പ്രസാധകനു സമ്മതമില്ല; പാരായണം ചെയ്യുന്നതിനു വായനക്കാരനും. പൈങ്കിളി സാഹിത്യം മതിയെന്നത്രേ ശാഠ്യം. വിഷയത്തിൻെറ ഗുരുലഘുത്വം കണക്കിലെടുത്തു തരതമഭേദം സമാഹരണത്തിൽ പുലർത്തിയിരിക്കുന്നു, കട്ടപ്പംകൂടിയതും കുറഞ്ഞതുമായ വിഷയങ്ങൾ ഇടകലർത്തിക്കൊണ്ട്. മനസ്സിലാകാത്ത ബുദ്ധിമുട്ട ഒരിടത്തുണ്ടായെങ്കിൽ ആ വിരസത തീർക്കുന്ന സുഖിയൻ തൊട്ടടുത്തു കാണും.

എഴുതിയപ്പോളുണ്ടായിരുന്ന കാലികപ്രാധാന്യം പുനഃപ്രസിദ്ധീകരിക്കുന്ന ഇന്നു് ഇതിലെ ചില പ്രമേയങ്ങൾക്ക കണ്ടെന്നുവരില്ല. ഗദ്യരചനാപരിചയത്തിനു സാഹിത്യവിദ്യാർത്ഥികൾക്കു പ്രയോജനപ്പെടണമെന്നത്രേ അവയുടെ ഇപ്പോഴത്തെ ഉദ്ദേശ്യം. ഊർജ്ജസ്വലമായ ഗദ്യരീതി ആദ്യന്തമുണ്ട്; മണിപ്രവാള മധുരിമ എവിടെയും കിനിയും; ഗദ്യപദ്യമിശ്രമായ ശൈലിയാണു മുന്നിട്ടുനിൽക്കുന്നതു്—എല്ലാം പഠിതാവിനു സഹായകമത്രേ.

വിഷയസ്വീകരണത്തിനു പത്രാധിപത്യം മുഖാന്തരമായി. ഇത്തരം ലേഖനങ്ങൾ ഏറെയുണ്ട്. വിഹഗവീക്ഷണത്തിൻെറ തുടർന്നുള്ള ഭാഗങ്ങളിൽ അവ ചേർക്കാമെന്നുകരുതുന്നു. പ്രസാധകൻെറയും വായനക്കാരൻെറയും സൗകര്യം കരുതിയാണ് പുസ്തകം ചെറുതാക്കിയിരിക്കുന്നതു്.

അനുഗൃഹീത കവിയും അംഗീകൃതസാഹിത്യ ചിന്തകനുമാണ് പ്രൊഫ. ജോസഫ് അഞ്ചനാട്ട്, വലിയ ശിഷ്യസഞ്ചയത്തിൻെറ ആരാധനാ പാത്രം. എസ്. ബി. കോളജു മലയാളം വിഭാഗാധ്യക്ഷസ്ഥാനത്തുനിന്നു വിരമിതനായി വിശ്രമജീവിതം നയിക്കുന്ന ആ സഹൃദയാഗ്രണി ഇന്നു

www.malankaralibrary.com



തിരക്കിലാണ്, മുദ്രണാലയജോലികളും സാഹിത്യസംരംഭങ്ങളും കൊണ്ട്. 'ഒടിയാത്തകമ്പെ'ന്ന് അറിഞ്ഞുകൊണ്ടല്ലേ പ്രൊഫ. അഞ്ചനാട്ടിനെ അവതാരികാഭ്യർത്ഥനയുമായി സമീപിച്ചതു്. വിഹഗവീക്ഷണം ആ മനീഷി ആദ്യന്തം പരിശോധിച്ചു; അപഗ്രഥനാത്മകവും കാര്യമാത്ര പ്രസക്തവുമായ വിലയിരുത്തൽ നടത്തി — പരിണതപ്രജ്ഞയുടെ നല്ലം തികഞ്ഞ അവതാരിക ഈ കൃതിക്കു ഒരുതൊടുകുറിതന്നെയാണ്. ആ സാഹിത്യ ഗുരുവിനു എന്റെ ആദരപൂർവ്വമായ കൃതജ്ഞത.

തിരുവല്ലാ പടിപ്പുരയ്ക്കൽ പ്രിൻേറഴ്സ് ആണ് ഇതിന്റെ മുദ്രണം നിർവ്വഹിച്ചിട്ടുള്ളതു്; കവർ ഡിസൈനിംഗിന്റെ കലാഭംഗി കോട്ടയം ബീംകമ്യൂണിക്കേഷൻേറതും. മുദ്രണത്തിന്റെയും കലാവിരുതിന്റെയും സംതൃപ്തി അനുവാചകഹൃദയങ്ങളിലുയർത്തുന്ന ആ കലാകാരന്മാർക്കു നന്ദിപ്രകടിപ്പിക്കട്ടെ.

പഴയ ലേഖനങ്ങളുടെ പുനരവതരണമാണിതു്. അപ്രിയമില്ലെന്നുകരുതുന്നു. സ്വാദ്യത അല്പമെങ്കിലും തോന്നുന്നെങ്കിൽ നിങ്ങൾക്കു തിരുമുൽക്കാഴ്ച സമർപ്പിക്കുന്നതാണ് ''വിഹഗവീക്ഷണം'' തുടർന്നുള്ള ഭാഗങ്ങൾ. നിങ്ങളുടെ സംതൃപ്തിയാകട്ടെ എനിക്കുള്ള അനുഗ്രഹം.

ക്ലേർജി ഹോം, പുഷ്പഗിരി,<br>
തിരുവല്ലാ—689101<br>
25—3—1996

ഗ്രന്ഥകർത്താ.

## സദയം തിരുത്തിവായിക്കുക

| പേജ് | വരി | തെററു് | ശരി |
|---|---|---|---|
| 31 | 31 | താളുകൽ | താളുകൾ |
| 58 | 5 | വീശിടുംക | വീശിടുക |
| 67 | 7 | മലിമസമാക്കാത്ത | മലീമസമാക്കാത്ത |
| 78 | 25 | സന്ന്യാസിത്ഥിനികൾ | സന്ന്യാസാത്ഥിനികൾ |
| 95 | 1 | അടങ്ങയിരുന്നു | അടങ്ങിയിരുന്നു |
| 99 | 31 | യജ്ഞം | യജ്ഞതം |

www.malankaralibrary.com

# അവതാരിക

പ്രാചീന ലാററിൻ നിരൂപകനും കവിയുമായ ഹോറസ് കാവ്യകല (Ars Poetica) എന്ന ഗ്രന്ഥത്തിൽ കവിയശഃപ്രാർത്ഥികൾക്ക് ഒരു പ്രായോഗികോപദേശം നല്കുന്നുണ്ട്: ഒരു കവിത രചിച്ചാൽ ഒൻപതുവർഷക്കാലത്തേക്ക് അതു് അലമാരിയിൽ സൂക്ഷിച്ചുകൊള്ളണമെന്നും, ഒൻപതു വർഷത്തിനുശേഷം വായിച്ചുനോക്കുമ്പോഴും പ്രകാശനാർഹമെന്നുതോന്നിയാലേ അതു പ്രസിദ്ധീകരിക്കാവൂ എന്നുമാണ് അദ്ദേഹം പറയുന്നതു്. ഒൻപതുവർഷം എന്ന് അദ്ദേഹം വ്യവസ്ഥ ചെയ്യുന്നതെന്തെന്നു നിശ്ചയമില്ല. ഒരുപക്ഷേ ഒൻപതു വർഷംകൊണ്ട് ഒരു വ്യക്തിയുടെ മാനസികവും ബുദ്ധിപരവുമായ ജീവിതം സുനിയതമായ ഒരു ഘട്ടത്തെ തരണം ചെയ്ത് അടുത്തതിലേക്കു പ്രവേശിക്കുമെന്നായിരിക്കാം സങ്കല്പം.

ബഹുമാനപ്പെട്ട കിളിച്ചിമലയച്ചന്റെ ''വിഹഗവീക്ഷണ''ത്തിലൂടെ കടന്നുപോയപ്പോൾ, ഹോറസിന്റെ അഭിപ്രായത്തെക്കുറിച്ച് ഓർമ്മിച്ചതിന് ഒരു പ്രത്യേക പശ്ചാത്തലമുണ്ട്. ഈ സമാഹാരത്തിലെ ഭൂരിപക്ഷം ലേഖനങ്ങളും എട്ടൊൻപതുവർഷം മുമ്പു പ്രസിദ്ധീകരിച്ചവയാണ്. ഇപ്പോൾ അവ പുനഃപ്രസിദ്ധീകരിക്കണമെന്നു ഗ്രന്ഥകാരൻ തീരുമാനിച്ചിരിക്കുന്നു. ഗ്രന്ഥകാരനെയും അനുവാചകരെയും സംബന്ധിച്ച് ആ തീരുമാനം തികച്ചും ശുഭോദർക്കവും പ്രയോജനകരവുമായിട്ടുണ്ടെന്നു നിർമ്മത്സരന്മാർ സമ്മതിക്കും. ഇതിലെ ചില ലേഖനങ്ങൾ, അവ രചിക്കപ്പെട്ട കാലത്ത് അത്യന്തപ്രസക്തിയുണ്ടായിരുന്ന ചില വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. വർഷങ്ങൾക്കുശേഷം അവയുടെ കാലികപ്രസക്തി ഒരളവുവരെ പരിമിതിപ്പെട്ടുപോവുക സ്വാഭാവികമാണല്ലോ. അത്തരം ചില വിഷയങ്ങളൊഴിച്ചാൽ ബാക്കിയുള്ളവ സാർവ്വകാലിക പ്രസക്തിയുള്ള വിഷയങ്ങളാണ്. വിഷയങ്ങളുടെ സാർവ്വകാലികത അവയെക്കുറിച്ചുള്ള പ്രതിപാദനങ്ങൾക്കും അവകാശപ്പെടാം. ആ അർത്ഥത്തിൽ അവ വർഷങ്ങൾക്കു മുമ്പ് അവ രചിക്കപ്പെട്ട കാലത്തെന്നപോലെ ഇന്നും നൂതനമായി നിലകൊള്ളുന്നു.

www.malankaralibrary.com



''വിഹഗവീക്ഷണ''ത്തിലെ വിഷയവൈവിധ്യമാണ് അതിൻെറ ശ്രദ്ധേയമായ ഒരു സവിശേഷത. ഗ്രന്ഥത്തിലും ച്ചേർത്തിട്ടുള്ള 18 ലേഖനങ്ങൾ, സാമൂഹികം, സാഹിത്യപരം, സഭാപരം എന്നിങ്ങനെ രണ്ടുമൂന്നു വിഭജനമാനദണ്ഡങ്ങളുപ യോഗിച്ചു വേർതിരിക്കാമെങ്കിലും, ഓരോന്നും സ്വതന്ത്രവ്യ ക്തിത്വത്തോടെ വേറിട്ടുനില്ക്കുന്നു. ചില ലേഖനങ്ങൾ ലഘൂപന്യാസരീതിയിലാണെങ്കിൽ, മററുചിലതു് ഗഹനവും വസ്തുതകളെ ആഴത്തിൽ അപഗ്രന്ഥിക്കുന്നവയുമാണ്. ഇവ യ്ക്കെല്ലാം പൊതുവിലുള്ള സാധാരണ ധർമ്മം ഗ്രന്ഥകാരൻെറ തെളിഞ്ഞ യുക്തിചിന്തയും, വിട്ടുവീഴ്ചയില്ലാത്ത ധർമ്മപ ക്ഷപാതവുമാണ്. ആദർശങ്ങളെ ഒററിക്കൊടുത്തുകൊണ്ടുള്ള വിട്ടുവീഴ്ചകൾക്ക് ഒരിക്കലും വഴങ്ങാത്ത ഒരു തൂലികയാണ് ഫാ. കിളിച്ചിമല കൈയിലേന്തിയിരിക്കുന്നതു്. ഈ ധർമ്മപക്ഷപാതം കഴിഞ്ഞാൽ, മറെറാന്നു ചൂണ്ടിക്കാട്ടാനുള്ളതു്, ഗ്രന്ഥകാരൻെറ പരപ്പാർന്ന സാഹിത്യസംസ്ക്കാരമാണ്. സാഹിത്യേതര വിഷ യങ്ങൾ കൈകാര്യം ചെയ്യുമ്പോഴും, അവയെ കാവ്യഗ്രന്ഥ ങ്ങളിൽനിന്നും മററുമുള്ള ഉദ്ധരണികൾ ചേർത്തു കൊഴുപ്പി ക്കാൻ ഫാ. കിളിച്ചിമലയ്ക്കു് അന്യാദൃശസാമർത്ഥ്യമാണുള്ളതു്. ഗ്രന്ഥകാരൻ ഏറെക്കാലം ഒരു സാഹിത്യാധ്യാപകനായി രുന്നതിനാൽ ഇതും തികച്ചും സ്വാഭാവികംതന്നെ. കുറിക്കു കൊള്ളുന്ന അത്തരം ഉദ്ധരണികൾ പ്രമേയത്തിനാകെ ആക ർഷകമായ ഒരു ഊർജ്ജസ്വലതയും തിളക്കവും കൈവരുത്തുന്നു.

''വിഹഗവീക്ഷണ''ത്തിലെ സാമൂഹികപ്രസക്തിയുള്ള പല ലേഖനങ്ങളിലും, ക്രാന്തദർശിയും സൂക്ഷ്മവേദിയുമായ ഒരു സാമൂഹികവിമർശകനെയാണു നാം കണ്ടുമുട്ടുക. ധർമ്മ രോഷത്തിൽനിന്നുളവാകുന്ന തീവ്രതയോടൊപ്പം, സഹതാപ ജന്യമായ ആർദ്രതയും ആ വിമർശനങ്ങൾക്കുണ്ട്. നശിപ്പി ക്കുകല്ല, നന്നാക്കുകയാണ് അതിൻെറ ലക്ഷ്യം. സ്വന്തം സമൂഹമായ ക്രൈസ്തവസമുദായത്തിൻെറ നേർക്കാണ് പ്രാ യേണ അദ്ദേഹം വിരൽ ചൂണ്ടുക. അവിടെ പല രംഗങ്ങ ളിലും പ്രത്യക്ഷപ്പെടുന്ന മൂല്യച്യുതി ഗ്രന്ഥകാരനെ വേദനി പ്പിക്കുന്നു. മൂല്യപോഷണം നടത്തേണ്ട ക്രൈസ്തവ വിദ്യാ ലയങ്ങൾ, റാങ്കുകൾ തല്ലിക്കൂട്ടുന്ന വർക്കുഷോപ്പുകൾ മാത്ര

www.malankaralibrary.com



മായി അധഃപതിക്കുന്നു. സാമ്പത്തികമേഖലയിലും മററും മികച്ചു നില്ക്കുന്ന ക്രിസ്ത്യൻസമൂഹം സാഹിത്യം, മുദ്രണാലയം തുടങ്ങിയ മാർമ്മിക മേഖലകളിൽ ആലസ്യം കാട്ടുന്നു. പൊങ്ങച്ചവും പ്രകടനപരതയും ഏറ്റവും അരങ്ങു തകൎക്കുന്നു. സ്ത്രീധനവാദം, ആഭരണഭ്രമം, മദ്യാസക്തി മുതലായവയിലൊക്കെ പലപ്പോഴും ഇതരസമുദായങ്ങളുടെ മുൻപന്തിയിലാണു നാം. ചിന്താശീലരായ സമുദായസ്നേഹികളെ നൊമ്പരപ്പെടുത്തുന്ന യാഥാൎത്ഥ്യങ്ങളാണിവ. ഇത്തരം യാഥാർത്ഥ്യങ്ങൾക്കു നേരെ ഫാ.കിളിച്ചിമല തൂവലുയർത്തുമ്പോൾ, ആ പ്രവാചകശബ്ദത്തിനു മുമ്പിൽ നാം നമ്രശിരസ്കരാകുന്നു.

ഫാ. കിളിച്ചിമല തന്റെ കുട്ടിക്കാല കാവ്യകേളിയെക്കുറിച്ചു പരാമർശിക്കുന്ന ലേഖനം, സമാനാനുഭവങ്ങൾ ഉള്ളതിന്റെ പേരിലാവാം, ഇതെഴുതുന്നയാൾക്കു രസകരമായി ത്തോന്നി. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ഒന്നുരണ്ടു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിക്കാനും പുത്തൻകാവ് മാത്തൻ തരകനെപ്പോലുള്ള പ്രഗത്ഭരുടെ പ്രോത്സാഹനത്തിനർഹനാകാനും അദ്ദേഹത്തിനു കഴിഞ്ഞു. ആ രംഗത്തു തുടർന്നു പരിശ്രമിച്ചിരുന്നെങ്കിൽ ഗണനീയനായൊരു കവിയാകാൻ പോന്ന വാസനാബലം ഫാ. വർഗീസിനുണ്ടായിരുന്നുവെന്ന് ആദ്യകാലരചനകൾ വെളിപ്പെടുത്തുന്നുണ്ട്. പക്ഷേ എന്തു കൊണ്ടോ പിന്നീടദ്ദേഹം കവിത വിട്ട് ഗദ്യത്തിലേക്കാണു തിരിഞ്ഞത്. രണ്ടു കാര്യങ്ങൾ കൊണ്ട് അതു നന്നായെന്നു എനിക്കു തോന്നുന്നു. ഒന്നാമതായി കവിതയെ ആദരിക്കാനും അംഗീകരിക്കാനുമുള്ള ഒരു ഹൃദയം അദ്ദേഹവും ഞാനുമൊക്കെ ഉൾപ്പെടുന്ന കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന് അന്നും ഇന്നും ലഭിച്ചിട്ടില്ല. അതിനാൽ ഫാ. കിളിച്ചിമല കവിതാരംഗത്തു തുടർന്നിരുന്നെങ്കിൽ അതു് വെറുതെ 'കാട്ടിൽ കൂട്ടു വിളിപ്പ'തിനുള്ള ഒരു പാഴ്ശ്രമമായിപ്പോയെനെ. മാത്രമല്ല, കവിത വിട്ടു ഗദ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചതുകൊണ്ട് ചടുലവും ദീപ്തവും ഊർജ്ജസ്വലവുമായ ഒരു ഗദ്യശൈലി സ്വായത്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിഹഗവീക്ഷണത്തിലൂടെ ഒരാവൃത്തി കടന്നു പോകുന്ന ആർക്കും അതിൽ ഉടനീളം നിഴലിച്ചു നിൽക്കുന്ന തെളിവുററ ഗദ്യശൈലി ശ്രദ്ധയിൽപ്പെടാതെ പോവില്ല.

ഈ സമാഹാരത്തിലെ ജൂബിലി എന്ന ലേഖനം സവിശേഷമായ ഒരു പരാമർശം അർഹിക്കുന്നുണ്ട് എന്നു

www.malankaralibrary.com



തോന്നി. ''ജൂബിലി'' എന്ന പഴയ വിഷയത്തെ പുതിയ ചില കാഴ്ചപ്പാടുകളിലൂടെ അവതരിപ്പിക്കാൻ അതിൽ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ട്. ലേവ്യരുടെ പുസ്തകം 25:8–17 ന്റെ അടിസ്ഥാനത്തിൽ ജൂബിലിക്കു സാബത്തുമായുള്ള ബന്ധം വിശദീകരിക്കുമ്പോൾ വിശ്രമത്തിന്റെ യഥാർത്ഥമായ അർത്ഥമെന്താണെന്ന് ഫുറംട്ടൻ ഷീനിന്റെ പ്രമാണികചിന്തകളുമായി അദ്ദേഹം വിശദമാക്കുന്നു. കൃഷി ഭൂമിയ്ക്കും സാബത്തുവിശ്രമം വേണമെന്ന നിർദ്ദേശം, ഇന്നത്തെ പരിസ്ഥിതിവാദികളുടെചില ആശയങ്ങളോടൊത്തു പോകുന്നതാണ്. പ്രകൃതി വസ്തുക്കളുടെ വിനിയോഗത്തിലുള്ള നിരങ്കുശമായ ധൂർത്ത് മനുഷ്യനും ഭൂമിയ്ക്കും ഒപ്പം വിനയേ വരുത്തിവയ്ക്കൂ. സമൃദ്ധിയുടെ മദ്ധ്യത്തിൽ പോലും എത്ര കുറച്ചു ഉൾക്കൊള്ളാമോ അത്രമാത്രം സ്വീകരിക്കുന്നതാണ് അപരിഗ്രഹം. അപരിഗ്രഹം ഭാരതീയമായ ഒരാശയമാണ്. ക്രൈസ്തവമായ മിതത്വം എന്നു പറയുമ്പോഴും ഇതൊക്കെത്തന്നെയാണ് വിവക്ഷ. വ്യക്തികളും രാഷ്ട്രങ്ങളും ഈ അപരിഗ്രഹവും മിതത്വവും സ്വീകരിക്കുകയെന്നതാണ് ആധുനിക ലോകത്തെ ഭീഷണിപ്പെടുത്തുന്ന പല വിപത്തുകൾക്കും പരിഹാരമെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ബൈബിളിലെ ജൂബിലിയാചരണത്തിന്റെ പശ്ചാത്തലത്തിൽ, ആനുകാലിക പ്രധാന്യമുള്ള ചില ആധുനിക വിഷയങ്ങൾകൂടി അവതരിപ്പിക്കുന്നതു ശ്രദ്ധാർഹമായിട്ടുണ്ട്.

'വിഹഗവീക്ഷണ'ത്തിനു പക്ഷിയുടെ നോട്ടമെന്നാണല്ലോ വാച്യാർത്ഥം. പക്ഷിനോക്കുന്നതു് വിഹത്തിൽനിന്നായതുകൊണ്ട് ഭൂമിയിൽനിന്നു നോക്കിയാൽ കാണാനാവാത്തതു പലതും ആ നോട്ടത്തിൽപ്പെടും. പ്രായം, പക്വത, ജീവിതാനുഭവങ്ങൾ, ആർജ്ജിത വിജ്ഞാനം എന്നിവയുടെയെല്ലാം ഫലമായി കൈവന്ന ഉയർച്ചയിൽനിന്നുകൊണ്ടാണ് ഈ ഗ്രന്ഥകാരൻ വസ്തുതകളെ വീക്ഷിക്കുന്നതു. ശരാശരി നിലവാരക്കാരന്റെ ശരാശരി വീക്ഷണത്തിൽപ്പെടാത്ത പല ഉൾക്കാഴ്ചകളും ഈ വിഹഗവീക്ഷണം അവനു നേടിക്കൊടുക്കാൻ പ്രയോജനപ്പെടുമെന്നു നിശ്ചയം. ഫാ. കിളിച്ചിമലയുടെ ഈ 'വിഹഗവീഷണം' സഹൃദയകേരളത്തിന് മുമ്പിൽ ഞാൻ സന്തോഷപൂർവ്വം അവതരിപ്പിച്ചു കൊള്ളുന്നു.

ചങ്ങനാശ്ശേരി
24–3–'96

**പ്രൊഫ. ജോസഫ് അഞ്ചനാട്ട്**

www.malankaralibrary.com

# 1

# "വ്യാധന്റെ വലയിലേക്കോടുന്ന മൃഗം" *

''കരണ്ടാനഹിമഞ്ജൂഷ—
യിരമോഹിച്ചു മൂഷികൻ
ഭക്ഷിച്ചാനെലിയെത്തന്നെ
തൽക്ഷണാലഹിയും പുന:''

പാമ്പുകിടന്ന കൂട എലി കരണ്ടു. തീററി കൊതിച്ചാണതു ചെയ്തതു്. കൂടയിൽനിന്നു പുറത്തുചാടിയ പാമ്പു വാപിളർന്നു എലിയുടെ നേരെ തിരിഞ്ഞു. സാധുജീവി വിഷപ്പാമ്പിനിരയായി. സ്വയംകൃതാനർത്ഥം!

തന്നെത്താൻ വരുത്തുന്ന വിന കുറച്ചല്ല, ആദിമാതാവിനും പിണഞ്ഞതു് ഈ അനർത്ഥംതന്നെ. വിലക്കപ്പെട്ട കനി പറിച്ചുതിന്ന ഹൗവാത്തള്ളയുടെ മൂന്നു മാനസികഭാവങ്ങളെ ''വേദവിഹാരം'' മഹാകാവ്യത്തിൽ കാണിക്കുന്നുണ്ടു്. അമിതമോഹമാണ് ഒന്നാമത്തേതു്.

---

* 1979 മുതൽ 1992 വരെ ''പ്രേഷിതകേരള''ത്തിന്റെ പത്രാധിപത്യം ഈ ലേഖകൻ വഹിച്ചിരുന്നു. യുവജനപ്രസ്ഥാനത്തെക്കുറിച്ചായിരുന്നു അതിന്റെ ഒരു ലക്കം. ന്യായമായും ഡിഫി (DYFI) അതിൽ വരണമല്ലോ. ഒരുകോടിയിൽപരം വരുന്ന കേരളയുവാക്കളിൽ 24 ലക്ഷത്തെയും ഉൾക്കൊള്ളുന്നു എന്ന അവകാശവാദം ''ഡമോക്രാററിക്ക് യൂത്ത് ഫെഡറേഷൻ ഓഫ് ഇന്ത്യ'' എന്ന ആ സംഘടനയ്ക്കുണ്ടു്. ''ഡിഫി (DYFI) ക്കെണിയുടെ കൊലക്കയററിൽ ഇനി വലിയണമോ?'' എന്ന പേരിൽ സേവ്യർ വട്ടായിൽ മണ്ണാർക്കാട്ടു എഴുതിയ ലേഖനവും മതവിരുദ്ധനീക്കങ്ങൾക്കെതിരേ മെത്രാന്മാരുടെ ഉദ്ബോധനവും അതിലുണ്ടായിരുന്നു. ആ ലക്കത്തിന്റെ മുഖക്കുറിപ്പാണ് ''വ്യാധന്റെ വലയിലേക്കോടുന്നമൃഗം''. 1989 ആഗസ്റ്റ്.

www.malankaralibrary.com



''നിഷ്പ്രയാസേന ദൈവ–
നിലയിലെത്താമെന്നു–
ള്ളത്ഭുതവാർത്ത കാതിൽ
തട്ടവേ ജഗന്മാതാ
സ്വർഗ്ഗത്തിൻവാതിൽ കണ്ട
മട്ടിലങ്ങാനന്ദിച്ചാരം
ഭർഗ്ഗനാം സർപ്പത്തിന്നു
സ്വാഗതം ചൊല്ലീടിനാരം''

മനസ്സാക്ഷി ഉയർത്തിയ തടസ്സങ്ങളെ ചവിട്ടിമെതിക്കയാണ്, രണ്ടാം ഘട്ടം.

''ഇരുമ്പുചങ്ങലയ്ക്കും
ബന്ധിപ്പാൻ വയ്യാമട്ടിൽ
വരമ്പുകടന്നവ–
ളാശയാൽ പ്രേരിതയായ്
രോധത്തെപ്പുറങ്കാലാൽ
തട്ടിയങ്ങെറിഞ്ഞിട്ടു
വ്യാധന്റെ വലയിലേ–
ക്കോടുന്ന മൃഗംപോലെ''

വിലക്കപ്പെട്ട കനി പറിച്ചു ഭക്ഷിക്കലാണ് മൂന്നാമത്തെ അവസ്ഥ.

''ദൃഷ്ടിരമ്യവും ഭക്ഷ–
ണാർഹവു മതുപോലെ
ബുദ്ധിനല്കുവാൻ ശക്തി–
യുള്ളതുമെന്നുകണ്ട്
നിഷിദ്ധവൃക്ഷത്തിന്റെ
വിഷോല്പാദകഫലം
മുഴുത്തമോഹംമൂലം
പറിച്ചുതിന്നീടിനാരം''

ആധുനികതലമുറ വിലക്കപ്പെട്ട പാതയിലേക്കു വഴുതുന്നതിന്റെ പിന്നിലും ഇത്തരം മൂന്നു ഘട്ടങ്ങരം കാണാവുന്നതാണ്. DYFI കെണിയിൽ യുവാവു വീഴുന്നതുതന്നെ ഉദാഹരണം. മോഹനസുന്ദരവാഗ്ദാനങ്ങളിൽ അവനുണ്ടാകുന്ന

www.malankaralibrary.com



അമിതഭ്രമമാണ് ഒന്നാംഅവസ്ഥ. തൊഴിൽരാഹിത്യം ഉടനെ മാററാം; 10 ലക്ഷം പേക്ക് ഒരു കൊല്ലംതന്നെ പണി കിട്ടും; ശമ്പളം അനേകമടങ്ങു വർദ്ധമാനമാകും; യൂണിവേഴ്സിററിക്കാരനു യു.ജി.സി. സ്കെയിൽ; തേനും പാലും ഒഴുകുന്ന സ്ഥിതി തന്നെ—ആരാണ് ഈ വാഗ്ദാനങ്ങളിൽ ഭ്രമിക്കാതിരിക്കുക?.

മനസ്സാക്ഷി ഉയർത്തുന്ന എതിർപ്പുകളെ ചവിട്ടിമെതിക്കയെന്നതത്രേ അടുത്ത പടി. ഗുരുക്തികളെ നിഷേധിക്കും; പള്ളിയേയും പട്ടക്കാരനേയും പിന്തള്ളും;പാരമ്പര്യവഴക്കങ്ങളെ തൊഴിച്ചെറിയും; സത്യധർമ്മാദികളെ പഴഞ്ചനെന്നു പുച്ഛരിക്കും; രാഷ്ട്രപിതാവിനെപ്പോലും അവഹേളിക്കും. യേശുവിൻെറ ഉപദേശങ്ങളെ ദുഷിക്കും. എല്ലാം പുരോഗതിയുടെ പേരിൽ തന്നെ. സകലത്തും ഉപേക്ഷിച്ചുകൊണ്ടുള്ള നെട്ടോട്ടം, വഞ്ചനയുടെ കെണിയിലേക്ക്.

കലിയുയത്തുന്ന ആവേശത്തോടെ കുരുക്കിലേക്കു എടുത്തുചാടുകയെന്നതത്രേ അന്ത്യഘട്ടം. ചതിയിൽ പതിച്ച ആദിമാതാവിനു വേദനയുണ്ടായി.

''ഭവിഷ്യൽ ഫലങ്ങളെ—
യുദ്ദീപിപ്പിച്ചപോലെ
യവരംകൾ തോന്നി, മാററ—
മുണ്ടായിപ്രകൃതിക്കും''

എന്നാൽ ആധുനികതയുടെ വിലക്കപ്പെട്ട പാതയിൽ പതിക്കുന്നവർക്ക് ഈ വേദനയില്ല. അപകടത്തിൻെറ കൊളുത്തു മുറുകുന്തോറും അവർക്ക് ആവേശം വർദ്ധിക്കുകയാണ്. കുരുക്കിൽപ്പെട്ടിരിക്കുന്നുവെന്ന ബോധം അവർക്കുണ്ടാകുകയില്ല. ഉദ്ബോധനം അവിടെ വിലപ്പോകുകയില്ല.

''വിഷമല്ല കാളകൂടം, വിഷമായതു ലക്ഷ്മി,
തെററുജനബോധം, ഹരനതു സേവിച്ചുസുഖം,
ഹരിയവളെത്തൊട്ടപോതുമൂർച്ഛരിച്ചു''.

എന്ന വിധത്തിലത്രേ പിടിവാശിയുള്ള അവരുടെ വാദരീതി. ഇത്തരക്കാരെ എങ്ങനെ നേരെയാക്കും? ഇനിയും കുഴിയിൽ കുടുങ്ങിയിട്ടില്ലാത്തവർ ജാഗ്രത പാലിക്കണമെന്നുമാത്രമാണു പ്രാർത്ഥന.

www.malankaralibrary.com

# 2

# "ദ് ഹൗണ്ടു ഓഫ് ഹെവ്"നും "കളിയച്ഛ"നും *

കിഴക്കും പടിഞ്ഞാറും സന്ധിക്കില്ലെന്നത്രേ പ്രസിദ്ധി. എന്നാൽ, രണ്ടിടത്തേയും ഉൽകൃഷ്ടസാഹിത്യകൃതികൾ പരസ്പരം തോളുരുമ്മുന്ന ദൃശ്യം ആരെയും ആശ്ചര്യം കൊള്ളിക്കും. "ദ് ഹൗണ്ടു ഓഫ് ഹെവൻ". "കളിയച്ഛൻ" എന്നീ കാവ്യങ്ങളുടെ ആന്തരികസാദൃശ്യം ഈ വസ്തുത വെളിപ്പെടുത്തുന്നതാണ്. ആംഗലകവി ഫ്രാൻസിസ് തോംപ്സന്റെയും മലയാളകവി പി. കുഞ്ഞുരാമൻനായരുടെയും മാസ്റ്റർ പീസുകളാണിക്കവിതകൾ.

1859 മുതൽ 1907 വരെ 48 വർഷമാണ് തോംപ്സന്റെ ജീവിതം. ലങ്കാഷയറിൽ ജനിച്ച അദ്ദേഹം 28—ാം വയസ്സുമുതൽ ലണ്ടനിലാണ് കഴിഞ്ഞത്. അലഞ്ഞുതിരിഞ്ഞ കാലം! വൈയവസായികവളർച്ചയുടെ യാന്ത്രികവേളയായിരുന്നു അത്. ആധ്യാത്മികതയുടെ ആ പാട്ടുകാരന് പറയത്തക്ക പ്രോത്സാഹനമൊന്നും കിട്ടിയില്ല; വിദ്വൽ സദസ്സുകളോ അക്കാഡമികളോ ആ അജ്ഞാതജീവിതക്കാരനെ പിന്തുണച്ചില്ല. വിൽഫ്രിഡ് മെയ്നൽ എന്ന പത്രാധിപരുടെ സഹായഹസ്തമാണ് തെല്ലെങ്കിലും പ്രചോദനം നല്കിയത്. 1893-ൽ "ദ് ഹൗണ്ട ഓഫ് ഹെവൻ" പ്രകാശിതമായി.

---

*എം. എ.യ്ക്കു വായിക്കുമ്പോഴാണ് "കളിയച്ഛൻ" എന്ന കാവ്യം വശമാക്കിയത്. ബി. എ. വിദ്യാർത്ഥികളെ ആ പാഠ്യകൃതി പഠിപ്പിച്ചിട്ടുമുണ്ട്. അതിനു വളരെ മുമ്പുതന്നെ "ഹൗണ്ടു ഓഫ് ഹെവൻ' എന്ന ആംഗല കാവ്യം പരിചയിച്ചിരുന്നു. ഫ്രാൻസിസ് തോംസന്റെയും പി. കുഞ്ഞുരാമൻ നായരുടെയും ഈ ഉൽകൃഷ്ടകൃതികളെ ഒന്നു തട്ടിച്ചുനോക്കണമെന്നു തോന്നി. അതിന്റെ ഫലമാണീ ലേഖനം. ആലുവാ സെമിനാരിയിലെ CARITAS എന്ന വാർഷിക പ്രസിദ്ധീകരണത്തിൽ 1988—ൽ ഇതു ചേർത്തിട്ടുണ്ട്.

www.malankaralibrary.com



കവിയുടെ മരണത്തിനുശേഷമേ അതിൻെറ മാഹാത്മ്യം സഹൃദയലോകം മനസ്സിലാക്കിയുള്ളൂ. ഷേക്സ്പിയറുടെ ഗീതകങ്ങളോട് (Sonnets) കിടനിൽക്കുന്നതെന്ന സമ്മതിയാണ് ഇന്നതിനു ലഭിച്ചിട്ടുള്ളത്.

തോംപ്സൺ മരിച്ച വർഷമാണ് കുഞ്ഞിരാമൻനായരുടെ ജനനം. പട്ടാമ്പിയും പരിസരവും അദ്ദേഹത്തിൽ കവിത്വം ഉണർത്തി. സംസ്കൃതഭാഷാഭ്യസനമേ സിദ്ധിച്ചിട്ടുള്ളൂ. അധ്യാപനവും പുസ്തകപ്രസാധനവുംകൊണ്ടു കാലയാപനം ചെയ്തു. കുടുംബത്തുനിന്നു വേർപെട്ടുനിൽക്കുന്നേതിനുള്ള ദൗർഭാഗ്യം കുറെക്കാലത്തേക്കുണ്ടായി. 1954–ലാണ് കളിയച്ഛൻ ജന്മംകൊണ്ടത്. ''ദ് ഹൗണ്ടു ഓഫ് ഹെവൻ''വെളിച്ചംകണ്ടിട്ട് അപ്പോഠം 61 വർഷം തികഞ്ഞിരുന്നു. വ്യവസായനാഗരികതയുടെ പിടിയിലമർന്ന യൂറോപ്പിൻെറ ആത്മാവാണ് തോംപ്സൺെറ കൃതിയിൽ പ്രതിഫലിതമായിരിക്കുന്നത്. ആ ദുസ്ഥിതി കേരളത്തിൽ പടരുവാൻ അരനൂററാണ്ടോളം പിടിച്ചു.

## പിന്തുടർന്നീടുന്ന സ്നേഹം

ആധുനിക മനുഷ്യനാണ് തോംപ്സൺെറ വിഷയം. ദൈവസാന്നിദ്ധ്യം അവൻ ഇഷ്ടപ്പെടുന്നില്ല; ഓടിഒളിക്കുവാൻ തത്രപ്പെടുന്നു. ആ പേടിച്ചോട്ടക്കാരനെ താന്തോന്നിത്തത്തിനു വിടാൻ ദൈവസ്നേഹം ഒരുക്കമല്ല; പിന്തുടരുന്നു. കീഴ്പ്പെടുത്തിയേഅടങ്ങുവെന്ന വാശിയോടെയാണ് അനുധാവനം. സ്നേഹപരിരംഭണത്തിൻ അമർത്തുകയത്രേ കീഴ്പ്പെടുത്തൽ. ''ദ് ഹൗണ്ടു ഓഫ് ഹെവൻ'' എന്ന ശീർഷകം ഇതെല്ലാം ധ്വനിപ്പിക്കുന്നു. ''നാകത്തെനായ്'', ''ഭീകരസുഹൃത്ത്'' ''സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി'' എന്നെല്ലാം ഇതിനു നൽകുന്ന തർജ്ജമകഠം ശിരോഭാരംതാങ്ങാൻ ശേഷിയില്ലാത്ത ഒട്ടിയ ഉടലുകഠം മാത്രമാണ്.

അഞ്ചുഭാഗങ്ങഠം ഈ കാവ്യത്തിനുണ്ട്.

## 1. ഓടിയകലുന്ന മനുഷ്യൻ

ദൈവസാന്നിധ്യത്തിൻെറ പ്രകാശവലയം ഭോഗേച്ഛുാസംതൃപ്തനെ പേടിപ്പെടുത്തുന്നു. ആധുനികമനുഷ്യൻ ആ ഭയ

www.malankaralibrary.com



പ്പാടിലാണ്. ദൈവത്തിൻെറ കൺവെട്ടത്തുനിന്നു ഓടിയൊളിക്കുന്നതിനാണവൻെറ ശ്രമം. ഭീരുതപൂണ്ട ആത്മാവ് ഓടി; രാപ്പകൽ ഓടി; അധോഗതിയായിരുന്നു പരിണതി; സംവത്സരങ്ങളാകുന്ന കവാടങ്ങളെ പിന്നിട്ടോടി; മനസ്സു കാട്ടികൊടുക്കുന്ന വക്രങ്ങളായ ഊടുവഴികളിലൂടെ ചുററിക്കറങ്ങിയോടി; വിശ്രമമോ സങ്കേതമോ എങ്ങും കിട്ടിയില്ല; അസംതൃപ്തി, നൈരാശ്യം, ദുരന്തദുരിതം തുടങ്ങിയ ഭീകരഗർത്തങ്ങളിൽ കീഴ്മേൽ മറിഞ്ഞുവീഴുകയും ഉരുണ്ടുപിരണ്ടു കഷ്ടപ്പെടുകയും ചെയ്തു. പിന്തുടരുന്ന ദൈവത്തിൻെറ കാൽപ്പെരുമാററവും ശബ്ദവും അവൻ കേൾക്കുന്നുണ്ട്. നിശ്ചിത ലക്ഷ്യത്തോടും നിർദ്ദിഷ്ട നീക്കത്തോടും അക്ഷീണവേഗത്തോടും അക്ഷോഭ്യഭാവത്തോടുംകൂടിയ പിന്തുടരലാണത്. ആ സ്വരം അവൻ ശ്രവിച്ചു:

''എന്നെ നീ വിട്ടകന്നീടുന്നുവല്ലയോ?
നിന്നെയും വിട്ടകന്നീടും സമസ്തവും'' *

## 2. ആത്മാവിൻെറ ധർമ്മസങ്കടം

ദൈവത്തിൻെറ ആകർഷണം ഒരു വശത്ത്; അതു സ്വീകരിച്ചാൽ സൃഷ്ടികളുടെ അനുഭവസുഖം നഷ്ടമാകുമെന്ന ഭീതി മറുവശത്ത്—ഈ വിഷമസ്ഥിതി ആത്മാവിനെ ബുദ്ധിമുട്ടിക്കുന്നു.

''പിന്തുടർന്നീടുന്ന സ്നേഹമേ, നിന്നെഞാ—
നന്തരംഗത്തേക്കു സ്വാഗതം ചെയ്യുകിൽ
സ്വന്തമാം സർവവും സന്ത്യജിക്കേണ്ടയോ?
ഹന്ത! നിനയ്ക്കുവാൻപോലുമാളല്ല ഞാൻ''

ഈ പ്രതിസന്ധി തരണംചെയ്യാനാവാതെ ആത്മാവു കുഴങ്ങുന്നു. ദൈവസ്നേഹത്തെയും സ്വാർത്ഥസ്നേഹത്തെയും ഒന്നുപോലെ പൂജിച്ചാലോ? ഹൃദയത്തിൻെറ ഒരോ അറ ഓരോന്നിനും നല്കിയാലോ? ഒരു അറകൊണ്ടു മാത്രം ദൈവസ്നേഹം തൃപ്തമാകയില്ല. പൂർണ്ണഹൃദയംതന്നെ വേണമെന്ന കടുംപിടിത്തം അതിനുണ്ട്. പേടിച്ചൊളിക്കാമെന്നു കരുതിയാൽ തീരെ വിജയപ്രതീക്ഷയില്ല. ആത്മാവ് പറഞ്ഞുപോകുന്നു:

---

* ഫാ. ഹെർമൻ ഒ. സി. ഡി. യുടെ ''നാകത്തെനായ്'' എന്ന വിവർത്തനത്തിൽനിന്നാണ് ഉദ്ധരിച്ചിട്ടുള്ളത്.

www.malankaralibrary.com



''തേടിപ്പിടിക്കുവാൻ
സ്നേഹത്തിനുള്ളപോൽ
പേടിക്കു ശക്തിയില്ലോടിയൊളിക്കുവാൻ''

അപഥസഞ്ചാരം തുടരുന്ന ആത്മാവിനു ദൈവസ്നേഹത്തിന്റെ താക്കീതു വീണ്ടും ലഭിക്കുന്നു:

''എന്നെ നീ സ്വാഗതംചെയ്യുകില്ലല്ലയോ?
നിന്നെയും സ്വാഗതം ചെയ്യുകില്ലാരുമേ''

## 3. ആത്മാവിന്റെ പരിക്ഷീണത

നിരാശതനിറഞ്ഞ ആത്മാവു വിലപിക്കുന്നു:

''ആരുമാശ്രയമേകയില്ലെങ്കിൽ ഞാ-
നാശ്രയിക്കുന്നുമില്ലിനിയാരെയും;
ആക്കുമെന്നിലില്ലാദരമെങ്കിലോ
നേക്കുനോക്കുന്നുമില്ലിനിയാരെയും
സ്നേഹിതന്നോടും സ്നേഹിതയോടും മേൽ
മോഹവുമില്ല സഖ്യംപുലത്തുവാൻ''

പ്രപഞ്ചവസ്തുക്കൾ സംതൃപ്തിനല്കുമെന്നത്രേ പ്രത്യാശിച്ചുപോയതു്. തികഞ്ഞമോഹഭംഗമായിരുന്നു ഫലം. ദൈവസ്വരം വീണ്ടും ശ്രവിക്കപ്പെട്ടു:

''സംതൃപ്തിനീയെനിക്കേകുകില്ലല്ലയോ?
സംതൃപ്തിനീയുമേ നേടുകില്ലൊന്നിലും''

## 4. കീഴടങ്ങൽ

ആത്മാവു പശ്ചാത്തപിക്കുന്നു; ദൈവത്തിനു നിരുപാധികം കീഴടങ്ങുന്നു.

''ജീവിതോഷസിൻ വിശാലതൈലംവൃഥാ
തൂവിഞാൻ കഷ്ടമേ, മണ്ണിൽ
ദുഷ്ടനാമെന്നുടെ ഹൃത്തടമിന്നൊരു
പൊട്ടക്കിണറിനുതുല്യം!
രക്ഷാകരങ്ങളാം ചിന്തകളുള്ളിന്റെ
പക്ഷങ്ങളിൽനിന്നു കണ്ണീർ-
തുള്ളിയായ് തുള്ളിയായ് വീഴ്ത്തുന്നതി-
ക്കുണ്ടിനുള്ളിൽ വീഴുന്നുഴറുന്നു''

www.malankaralibrary.com



ഒരു കാഹളനാദം ആ പശ്ചാത്താപനിർഭരനെ ഉണർത്തി.

''ബന്ധിതൻ, മുറമുടിചൂടുവോൻ, ശോണിതപങ്കിലാങ്കിധരൻ, നിന്ദ്യൻ'' ആയ രൂപത്തിൽനിന്നാണ് ആ സന്ദേശം.

''മാനവ ജീവിതം—മാനവഹൃത്തട—
മായിടും നൽവിളഭൂമി
ഏകുവാൻ നൽവിളവേകുനീനൽവളം,
—ചാക നീ, ചാണകമാകൂ!''

## 5. സൗഭാഗ്യരഹസ്യം

ദൈവം ആത്മാവിനു നല്കുന്ന ഉദ്ബോധനമാണു അവസാനഭാഗം.

''അരുമ വത്സല! വഞ്ചിത! ദുർബല!
അറിക, ഞാൻ തന്നെ നീ—
തിരഞ്ഞീടുവോൻ
അകലെയെന്നെയകററി നീ; കാൺക! നി—
ന്നകതലംസ്നേഹശൂന്യം! അയ്യോ! ശൂന്യം!!''

***ഗുരുത്വക്കേടിന്റെ ദുരന്തം***

ഒന്നാം കിടക്കാരനാകാൻ കൊതിച്ച ഒരു ആട്ടക്കാരന്റെ ചിത്രമാണ് കളിയച്ഛനിലുള്ളത്. അഞ്ചുഭാഗങ്ങളായി ഇക്കൃതി വിഭജിക്കാം.

## 1. അരങ്ങേററത്തിന്റെ മധുരസ്മൃതി

ആദ്യത്തെ അരങ്ങേററം ഒന്നാംതരമായി. ആശാന്റെ തൃക്കരപ്പൊന്മുടിചൂടിയാണ് അന്നു കളിയരങ്ങേറിയത്.

''ദേശികവര്യൻ തിരുമിഴിക്കോണിനാൽ
ദേഹമുഴിഞ്ഞ സുരഭിലാവസരം'' ആയിരുന്നു അതു്. തുടർന്നു നടത്തിയ അരങ്ങേററങ്ങളും വിജയത്തോടുവിജയം തന്നെ. ഇന്നു് അതെല്ലാം അയവിറക്കുന്നതിനേസാധിക്കൂ!

## 2. നിരാശയിലാഴൽ

പ്രോത്സാഹനം കിട്ടി, ആഹ്വാനം നാലുഭാഗത്തു

www.malankaralibrary.com



നിന്നുമുണ്ടായി. എങ്കിലും, കളിക്കാരന് ഉത്സാഹമില്ല. അയാരം നിരാശയിലായി, വേഷങ്ങളോട് കയ്പായി.

''ഒക്കില്ലൊരിക്കലും മേലിലെനിക്കിനി
ഇക്കളിവട്ടത്തിലൊത്തുകളിക്കുവാൻ''എന്ന അവസ്ഥയായി. സഭാകമ്പമായി; വിയർക്കലും വിറയ്ക്കലുമായി. നല്ലവണ്ണം അരങ്ങേറിയകാലം മധുരസ്മരണകരംമാത്രമായി.

## 3 അധഃപതനഹേതു

ഒന്നാംകിടക്കാരന്റെ വിനയം നശിച്ചു; അവനിൽ അഹങ്കാരം മുളച്ചു; തന്മൂലം വീഴ്ചയിൽ പതിച്ചു. ആശാനിൽ അയാരം പക്ഷപാതമാരോപിച്ചു. ആദ്യവസാനത്തിനു തന്നെ ക്ഷണിച്ചില്ലെന്നതാണു കാരണം. ഗുരുവിന്റെ മുഖത്തു നോക്കി തെറിപറയാൻ അയാരം മടിച്ചില്ല. ഗുരുത്വക്കേടു അയാളിൽ വളർന്നു. ''ദുർമ്മുഖം കാണേണ്ടെനിക്കെ''ന്നു ഗുരു മൊഴിഞ്ഞു. ഗുരുശാപകാമിലബാധ ആ ഗർവ്വിഷ്ഠനെ അലട്ടി. അവന്റെ ആത്മവത്ത നശിച്ചു.

''തോററു തുലഞ്ഞു ഹാ! വയ്യെനിക്കിപ്പട്ട—
ക്കുററൻ കഥകളിപ്പെട്ടികളേററുവാൻ''

എന്നുവരെയെത്തി അവന്റെ ആത്മനിന്ദനം.

## 4. താളപ്പിഴകളും പ്രതിഷേധവും

ഗുരുത്വക്കേടുകാരന്റെ മുദ്രകരം തെററി; താളം പിഴച്ചു; ചൊട്ടി അടർന്നു; കിരീടം ചെരിഞ്ഞു; പ്രതിഷേധം സദസിന്റെ എല്ലാഭാഗത്തുനിന്നുമുയർന്നു.

''കെട്ടേണ്ടവേഷം മുഖശ്രീതൊടാത്തവൻ''
''കെട്ടേണ്ട വേഷമിച്ചൊട്ടിയടരുവോൻ''
''കെട്ടേണ്ടവേഷം ഗുരുശാപമേററവൻ''

## 5. വിജയമാർഗ്ഗം തെളിയൽ

നടന്റെ ചിത്തതമോഗർവ്വദുർഗ്ഗം തകർന്നു. അരങ്ങത്തുവേണ്ടവിധം ചൊല്ലിയാടിയില്ലെന്ന അനുതാപം അവനുണ്ടായി. മനസ്താപത്തിന്റെ മുത്തുമണികരം അവനിൽനിന്നു അടർന്നുവീണു. ഒരു ദിവ്യസ്വരം അവൻ ശ്രവിച്ചു: ''ഉന്മത്തഗൗരവംകളയൂ; സർവ്വാപരാധം പൊറുക്കണമെന്നു കളിയച്ഛനു മുന്നിൽ സാഷ്ടാംഗം വീഴ്!—നീ വിജയിക്കും.''

www.malankaralibrary.com



കെട്ടുന്ന വേഷത്തിനേതിന്നുമൊന്നാണു
ലക്ഷ്യം—ഗുരുവരാനുഗ്രഹപ്രീണനം''

ഈ സന്ദേശം ആ ദുർഭഗനെ ശപഗ്രസ്തതയിൽനിന്നു വിടർത്തി. വിജയപഥം അയാൾക്കു മുമ്പിൽ തെളിഞ്ഞു.

***ആകൃതിയിലും പ്രകൃതിയിലും വ്യത്യാസം***

പിതൃബന്ധം വിട്ടകലുന്ന ഭാഗ്യഹീനൻെറ കഥയാണ് ബൈബിളിലെ ധൂർത്തപുത്രൻേറത്. ആ അന്യാപദേശത്തിൻെറ സാരാംശം ''ദ് ഹൗണ്ട ഓഫ് ഹെവനി''ലും ''കളിയച്ഛനി''ലും കാണാം. ആധുനിക മനുഷ്യൻെറ ഈശ്വരനിരാസമാണ് രണ്ടിലുമുള്ളത്. ഇരുകവികളുടെയും സാംസ്കാരിക പാരമ്പര്യവും ജീവിതപശ്ചാത്തലവും അവരുടെ കൃതികളിൽ പ്രതിഫലിതമായിട്ടുണ്ട്. അതു മൂലമുള്ള വ്യത്യസ്തത കലാരൂപങ്ങളുടെ ആകൃതിയിലും പ്രകൃതിയിലും പ്രകടമാണ്.

1. അന്വേഷിച്ചു പിഞ്ചെല്ലുന്ന ഈശ്വരനെയത്രേ തോംപ്സൺ ചിത്രീകരിക്കുന്നത്. ബൈബിൾസ്വാധീനം ഇവിടെ വ്യക്തമാണ്. നഷ്ടപ്പെട്ട ആടിനെ പിഞ്ചെല്ലുന്ന അജപാലൻ അവിടെയുണ്ടല്ലോ. ആടിനെ തോളിലേററുന്ന നല്ല ഇടയൻെറ ഹൃദയസ്പർശക ചിത്രം.! തോമസ് അക്കെമ്പീസിൻെറ ശൈലി ഈ കവിക്കു പരിചിതമാണ്. ഭക്താത്മാവുമായി യേശു സംഭാഷണംചെയ്യുന്ന പ്രസ്തുത ശൈലി തോപ്സനെ വശീകരിച്ചിരിക്കണം. അണിയറയിലേക്കു പ്രത്യാഗമിക്കുന്ന നടനാണ് കളിയച്ഛനിലുള്ളത്. ഈശ്വരനിലേക്കു തിരികെച്ചെല്ലുന്ന മനുഷ്യൻെറ പ്രതീകം! ഉപനിഷത്സന്ദേശത്തിൻെറ സ്വാധീനമാണ് ഇവിടെ കുഞ്ഞിരാമൻ നായരെ നയിച്ചിട്ടുള്ളത്. കേരളത്തനിമയുടെ കവി കഥകളിരംഗം പ്രതീകമാക്കിയതു സ്വാഭാവികംതന്നെ.

2. ആധുനികമനുഷ്യൻെറ ദുർഭഗതയാണ് രണ്ടുകവികളും പ്രമേയമാക്കുന്നത്. ദുർഭഗതയ്ക്കു ഇരുവരും കണ്ടെത്തുന്നകാരണം ഒരേവിധത്തിലുള്ളതല്ല. യാന്ത്രികലോകം പ്രദാനം ചെയ്യുന്ന സുഖോപകരണങ്ങൾക്കു മനുഷ്യൻ അടിമപ്പെടുന്നതത്രേ തോംപ്സൺ കണ്ടെത്തുന്നകാരണം. യാന്ത്രികതയോ പ്രപഞ്ചവുമായുള്ള ഇഴുകിയിണങ്ങൽപോലുമോ മനുഷ്യനെ സംതൃപ്തനാക്കുന്നില്ലെന്നകാര്യം കവിവെളിപ്പെടുത്തുന്നു.

www.malankaralibrary.com



''സംതൃപ്തിനീയെനിക്കേകുകില്ലയോ?
സംതൃപ്തിനീയുമേ നേടുകില്ലൊന്നിലും''

എന്ന സ്നേഹതത്വത്തിനു മനുഷ്യൻ തലകുനിക്കേണ്ടി വരുന്നു.

ഗുരുത്വക്കേടുവരുത്തുന്ന വിനയമത്രേ കേരളകവിയുടെ വീക്ഷണത്തിൽ ദുരന്തം വരുത്തുന്നത്. ഗുരുത്വക്കേടിനു ഹേതു അഹന്തയും. ചിത്തതമോഗർവ്വദുർഗ്ഗം നടനെ അവതാളത്തിലാഴ്ത്തി. 'കെട്ടേണ്ടവേഷം ഗുരുശാപമേററവൻ' എന്നു അവനെക്കുറിച്ചു പ്രതിഷേധമുയരുന്നു.

''കാണായ തോൽവിയെന്തെന്നോ
ഗുരുവിൻെറ
കാലുപിടിക്കാതരങ്ങത്തു പോയിനീ
സർവ്വാപരാധം പൊറുക്കേണമെന്നോരു
സാഷ്ടാംഗവീഴ്ച—വിജയിയായ്
പ്പൊങ്ങിനീ''

എന്ന ഗുരുസന്നിധിയിലെ വിനയപ്പെടൽ അയാളെ വിജയത്തിലെത്തിക്കുന്നു.

3. ശില്പസ്വരൂപം വ്യത്യസ്തരൂപത്തിലത്രേ ഇരുകവികളും സംവിധാനംചെയ്തിരിക്കുന്നത്. അവക്രമായ ഒരു സംഭാഷണത്തിൻെറ ഋജുരീതിയാണ് തോംപ്സൺ അവലംബിച്ചിരിക്കുന്നത്.സ്വർഗ്ഗീയസ്നേഹവും ആത്മാവും പരസ്പരം നടത്തുന്നസംഭാഷണം. ''സ്വർഗ്ഗത്തിലെ വേട്ടപ്പട്ടി'' (ഹൗണ്ട ഓഫ് ഹെവൻ) ആയി സ്നേഹത്തെ ചിത്രണംചെയ്തിട്ടുണ്ടെന്നുമാത്രം. ഇത്രമാത്രംഋജുവോ അനാഛാദിതമോ അല്ല കളിയച്ഛൻ.പ്രതീകാത്മക കവിതയാണത്.ശാപഗ്രസ്തനായ ഒരു നടൻെറ കഥ. സർവ്വജ്ഞനെന്നുഭാവിക്കുന്ന ഇന്നത്തെ മനുഷ്യൻെറ പ്രതീകമാണീ നടൻ. അവൻ ഈശ്വരനെ ധിക്കരിക്കുന്നു;ആപത്തിലാഴുന്നു; മോഹഭംഗത്തിൽ വീഴുന്നു; ആത്മഹത്യയ്ക്കു മുതിരുന്നു. ചിത്തചാഞ്ചല്യം അവനെ ഈശ്വരനിലേക്കുതന്നെ നയിക്കുന്നു. അങ്ങനെ അവൻെറഭാവിഭാസുരമാകുന്നു.

ഒരേ പ്രമേയം രണ്ടു വ്യത്യസ്തവഴികളിലൂടെതിരിഞ്ഞു ശക്തിയും ഓജസും ആസ്വാദ്യതയും പ്രസരിപ്പിക്കുന്ന കാഴ്ചയത്രേ ഈ മനോഹര കവിതകൾ നല്കുന്നത്.

www.malankaralibrary.com

# 3

## കുട്ടിക്കാല കാവ്യകേളി *

മലയാംപള്ളിക്കൂടങ്ങളും ഇംഗ്ലീഷ്സ്കൂളുകളും എന്റെ പഠിത്തകാലത്തുണ്ടായിരുന്നു. മലയാളംസ്കൂറ ഒന്നു മുതൽ ഒൻപതുവരെ ക്ലാസ്സുകളും ഇംഗ്ലീഷ്സ്കൂറ പ്രിപ്പറേട്ടറി മുതൽ സിക്സ്തുവരെ ഫോറങ്ങളും. നാട്ടുഭാഷാസ്കൂളിൽ ഏഴിലും ഒൻപതിലും പൊതുപരീക്ഷ, ലോവർ, ഹയർ എന്നപേരുകളിൽ; ആംഗല വിദ്യാലയത്തിൽ ആറാംഫോറം കഴിഞ്ഞു സ്കൂറ ഫൈനൽ എന്ന പൊതുപരീക്ഷ. ലോവർ, ഹയർ, സ്കൂറ ഫൈനൽ എന്നീ സർട്ടിഫിക്കേററുകളിൽ ഏതെങ്കിലും ഉള്ള വർക്കു ജോലിക്കു അർഹതയുണ്ട്.

ഇംഗ്ലീഷു സ്കൂളുകളിൽ നാട്ടുപള്ളിക്കൂടങ്ങളിലേതിനേക്കാറ വലിയ ഫീസായിരുന്നു. ഹയറുപാസായ കുട്ടികറ അന്നു സാധാരണ ഇംഗ്ലീഷ്പഠനത്തിനുപോയിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലം സ്ഥിതിഗതി മാററി. മിലിട്ടറി സേർവീസിലേക്കു ആളെടുപ്പുണ്ടായി; ഇംഗ്ലീഷ് വിദ്യാഭ്യാസക്കാർക്കു മുൻഗണന ലഭിച്ചു. മലയാംപള്ളിക്കൂടം പഠനം പൂർത്തിയാക്കിയവർ ഇംഗ്ലീഷ് സ്കൂളിലേക്കു ചേർന്നുതുടങ്ങി. ഹയർ പാസായിക്കഴിഞ്ഞിരുന്ന ഞാൻ ഇംഗ്ലീഷ് സ്കൂളിൽ ഫോർത്തു ഫോറത്തിൽ ചേർന്നു.

രണ്ടാം ലോകമഹായുദ്ധം നാടൊട്ടുക്കുക്ലേശം വരുത്തി. പട്ടിണിയുടെ വിളയാട്ടം, അവശ്യവസ്തുക്കളുടെ ദൗർലഭ്യം,

---

* 1943, 44, 45 എന്നീ വർഷങ്ങളിലാണ് ഇംഗ്ളീഷ് ഹൈസ്കൂളിലുള്ള എന്റെ പഠിത്തം. കവിതക്കമ്പത്തിന്റെ അലട്ടൽ അന്നു കുറെയൊക്കെ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അതിനെക്കുറിച്ചുള്ള അനുസ്മരണമാണ് ലേഖനം. 1943 നും 50 നും ഇടയ്ക്കാണ് പരാമർശിതമായിട്ടുള്ള കവിതകറ രചിച്ചിട്ടുള്ളതു്. ആനുകാലികങ്ങളിൽ ഇവ പ്രകാശിതമായിട്ടുമുണ്ട്.

www.malankaralibrary.com



കടലാസ് ക്ഷാമംമൂലം പുസ്തകങ്ങളും നോട്ടുബുക്കുകളും ലഭിക്കാത്തസ്ഥിതി-എല്ലാം ജനങ്ങളെ വലച്ചു. ''കുനിന്മേൽ കുരു'' എന്നവണ്ണം എന്റെ പഠനത്തിനു മറ്റൊരുബുദ്ധിമുട്ടു കൂടിയുണ്ടായി-കവിതക്കമ്പം.

## വിദ്യാലയപ്രസിദ്ധീകരണത്തിൽ

അന്നു ഹൈസ്കൂളുകൾ അധികമുണ്ടായിരുന്നില്ല. മല്ലപ്പള്ളി സി. എം. എസ് ഹൈസ്ക്കൂളിലാണ് ഞാൻ ചേർന്നതു്. തിരുവിതാംകൂറിലെ ആദ്യകാല സ്ക്കൂളുകളിലൊന്നാണതു്. ''സ്കൂൾമോനിട്ടർ'' എന്നൊരുവാർഷിക പ്രസിദ്ധീകരണവും ''ഹൈസ്ക്കൂൾ ബോയിസ് ക്ലബ്ബ്'' എന്നൊരു വിദ്യാർത്ഥിസംഘടനയും അന്നവിടെ ഉണ്ടായിരുന്നു. അത്തരം സാംസ്കാരിക പ്രവർത്തനങ്ങൾ അന്നു പള്ളിക്കൂടങ്ങളിൽ സാധാരണമായിരുന്നില്ല,

അഞ്ചാം ഫോറത്തിൽ പഠിക്കുമ്പോൾ ''സ്ക്കൂൾ മോനിട്ട''റിൽ ഒരു മംഗളശ്ലോകം ഞാൻ എഴുതി. ഇപ്പോഴും അതു ഓർമ്മിക്കുന്നു.

പ്രേമപ്പുഞ്ചിരിതൂകിടും സരസ്വതീ
യോഷയ്ക്കുതൻകാമുകൻ
''സ്ക്കൂൾമോനിട്ടർ'' മധുത്തഴപ്പുകലരും
പൂമാലയർപ്പിക്കവേ,
ഓമൽകാകളിപാടിടുന്നു കിളികൾ
സൂനങ്ങൾ രാഗോത്സവം
തൂമപ്പൊന്നമൃതാഴിതൻ തിരകളിൽ
മുങ്ങുന്നു വിദ്വജ്ജനം.

''ബോയിസ് ക്ലബ്ബ് ജയന്തി'' എന്ന പേരിൽ ഒരു കവിതയും ''സ്ക്കൂൾ മോനിട്ടറി'ൽ ചേർത്തു.

ജയ ജയഘോഷം ബോയിസ് ക്ലബിനു
വിയമതിലൊക്കെ മുഴങ്ങീടുന്നു
കളകളരവമിക്കിളികുലമൊരുപോ-
ലിളയിലുതിർത്തു വിളങ്ങീടുന്നു.
ആംഗലവാണി പ്രവണതകലരും
നിപുണന്മാരുടെ ഗുണനം കൊണ്ടും

www.malankaralibrary.com



ഗുണഗണമിയലും ബോയിസ്ക്ലബിൻ
ഗണനം കൊണ്ടുമിണങ്ങീടുന്നീ
മല്ലന്മാരുടെ ഇല്ലമതാകും
മല്ലപ്പള്ളി മഹിമപ്പള്ളി.

വിദ്യാലയമേ, ഭാവുക ശോഭിത-
വിജ്ഞാനത്തിൻ നീരുറവേ, നിജ-
സംസ്കാരത്തെത്തോഷിപ്പിക്കും
പ്രസ്ഥാനത്തെപ്പോഷിപ്പിക്കാൻ
പാടവമിയലിന കെ. എം. വറുഗീ—
സടവിയിൽ സുജനോഡുകവ്രജമകടം
കടുകിടയോളംമടിക്കൂടാതി-
ച്ചെറുസംഘടനനടത്തീടുന്നു.

ജയ ജയ ഹൈസ്ക്കൂരം ബോയിസ് ക്ലബ്ബേ
ജയ ജയ സംസ്കൃതമാനസവിത്തേ,
സൗവർണ്ണോജ്വല രത്നാലയമേ,
ഭാവുക വാണിയുരച്ചീടുന്നേൻ

സതീർത്ഥ്യർക്കെല്ലാം കവിത ഇഷ്ടമായി. കവിതാഭ്രമം പഠനത്തെ ബാധിക്കുമെന്ന നിർദ്ദേശമാണ് അധ്യാപകരിൽ നിന്നുണ്ടായതു്. ആ സദുപദേശം ഞാൻ ചെവിക്കൊണ്ടില്ല. ഗുരുമൊഴി വകവെക്കാഞ്ഞതു തെററായിപ്പോയെന്നും ഭാവിജീവിതത്തെ അതു ബാധിച്ചിട്ടുണ്ടെന്നും പിന്നീടെനിക്കു ബോധ്യമായി

## കർമ്മലകുസുമവും പ്രശ്നോത്തര പംക്തിയും

പത്രമാസികാദികൾ ഇന്നത്തേതുപോലെ അന്നുധാരാളമായിരുന്നില്ല. മാന്നാനത്തു നിന്നുള്ള 'കർമ്മലകുസുമം' പരിചയപ്പെട്ടു. എന്റെ ചില കവിതകൾ ആ മാസികയ്ക്കു അയച്ചു കൊടുത്തു. പ്രോത്സാഹജനകമായ മറുപടിയാണ് പത്രാധിപർ നല്കിയതു്. യുവകവികളെ പ്രോത്സാഹിപ്പിക്കാൻ പ്രശ്നോത്തരപംക്തിയും സമസ്യാപൂരണങ്ങളും ''കർമ്മലകുസുമ''ത്തിലുണ്ടെന്നും അതിൽ പങ്കുചേരണമെന്നും അറിയിച്ചു. 'കർമ്മലകുസുമ' ത്തിന്റെ ഒരു കോപ്പി അയച്ചുതന്നു. ഉത്തരം നല്കേണ്ടപ്രശ്നം മാസികയുടെ ആ ലക്കത്തിലുണ്ടായിരുന്നതു് താഴെചേർക്കുന്നു.

www.malankaralibrary.com



ലോകം വിറയ്ക്കുമൊരുശബ്ദമെഴുത്തുമൂന്നാം
പാകത്തിലാണ്ടു വരുമൊന്നൊടുരണ്ടു ചേർന്നാൽ
ഏകുന്ന വൃക്ഷമിതിരണ്ടോടു മൂന്നുചേർന്നാൽ
മാഴ്കാതെ ചൊന്നിടണമുത്തരമെൻകവീന്ദ്രർ.

ഉത്തരം പെട്ടെന്നു കണ്ടുപിടിച്ചു. അതു പദ്യത്തിലാക്കണം, കർക്കശമായ സംസ്കൃതവൃത്തത്തിൽ തന്നെ. വൃത്തരഹിത കവിതകൾ അന്നുനടപ്പിലായിരുന്നില്ല. ഛന്ദശ്ശാസ്ത്രം നിർബന്ധപഠന വിഷയമായിരുന്നു. എന്റെ ഉത്തരം താഴെക്കാണും വിധം തയ്യാറാക്കി.

ധരണിദുരിതമാക്കും ത്ര്യക്ഷരബ്ഭീമശബ്ദ-
പ്രഥമമതിരുവർണ്ണാ ലബ്ദമെന്നൊത്തുകിട്ടും
അതിനുടയ സമാപ്തദ്വ്യക്ഷരീ വൃക്ഷമൊക്കും
പദമതുസമരം കേൾസത്തരേ, ബുദ്ധിമന്മാർ.

വിദ്വാൻ ജോസഫ് മുകളേൽ, ജെ. പി. പുലിക്കോടൻ, തോമസ് പാറമ്പുഴ, വി. എക്സ്. ചെറിയാൻ. കെ. ഒ. ഡോമിനിക്ക്, ഏണേക്കാട്ടു മത്തായി കത്തനാർ തുടങ്ങി പേരെടുത്തവരുടെ നിരയിൽ വിദ്യാർത്ഥിയായ എന്റെ പൂരണവും വന്നു. കെ. വി. വർഗീസ് കുന്നന്താനം എന്നാണ് അതിൽ പേരു ചേർത്തിരുന്നതു്.

മാസികയിലെ അതേ പംക്തിയിൽ പുതിയ ചോദ്യം വീണ്ടും വന്നു.

നാലക്ഷരംമാമഭിധയ്ക്കു പേനാ-
വായ്നീർപൊഴിച്ചുമ്മകൾ വെക്കുമെന്നിൽ
രണ്ടാക്കിയാലൊന്നിഹ പീടികപ്പേ-
രന്തം കളഞ്ഞാലൊരു ധാന്യനാമം

പ്രാശ്നികനെ ചോദ്യം ചെയ്യുന്ന ഉത്തരങ്ങളുമുണ്ടായി. ഒന്നിതാ:

പേനായെന്നു പറഞ്ഞുവെങ്കിലുളവാം
പേപ്പട്ടിയെന്നർത്ഥമി-
പ്പേനയ്ക്കന്ത്യമദീർഘമാണു പറയാം
നിസ്സംശയം മൽസഖേ,

www.malankaralibrary.com



പ്രശ്നം ദുർഗ്രഹമായിടും പുനരഹോ
വായ്നീരത്തും കാണുകിൽ
പ്രസ്പഷ്ടം കടലാസുതന്നെയിതി–
നെല്ലാം ഹേതുഭൂതം ദൃഢം

എൻെറ ഉത്തരം താഴെക്കാണുംവിധമായിരുന്നു.

വടിവോടൊരു തൂലികാഗ്രമതുരുളും തളിരിതളിൽ
കടലൊത്തതിഗഹനാശയമെഴുതാം വരമൊഴിയിൽ
കടയും നറുകടലേ മതിലിയലും പദയുഗളം
കടലാസിതിചതുരക്ഷരസുപദം ദൃഢമറിവിൻ.

പ്രശ്നോത്തരപംക്തിയിൽ ചോദ്യവും ഉത്തരവും മുറയ്ക്കുവന്നു. പ്രാശ്നികൻെറ ഉത്തരമാണ് പൂരണപംക്തിയിൽ ആദ്യം ചേർത്തിരുന്നത്. എൻേറതായ പ്രശ്നം അവതരിപ്പിക്കണമെന്ന മോഹമുണ്ടായി. ഞാൻ എഴുതി:

മൂന്നേ മൂന്നു ലിപിപ്രകാശക പദം
നിഷ്പങ്കമെന്നർത്ഥമാ–
ണൊന്നും മൂന്നുമിണങ്ങുകിൽ
തിരയതിൽ പര്യായമായ് വന്നിടും
കുന്നിൻ സംജ്ഞവരിച്ചിടും
നടുവനെ മൂന്നോടു ചേർത്തീടുകിൽ
ചൊന്നീടിൽ ബുധവീരരേ, അഴ–
ലണഞ്ഞീടാതെയി ബ് ഭേദകം.

ഇതിനു എൻെറ ഉത്തരം ഇങ്ങനെയായിരുന്നു.

സമമററൊരു സുകൃതപ്പുത്തു
പുഴതൻതിരനിരയിൽ
ചമയത്തൊടു മുഴുകിസ്സുര
പുരിയെത്തിയവിമലേ,
''അമല'' പ്രഭയരുളുന്നൊരു
വരദായിനി വരദേ,
അമലോത്ഭവചരിതേ, യടി
പണിയുന്നിവനനിശം,

www.malankaralibrary.com



ഇതുകേവലം പ്രശ്നോത്തരമായിരുന്നില്ല, മാതൃസ്തവമായിരുന്നു.

ചങ്ങനാശ്ശേരി ബിഷപ്പ മാർ ജയിംസ് കാളാശ്ശേരി തിരുമനസ്സിലെ പൗരോഹിത്യജൂബിലിപ്രമാണിച്ച ആശംസാശ്ലോകങ്ങൾ അയയ്ക്കുന്നതിനാണ് തുടർന്നുള്ള ലക്കത്തിൽ നിർദ്ദേശം വന്നതു്. ജൂബിലീരഥബന്ധമാണ് ഞാൻ തയ്യാക്കിയതു്.

വന്ദ്യമിജ്ജൂബിലീയിതു്<br>
ക്കുറുചേർന്നു ഭജിച്ചതിൽ<br>
പ്രേമഗീതി വചിച്ചു ഹാ!<br>
പൊഴിപ്പൂ സുരർ തൂമലർ

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ജൂ | ബി | | | |
| | | മി | ന്നു | ഭ | ലീ | | |
| | ന്ദ്യ | ചേ | തി | വ | ജി | യി | |
| വ | റു | ഗീ | സു | ര | ചി | ച്ച | ത്തു |
| | ക്കു | മ | പ്പൂ | ർന്നു | ച്ച | തിൽ | |
| | | പ്രേ | ഴി | മ | ഹാ! | | |
| | | | പൊ | ലർ | | | |

''വറുഗീസ് രചിച്ചതു്'' എന്നു നടുക്കത്തെ കോളത്തിൽ വന്നതു് സതീർത്ഥ്യരേയും അദ്ധ്യാപകരേയും സന്തോഷിപ്പിച്ചു.

## കവിതാപാരായണം

കെ. വി. വർഗീസ് എന്നതിനു പകരം കവി വർഗീസ് എന്നു പലരും വിളിച്ചു. സ്കൂൾ വാർഷികസമ്മേളനങ്ങളിൽ കവിതാപാരായണത്തിനു എനിക്കു അവസരം തന്നു.

www.malankaralibrary.com



മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, ചങ്ങനാശ്ശേരി എസ്. ബി. കോളജിലെ മലയാളം പ്രൊഫസർ ഫാ. ജോൺ മററം, അവിടത്തെ ഇംഗ്ലീഷു പ്രൊഫസർ ശ്രീ സി. എ. ഷെപ്പേർഡു എന്നിവരാണ് അന്നു മല്ലപ്പള്ളി ഹൈസ്കൂളിൽ വാർഷിക സമ്മേളനത്തിനു വന്നിരുന്നതു്. ''ആത്മവിലാപം'' എന്ന എന്റെ കവിത ഒരവസരത്തിൽ ഞാൻ വായിച്ചു.

അലഞ്ഞിടുന്നെൻ ചെറുതോണി പാരം
കലങ്ങി വാഴുന്ന ഭവാബ്ധിയിങ്കൽ
അലച്ചു കേറുന്ന വികാരമേറി—
ച്ചലിച്ചു വാഴുന്നു മദീയ ചിത്തം

എന്നു തുടങ്ങുന്ന 10 ശ്ലോകങ്ങളുള്ള കവിത

ചരാചരസൃഷ്ടി പരായണാത്മൻ,
സുരേശ്വരാ, വിശ്വജഗത് പിതാവേ,
നിരാശ്രയൻ നിന്ദ്യനസാരനാമെൻ
ശിരസ്സു താഴ്ത്തുന്നിവനൂഴിയിങ്കൽ

എന്ന പ്രാർത്ഥനയോടെ അവസാനിക്കുന്നു.

വേറൊരിക്കൽ ''അന്നത്തെ ആഹാരം'' എന്ന കവിതയാണ് പാരായണം ചെയ്തത്. ഒരു വൃദ്ധഭിക്ഷുവിന്റെയും കുട്ടിയുടെയും കഥയാണത്. അവരുടെ കഷ്ടപ്പാടു വെളിപ്പെടുത്തുന്നു.

അമ്മേ ധരിത്രി തവപുത്രരല്ലേ—
യിമ്മട്ടിലിപ്പോഴു വിഷമിപ്പതോർത്താൽ
നിന്മക്കളിത്ഥം വലയുന്ന കണ്ടാ—
ലമ്മയ്ക്കു തെല്ലും വ്യഥയില്ലയോ ചൊൽ?

ഉന്നിദ്ര സൗധേ, സുമമെത്തതന്നിൽ
കുന്നിച്ച ഗർവ്വോടെ സുഖിക്കുവോനും
ഇന്നീ നിരത്തിങ്കൽ വസിക്കുവോനും
ചൊന്നീടു ദേവീ! സഹജാതരെന്നോ?

അല്ലെങ്കിൽ വൻ പട്ടിണിയിപ്പുമാനും
ചൊല്ലാർന്ന സൗഭാഗ്യമയൽസ്ഥിതനും
കുന്നും മഹാതാഴ്വരയും കണക്കാ—
ണല്ലേ വിധേ, നിന്നുടെ സൗഖ്യദാനം?

www.malankaralibrary.com



പാർപ്പാനിടം നാസ്തി വിശപ്പിവർക്ക
തീർപ്പാനുമില്ലിഡുരയിങ്കലൊന്നും
ചേർപ്പാനരയ്ക്കൽ ചെറുകീറവസ്ത്രം
കേൾപ്പാനുമില്ലാരുമനാഥവൃത്തം

ഇങ്ങനെ 28 ശ്ലോകങ്ങളാണ് ആ കവിതയിലുണ്ടായിരുന്നതു്.

**പോയിടട്ടെ ഞാൻ.**

ഒരു നല്ല അദ്ധ്യാപകനും തിരുവല്ലാ സെൻറ്ജോൺസ് കോളജിൽ ഏറെക്കാലം പ്രിൻസിപ്പലുമായിരുന്ന ശ്രീ. പി. ജി. ജേക്കബ് അന്നു മല്ലപ്പള്ളി ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്നു. എൻെറ കവിത അദ്ദേഹം ഇഷ്ടപ്പെട്ടു. ഹൈസ്കൂൾ പഠിത്തം പൂർത്തിയാക്കിയാൽ ബി. ഒ. എൽ. പരീക്ഷയ്ക്ക ചേരണമെന്നു അദ്ദേഹം നിർദ്ദേശിച്ചു. വൈദിക സെമിനാരിയിലേക്കാണു ഞാൻ തിരിഞ്ഞതു്. കൂട്ടുകാർ പലർക്കും എൻെറ സെമിനാരി പ്രവേശത്തിൻെറ സാംഗത്യം മനസ്സിലായില്ല. അന്നു ഞാനെഴുതി:

പോയിടട്ടെ ഞാൻ പോയിടട്ടെ ഞാൻ
മാമകാത്മസഹോദരാ,
ഉത്തരേന്ത്യയിലെത്തണമെനി—
ക്കത്തരക്ഷണം മിത്രമേ,
യുദ്ധഭൂമിയിലെത്തണം ദിവ്യ—
സത്യഗീതി മുഴക്കണം
ശുദ്ധതോമസിൻ പാദഭൂരുഹ—
മുത്തണിഞ്ഞൊരിഭൂമിയിൽ
പ്രേഷിതാഗ്രണി സേവ്യർ തൻ തിരു—
ശേഷിപ്പുൾക്കൊള്ളും ക്ഷോണിയിൽ
വീരപോരാളിബ്രിട്ടോതൻ രക്ത—
ധാരയേററ ധരണിയിൽ
നിസ്തുലാഭമുയർത്തണ'മൽഫോൻ—
സാമ്മ'തൻ ജന്മഭൂമിയിൽ
കാൽവരിഗിരിയിൽ വിളങ്ങിന
ദിവ്യമോഹനവിഗ്രഹം

വേറൊരു കവിതയും അക്കാലത്തെഴുതി. ഡയറിയുടെ താളുകൽ ജീർണ്ണിച്ചുപോയതുകൊണ്ടു പൂർണ്ണമായി ഉദ്ധരിക്കാൻ കഴിയുന്നില്ല.

www.malankaralibrary.com



പാടുക പാടുക പൂങ്കുയിലേ
നാടൊട്ടുക്കു ശ്രവിക്കട്ടെ
മർദ്ദനവർദ്ധനവാലലയും
മറ്റിതരുത്ഥിതരായീടാൻ
വിത്തം കാത്തുവസിക്കുന്നോർ
ചിത്തം വിസ്തൃതമാക്കീടാൻ
ശാന്തിവിളക്കുകൊളുത്തീടാൻ
ശാന്തതമന്നിലുയർത്തീടാൻ
പാടുക പാടുക പൂങ്കുയിലേ
നാടൊട്ടുക്കുശ്രവിക്കട്ടെ!

### *കാവ്യസമാഹാരം*

ഹൈസ്കൂൾ കാലത്തെ കവിതകൾ ചേർത്ത് ''കുസുമ സഞ്ചയം'' എന്നൊരു സമാഹാരം രൂപപ്പെടുത്തി. എന്റെ ഗുരുഭൂതന്മാർ അതു പരിശോധിച്ചു. വിദ്വാൻ വി. കൃഷ്ണൻ നമ്പൂതിരി എം. ആർ. എ. എസ്, ശ്രീ. വേലായുധനാചാരി, ശ്രീ. പി. പി. സൈമൺ പുളിയങ്കീഴ് എന്നിവർ പ്രോത്സാഹനം നല്കി. ശ്രീവേലായുധനാചാരി നല്കിയ ആശംസാശ്ലോകങ്ങളിൽ രണ്ടെണ്ണമോർമ്മയുണ്ട്.

രഞ്ജിതാത്മകസഖേ, ഭവാൻ
      വടിവിലാദ്യമായിവിരചിച്ചതാ—
മഞ്ജിതദ്യുതികലർന്നിടും ''കുസുമസഞ്ചയം''
      സപദികണ്ടു ഞാൻ
നെഞ്ചിലുററവിനയാദരാലതിനു
      സഞ്ചയിച്ചസുമമൊരോന്നുമേ
വാഞ്ഛരിതാത്മമരുളുന്നു വേണ്ട
      ഭയമേതുമേ മനസിലേശവും.

യുവകവിവറുഗീസു രചിച്ചതാമീ
നവസുമസഞ്ചയ സജ്ജനോപഹാരം
അവികലയശസ്സിൽ കുളിച്ചുവാഴാ—
നവിരതമീശ്വര നിൻപദം തൊഴുന്നേൻ.

### *ഗുരുസ്മരണ*

കുസുമസഞ്ചയം തയ്യാറാക്കിയെങ്കിലും അന്നു പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. ഫാ. ദൗറേലിയൻ, ഫാ. സക്കറിയാസ്

www.malankaralibrary.com



എന്നിവരോടു ആലുവാ സെമിനാരിയിൽ വെച്ചുണ്ടായ അടുപ്പം ആ പുണ്യപുരുഷന്മാരെ പ്രകീർത്തിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. ജന്മശതാബ്ദിവേളയിൽ ഫാ. ഔറേലിയനെ കുറിച്ചെഴുതി.

വെള്ളപ്പട്ടുധരിക്കു, കേരള സഭേ,
 വൈദിക ഭാവോജ്വലേ—
യുള്ളത്തിൽ തെളിവേററിവന്നു
 മഹനീയോല്ലാസ ചന്ദ്രോത്സവം
കല്യാണം ഭവതിക്കനല്പമുള്ള—
 വാക്കീടുന്നോ ''ഔറേലിയൻ''
കല്യൻ വൈദികസത്തമന്റെ
 പുരുജന്മ ശതാബ്ദോത്സവം.

ഫാ. സക്കറിയാസിനെക്കുറിച്ചു എഴുതി.

സരസരസികമാകും വാക്യസമ്പൽപ്രഭാവൻ
ലളിതലസിതരൂപൻ ലാലസൻലോലകല്യൻ
പഠനപട്ടുതയേറും പണ്ഡിതൻ പുണ്യപൂർണ്ണൻ
മഹിയിൽ മഹിതനാണിബ്ബ് ''ഫാദർ സക്കേറി''
 യാഖ്യൻ. (Caritas Vol. 55)

**മഹാകവി മാത്തൻ തരകന്റെ പ്രോത്സാഹനം**

കാവ്യസമാഹാരം പ്രസിദ്ധീകരിക്കാനുള്ള എന്റെ മോഹം സാവകാശം മങ്ങി. മഹാകവി പുത്തൻകാവു മാത്തൻ തരകന്റെ ദൃഷ്ടിയിൽ അപ്പോഴാണ് ആകവിതകൾപെട്ടത്. ഇതുവാടാൻ അനുവദിക്കരുതെന്നു അദ്ദേഹം നിർദ്ദേശിച്ചു. ''പുലരിപ്പൂക്കൾ'' എന്ന പേരിൽ പ്രസിദ്ധീകരിച്ച കൃതിക്കു അദ്ദേഹം മനോഹരമായ ഒരു അവതാരിക എഴുതിത്തന്നു സഹായിക്കയും ചെയ്തു. അവതാരികയിൽ പറയുന്നു: ''ഒരു വിഷയം കണ്ടുപിടിക്കുക, അതിനുചേർന്ന വൃത്തം തിരഞ്ഞെടുക്കുക, ആ വൃത്തത്തിൽ നിരത്തിവെക്കാനുള്ള പദങ്ങൾ സംഭരിക്കുക, ആ പദങ്ങൾ തേച്ചുമിനുക്കി ഭംഗിയായി പാദങ്ങളിൽ ഉറപ്പിക്കുക. ഇങ്ങനെ പലപടികളുമുണ്ട് കാവ്യരചനയിൽ. ആ പടികളെല്ലാം ഫാ. കിളിച്ചിമല നിപുണമായി

www.malankaralibrary.com



തരണം ചെയ്തിട്ടുണ്ട്. ഭാഷാ വൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും ഈ കൃതിയുടെ രചനയിൽ ഗ്രന്ഥകർത്താവു സ്വീകരിച്ചിരിക്കുന്നു. അദ്ദേഹം പ്രതിഭാസമ്പന്നനായ ഒരു കവിയാണെന്നു ഇതിലെ ചെറുകവിതകളെല്ലാം തെളിയിക്കുന്നുണ്ട്''

പാടിത്തകർത്തും തലനാല്വപാട്ടും
കാട്ടിക്കരങ്ങൾ നെടുതായടിച്ചും
റോട്ടിൽത്തൊഴിച്ചും കുഴിയിൽപതിച്ചും
തേട്ടിഗ്ഗമിച്ചാക്കുടിയൽ യഥേഷ്ടം.

എന്ന നിലയിൽ നീങ്ങീയ ഒരു മദ്യപൻെറ വിക്രിയകളാണ് ''അന്നത്തെ ആഹാരം'' എന്ന കവിത.

വേദനയെപ്പററിയുള്ള ചിന്തയാണ് ''മർദ്ദിച്ചുകൊള്ളു നീ' എന്നതിലുള്ളത്.

അത്തലേ എന്തിനെൻസന്നിധിയി-
ലെത്തിടുന്നെന്നെയലട്ടിടുന്നു?
മർദ്ദിച്ചു മർദ്ദിച്ചെൻ ജീവരക്തം
ദുർദ്ദശേ നീ നുകർന്നീടുകെന്നോ?
കഷ്ടതയേററിയെൻ കോമളാംഗം
പട്ടിണിക്കോലമായ് തീർക്കുകെന്നോ?
പീഡാസഹസ്രങ്ങളോടിവന്നെൻ
നാഡികൾ പോലും തളർത്തുകെന്നോ?
കയ്പുനീർ തിങ്ങിയോരിച്ചഷകം
നിച്ചലും ഞാൻ കുടിച്ചീടണമോ?

എന്ന ചിന്ത ആറാം ഖണ്ഡത്തിലെത്തുമ്പോൾ

സത്വരം കേട്ടാനനർഘഗീതം
ചിത്തം കുളിർപ്പിക്കും വാക്യസൂക്തം
''തങ്കക്കിരീടം ധരിച്ചിടേണ്ടോൻ
സങ്കടക്രൂശും ചുമന്നിടേണം
ഇക്കളിമണ്ണു സൽപ്പാത്രമാകാ-
നേൽക്കണം ശില്പിതൻ മർദ്ദനങ്ങൾ''

സത്യപ്രകാശം തെളിയണമെന്നാണ് 'വെള്ളിവിളക്ക്' എന്ന കവിതയിൽ പറയുന്നത്.

www.malankaralibrary.com



കൂരിരുട്ടും പ്രചണ്ഡ സമീരനും
ഘോരമാരിയും ഭീകരാ രാവവും
ചീറിപ്പാഞ്ഞിടും ക്രൂരസർപ്പങ്ങളും
ചോരയൂററിക്കുടിക്കും മൃഗങ്ങളും
മുററി മുററി വളരുമിവിടെ നീ
മങ്ങിടല്ലേ, തിളങ്ങണേ ദീപമേ.

പ്രാപഞ്ചിക പ്രതിബന്ധങ്ങളെ തരണം ചെയ്തു ദൈവസന്നിധിയിലേക്കു ഓടുന്ന ഒരു ആത്മാവിൻെറ ചിത്രം ''ഓട്ടം'' എന്ന കവിതയിൽ കാണാം.

ഒന്നാമനാകുവാൻ സമ്മാനം വാങ്ങുവാൻ
മുന്നോട്ടുമുന്നോട്ടു ഞാൻകുതിച്ചു
കല്ലുചവിട്ടിയും മുള്ളുമെതിച്ചും വൻ
കുന്നുംമലകളും തള്ളിനീക്കി
വേലിമുറിച്ചു, കടമ്പകടന്നു, ചി–
റേറാളം തകർത്തു, സരിത്തു നീന്തി
വെയിലും മഴയും പിപാസയുംക്ഷുത്തുമെൻ
വേഗത തെല്ലും കുറച്ചതില്ല
കാമുകിമാർ തൻ പ്രണയകടാക്ഷത്തിൽ
മാമക ചേതസ്സുലഞ്ഞതില്ല.

സംസാരസാഗരത്തിൽ അലഞ്ഞുതിരിയുന്ന ഒരു ആത്മാവിൻെറ രോദനമടങ്ങുന്ന പത്തു ശ്ലോകങ്ങളാണ് ''ആത്മവിലാപ''ത്തിലുള്ളത്.

ഒരൊററ ദീപം തെളിവേകിടാനായ്
കരത്തിലില്ലെൻ കരയെത്തിയില്ല
നിരന്നിടുന്നില്ലൊരു താരവാനിൽ
സ്ഫുരിച്ചിടുന്നില്ല ശശാങ്കബിംബം

സുരേശ്വരൻ പിന്തുണ നല്കിടാഞ്ഞാൽ
മരിച്ചിടും നിശ്ചയമിക്ഷണം ഞാൻ
വരണ്ടുദാഹിച്ചു വലഞ്ഞിടുന്നു
വിരണ്ടു കേഴുന്ന മദീയദേഹി

അസീസിയിലെ ഒരു കോടീശ്വരൻെറ പുത്രി സകല ലൗകികസുഖങ്ങളെയും പരിത്യജിച്ചു തികഞ്ഞ താരുണ്യത്തിൽ സന്യാസജീവിതം സ്വീകരിക്കുന്ന കഥയാണ് ത്യാഗിനി. നായികയെ അവതരിപ്പിക്കുന്നു:

ഇത്താല്യാ ദേശത്തിന്നുത്തരാർദ്ധത്തിലായ്
വർത്തിപ്പൂ മോഹനാ ''സീസി'' പുരം

www.malankaralibrary.com



വർത്തകശ്രേഷ്ഠൻെറ ഗേഹമൊന്ന സ്ഥല—
ത്തുത്തുംഗഭംഗ്യാ വിലസിനിൽപ്പൂ
കണ്ണും കരളും കവരും ഗൃഹാങ്കണ —
പ്പൂങ്കാവനമുണ്ടവിടെയതിൽ
കാണണോ ചേണാന്നൊരേണാക്ഷിമാർ മണി
നാണം കുണുങ്ങികുണുങ്ങി നില്പ്പൂ

നായകൻെറ അവതരണം രണ്ടാം ഖണ്ഡത്തിലാണ്.

കാളമേഘം തടിച്ചുയർന്നു പൊൻ
നീലവാനിടം മൂടവേ,
അന്ധകാരച്ചുരുളു ഭൂമിയിൽ
പൊന്തിയാത്തിരമ്പീടവേ,
ഉഗ്രവാത പ്രചണ്ഡ ഗജ്ജനം
ചക്രവാളം പിളർക്കവേ,
മാദകാനന്ദം തേടി മാനവ—
രുന്മദാന്ധരായ്ത്തീരവേ,
വന്നണഞ്ഞൊരു ഗാനഗന്ധർവ്വൻ
മന്നിനെയുണർത്തീടുവാൻ
ഗാനപീയൂഷധാരയിത്ഥമാ
വീണ മീട്ടി നിരന്തരം.

കന്യാക്ഷമാല മേരീസ്തവമാണ്. ഭക്തജനങ്ങൾ ഉരുവിടുന്ന ജപമാലയിലെ പതിനഞ്ചുരഹസ്യങ്ങൾതന്നെ. ഒരെണ്ണം ഉദാഹരണമായി ചേർക്കാം.

ക്രൂശിലേശു കിടക്കവേയരി—
വീരരാണികൾ നാഥനിൽ
ഈശനെന്നു ധരിച്ചിടാതെ—
യടിച്ചിറക്കി ഭയാനകം
ക്ലേശഖണ്ഡിതയായതാവക
താപതാപിതരെങ്ങളിൽ
ക്രൂശിതന്നു ഭവിച്ചപീഡ
പതിക്കണേ! ജപനായികേ!

അധാർമ്മികതയുടെ നിശാചരപ്പരിഷയ്ക്കെതിരായി അണിനിരക്കുന്നതിനുള്ള ആഹ്വാനമത്രേ സമരകാഹളം

കൊടും നിശാചരബ്ഭടർ പ്രചണ്ഡമാ—
മടർ നടത്തിടാനടുത്തിടുന്ന ഹോ!
ഇടിച്ചമർത്തിടുമവരടവിയെ—
യടിച്ചുലച്ചിടും നറുംമലരുകൾ

www.malankaralibrary.com



കടിച്ചു കീറിടും മനുജനെ നിണം
കുടുകുടെക്കുടിച്ചടർത്തുടർന്നിടും
നിണത്തിൽ മുക്കിയ കൊടികിളർത്തിയും
വളഞ്ഞ വാളുകൾ കരത്തിൽ വീശിയും
കുടലുമാലകൾ ഗളത്തിലേന്തിയും
കുടിലപാതയിൽ നിരന്നു കശ്മലർ
''ജയിക്ക വിപ്ലവം ജയിക്കവിപ്ലവം''
മുഴക്കിടുന്നവർ സമരകാഹളം
കൊട്ടും നിശാചരബദ്ധടർ പ്രചണ്ഡമാ—
മടർ നടത്തിടാനടുത്തിടുന്ന ഹോ!

## *വിദ്യാലയം വിട്ടശേഷം*

പിതൃഹൃദയനായ മഹാകവി മാത്തൻതരകനെ പിന്നീടു പലപ്പോഴും കണ്ടിട്ടുണ്ട്. കവിതത്തിന്റെ പാതയിൽ കുറേക്കൂടി മുന്നേറാത്തതിൽ അദ്ദേഹം എന്നോടു പരിഭവം പറഞ്ഞിരുന്നു. ഇരുപതാംശതകം പൂർവ്വാർദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ ആലുവാ സെമിനാരിയിൽ ഞാൻ വൈദിക പഠനം നടത്തിയിരുന്നു. റവ. കുറിയാക്കോസ് ഇടമററം എന്ന സുഹൃത്ത് സീനിയർ ക്ലാസ്സുകളിൽ അവിടെ പഠിച്ചിരുന്നു. അന്നത്തെ ഏതൊരു മലയാള യുവകവിയുടെയും പിന്നിലല്ലാത്ത വിധം കവിതത്തിൽ അദ്ദേഹം മികച്ചു നിന്നിരുന്നതാണ്. വൈദികാഭ്യസനവും അമേരിക്കൻ ഉപരിപഠനവും കഴിഞ്ഞു ഒരു ഒന്നാംകിട ഇംഗ്ലീഷു അദ്ധ്യാപകൻ എന്ന പേരു അദ്ദേഹം നേടി എങ്കിലും കവിതത്തിൽ പുരോഗമിച്ചില്ല. ഇങ്ങനെ ഉദാഹരങ്ങളുണ്ട്. കുട്ടിക്കാലകാവ്യകേളിയാണ് എനിക്കുണ്ടായിരുന്നത്. കുട്ടിത്തം കഴിഞ്ഞിട്ടും ചില സാഹിത്യരചനകളിൽ ഏർപ്പെട്ടിട്ടുണ്ട്. എങ്കിലും കവിതത്തിൽ വളർന്നില്ല.

കുട്ടിക്കാലം പോയല്ലൊ
പെട്ടെന്നോടി മറഞ്ഞല്ലൊ
യൗവനമേ, നീ നിർദ്ദയമെൻ
കുട്ടിത്തത്തെക്കൊന്നല്ലൊ!

എന്നു കുട്ടിത്തത്തെക്കുറിച്ചു പറഞ്ഞതു എന്റെ കവിതത്തിനും ചേരും. വിദ്യാലയക്കാലത്തിനുശേഷം ഞാൻ കവിതത്തിലേക്കു തിരിഞ്ഞില്ല.

www.malankaralibrary.com

# 4

# ജൂബിലി *

ജൂബിലിയാചരണത്തിനു് അവശ്യഘടകങ്ങളായി വേദപുസ്തകം ഉൾക്കൊള്ളിക്കുന്നതു് മൂന്നു കാര്യങ്ങളാണ്.

1 ***ജൂബിലി സാബത്തുമായി ബന്ധപ്പെട്ടതാണ്;***

2 ***കൃഷിഭൂമിക്കും സാബത്തു വിശ്രമം വേണം;***

3 ***മോചനത്തിന്റെയും രമ്യതപ്പെടലിന്റെയും അവസരമാണ് ജൂബിലി***

(Ref· ലേവ്യർ 25:8–17)

## *ജൂബിലിയും സാബത്തും*

''വർഷങ്ങളുടെ ഏഴു സാബത്തുകൾ എണ്ണുക, ഏഴു പ്രാവശ്യം ഏഴു വർഷങ്ങൾ. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം നാല്പത്തൊൻപതുവർഷങ്ങൾ. ഏഴാം മാസം പത്താം ദിവസം നീ ങ്ങൾ എല്ലായിടത്തും കാഹളം മുഴക്കണം. പാപപരിഹാരദിനമായ അന്നു് ദേശം മുഴവൻ കാഹളം മുഴക്കണം. അമ്പതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാ

---

*അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ തിരുമേനിയുടെ കാലത്തു തിരുവല്ലാ രൂപതകൊണ്ടാടിയ ജൂബിലിയോടനുബന്ധിച്ച സെന്റ് ജോൺസ് കത്തീഡ്രലിൽ നടത്തിയ കൺവൻഷനിൽ പ്രസംഗിച്ചതു് ഈ ലേഖകനായിരുന്നു. അന്നത്തെ വികാരിജനറാൾ മോൺ. ജോൺ വറുഗീസ് ഈശ്വരൻകടിയുടെ നിർദ്ദേശംമൂലമത്രേ ലേവ്യ 25: 8–12 വരെ വാക്യങ്ങൾ പ്രസംഗവിഷയമാക്കിയതു്. 1989–ൽ ചുങ്കപ്പാറ സെന്റ് ജോർജ് പള്ളിയുടെ സുവർണ്ണ ജൂബിലി കൊണ്ടാടുകയുണ്ടായി. അതു പ്രമാണിച്ച പ്രസിദ്ധീകരിച്ച സുവനീറിൽ ഈ ലേഖനം ചേർത്തിട്ടുണ്ട്. എന്റെ ആത്മമിത്രം റവ. ഫാ. തോമസ് പടിഞ്ഞാറെക്കുറ്റിനെ ഞാൻ പ്രത്യേകം സ്മരിക്കുന്നു.

www.malankaralibrary.com



പിക്കണം. അതുനിങ്ങൾക്കു ജൂബിലിവർഷമായിരിക്കും.'' (ലേവ്യർ 25: 8–10)

ഇതാണ് ജൂബിലിയെക്കുറിച്ചുള്ള ഉദ്ബോധനം. ഏഴാം ദിവസം സാബത്ത്, ഏഴാം വർഷം സാബത്തുവർഷം, ഏഴാം സാബത്തു വർഷം കഴിയുമ്പോൾ ജൂബിലി, സാബത്തിന്റെ സാബത്തെന്നു ജൂബിലിയെ വിളിക്കാം.

സമ്പൂർണ്ണ വിശ്രമത്തിനും വിശുദ്ധ സമ്മേളനത്തിനും വേണ്ടിയാണ് സാബത്ത്. ''ഏഴാം ദിവസം സമ്പൂർണ്ണ വിശ്രമത്തിനും വിശുദ്ധ സമ്മേളനത്തിനുമുള്ള സാബത്താണ്.''
(ലേവ്യർ 23: 3)

സാബത്തും വിശ്രമവും തമ്മിലെന്താണു ബന്ധം? വിശ്രമത്തെ ഇങ്ങനെ വിശുദ്ധീകരിക്കണോ? ദൈവം നിർദ്ദേശിക്കുന്ന വിശ്രമം എന്തായിരിക്കും? വിശ്രമത്തെക്കുറിച്ച് ബിഷപ്പ് ഷീൻ ഒരു നല്ലവിവരണം നല്കുന്നുണ്ട്.

അലസതയല്ല വിശ്രമം. വിശ്രമവും പ്രവൃത്തിരഹിതമായ അലസതയും ഒന്നല്ല. പ്രവർത്തനനിരതമെന്നും പ്രവർത്തനരഹിതമെന്നും സമയത്തെ തരം തിരിക്കുന്ന പ്രവണത വിശ്രമത്തിന്റെ മർമ്മം തന്നെ തകർത്തുകളയുന്നു. ആദ്ധ്യാത്മികമണ്ഡലത്തെ അംഗീകരിക്കാതെ യഥാർത്ഥവിശ്രമം ആസ്വദിക്കാവതല്ല. തേൻകട്ട വായിലിട്ടുന്ന കുട്ടി അതിന്റെ മധുരിമ നുണഞ്ഞു നുണഞ്ഞ് ആസ്വദിക്കാറില്ലേ? ഇത്തരമൊരു ആസ്വാദനമാണ് വിശ്രമം. നന്മയെ അയവിറക്കുകയാണ് അതിന്റെ ലക്ഷ്യം. നന്മയെ അയവിറക്കി നുണഞ്ഞു ആസ്വദിക്കുന്നത്, ജീവിതത്തിലെ ഓരോ ചെറു ചെയ്തിയെയും നമ്മെ വലയം ചെയ്യുന്ന വലിയ നന്മയുമായി തട്ടിച്ചുനോക്കലാണ്.

''താൻ ഉണ്ടാക്കിയതെല്ലാം ദൈവം കണ്ടുകയും വളരെ നല്ലതെന്നു പറയുകയും ചെയ്തു.'' പ്രപഞ്ചസൃഷ്ടി കഴിഞ്ഞ വേളയിലാണ് ദൈവം ഈ വിലയിരുത്തൽ നടത്തിയത്. സർഗ്ഗാത്മകകൃത്യങ്ങളിലേർപ്പെടുമ്പോൾ മനുഷ്യനും ഇത്തരം വിലയിരുത്തലുകൾ സ്വാഭാവികമായി ചെയ്തുപോകുന്നു.

''എന്നാലുമൊരിത്തിരിയേ
വന്നുള്ളു വരച്ചതിൽ ത്തങ്ങ ശ്രീ''

www.malankaralibrary.com



''വരച്ചതില്ലല്ലികാം പൂങ്കവിാംത്തടം
തൊട്ടന്നപോൽ കർണ്ണ ശിരീഷ ഭൂഷണം.'' എന്നിങ്ങനെ വരച്ച ചിത്രം പുനരവലോകനം ചെയ്യാൻ ഉത്തമ ചിത്രകാരൻ മടിക്കയില്ല.

ദിനകൃത്യങ്ങളുടെ പുനരവലോകനമാണ് വിശ്രമവേള നല്കുന്നതു്. ആത്മപരിശോധനയ്ക്ക വിധേയമാക്കാത്ത പ്രവൎത്തനം യഥാർത്ഥസംതൃപ്തി നല്കുകയില്ല. തിരക്കു പിടിച്ചതുകൊണ്ടുമാത്രം തൃപ്തമാകുന്നതല്ല മനുഷ്യന്റെ സൃഷ്ട്യുന്മുഖപ്രവർത്തനം; പണം വാരിക്കോരി ചെലവഴിച്ചതുകൊണ്ടും അവിടെ സംതൃപ്തി ലഭ്യമല്ല.

എല്ലാ പ്രവർത്തനങ്ങളുടെയും വിലപ്പിടിപ്പ് ഒരു പോലെയല്ല. വിവിധജോലികാംക്കിടയിൽ വ്യത്യസ്തകാരണങ്ങളാൽ മുറിവുണ്ടായെന്നിരിക്കട്ടെ. അലസമായ പെരുമാററത്തിനിടയിൽ മുറിവു ഭവിക്കാം. സഹോദരനെ രക്ഷിക്കവാനുള്ള സാഹസത്തിനിടയിൽ അപകടത്തിൽപ്പെട്ടു മുറിവുണ്ടാകാം. രാജ്യരക്ഷയ്ക്കവേണ്ടിയുള്ള യുദ്ധത്തിൽ ശത്രുക്കളുടെ ക്രൂരമ്പേററു ശരീരം മുറിപ്പെടാം. മൂന്നു മുറിവുകളുടെയും കാഠിന്യം ഒരുപോലെയാകാം; വേദനതുല്യമാകാം; ചെയ്യേണ്ടിവരുന്ന വൈദ്യപരിചരണം സമാനങ്ങളാകാം. എങ്കിലും അവയുടെ വിലപ്പിടിപ്പ് ഒരുപോലെയായിരിക്കുകയില്ല. അലസമായ പെരുമാററത്തിനിടയിൽ ഉണ്ടാകുന്ന മുറിവിനു മൂല്യമൊന്നുമില്ല. സഹോദരനെ രക്ഷിക്കാനുള്ള സാഹസത്തിനിടയിൽ ഭവിക്കുന്ന മുറിവ് വിലയേറിയതാണ്. രാജ്യരക്ഷയ്ക്കവേണ്ടിയുള്ള യുദ്ധത്തിനിടയിൽ ശത്രുക്കളുടെ ക്രൂരമ്പേററ് ഉണ്ടാകുന്നമുറിവിന് ശ്രേഷ്ഠത കൂടും. ''അമരിൽ പുണ്ണേററവീരൻ'' എന്ന് അവനെ എല്ലാവരും പ്രശംസിക്കും. ദൈവികലക്ഷ്യപ്രാപ്തിക്കുള്ള സമരത്തിൽ നേരിട്ട മുറിവാണെങ്കിലോ? അതിൽ നിന്നു് സ്വർഗ്ഗീയപരിമളം പ്രസരിക്കും.

ഏതു ജോലിയെയും ഉദാത്തീകരിക്കാവുന്നതാണ്. ജോലിയിൽ പല ഘടകങ്ങളുണ്ട്. അസംസ്കൃത വസ്തു, യന്ത്രസാമഗ്രി, തൊഴിലാളി, മാനേജുമെൻറ്, പ്ളാനിംഗ് തുടങ്ങി വിവിധഘടകങ്ങാം ഉണ്ടായെങ്കിലെ ഒരു ഫാക്ടറിയുടെ

www.malankaralibrary.com



പ്രവർത്തനം വിജയിക്കൂ. കൊച്ചു ജോലിക്കും വ്യത്യസ്ത ഘടകങ്ങൾ ഉണ്ട്. പ്രവർത്തനത്തിനു വേണ്ട വസ്തുക്കൾ, മനസ്സിലെ ആശയങ്ങൾ, അധ്വാനത്തിന് ഊർജ്ജം, ചെലവഴിക്കാൻ സമയം—എല്ലാം ചെറിയ ജോലിക്കും ആവശ്യമാണ്. ഈ ഘടകങ്ങൾ എവിടെനിന്നു ലഭിക്കുന്നു? മറ്റുള്ളവരുടെ കൈകളിലൂടെ ഒരുവന്റെ പ്രവർത്തനത്തിനു ലഭിക്കുന്ന വസ്തുക്കൾ ആത്യന്തികമായി ദൈവത്തിൽനിന്നുള്ളതാണ്; മനസ്സിൽ പ്രവർത്തിച്ച ഭാവന ആത്യന്തികമായി ദൈവം നല്കിയതാണ്; അധ്വാനത്തിനുവിനിയോഗിച്ച ശക്തിയും സമയവും ദൈവത്തിന്റെ ദാനമാണ്.

ദൈവദാനങ്ങൾ വിനിയോഗം ചെയ്യുന്ന കൈവശാവകാശക്കാരൻ മാത്രമാണ് മനുഷ്യൻ. കൈവശാവകാശക്കാരന് ഉടമസ്ഥനെ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യാം. ഒരു കൂട്ടർ ദൈവത്തിന്റെ ഉടമസ്ഥത സമ്മതിക്കുന്നില്ല, മറ്റെ കൂട്ടർ, തങ്ങളുടെ അധ്വാനത്തിനു ലഭിച്ച വസ്തുക്കളും മനസ്സിൽ പ്രവർത്തിച്ച ഭാവനയും വിനിയോഗിച്ച ശക്തിയും സമയവും ആത്യന്തികമായി ദൈവത്തിന്റെതാണെന്നു സമ്മതിക്കുന്നു. ഇക്കാര്യം സമ്മതിക്കലാണ് വിശ്രമം കൊണ്ടു സാധിക്കേണ്ട ഒരു സംഗതി. ഇത്തരം ഒരു യാഥാർത്ഥ വിശ്രമത്തിന്റെ സന്ദർഭത്തിൽ ശാസ്ത്രജ്ഞൻ മനസ്സിലാക്കും, പ്രകൃതിനിയമങ്ങളെ ഗവേഷണം ചെയ്യുന്നതിന്റെ കർത്തൃത്വം തന്നിൽ മാത്രമായി ആരോപിക്കേണ്ടതില്ല; താൻ കേവലം പ്രൂഫുവായനക്കാരൻ മാത്രമാണ്; ദൈവമാണ് ആ ഗവേഷണ പ്രബന്ധത്തിന്റെ യഥാർത്ഥ കർത്താവ് എന്ന്. തദവസരത്തിൽ അദ്ധ്യാപകൻ സമ്മതിക്കും, എല്ലാ വിജ്ഞാനങ്ങളുടെയും നീർച്ചാൽ ദൈവമാണ്; ദിവ്യജ്ഞാനത്തിന്റെ ഇളം കിരണങ്ങൾ മാത്രമാണ് താൻ ബാലമനസ്സിൽ നിവേശിപ്പിക്കുന്ന സത്യങ്ങൾ; ബാലന്റെ കഴിവുകളെ ഉണർത്തുക മാത്രമാണ് താൻ ചെയ്യുന്നത്. പാചകജോലിക്കാരൻ അപ്പോൾ കാണും, താൻ ഉണ്ടാക്കുന്ന പലഹാരത്തിന്റെ മധുരിമയിലൂടെ ദൈവത്തിന്റെ അനുഗ്രഹമാണ് വഴിഞ്ഞൊഴുകുന്നത്.

പ്രവർത്തനത്തെ ഈശ്വരോന്മുഖമാക്കുന്ന ഈ നീക്കം കേവലം ബുദ്ധിക്കസർത്തല്ല, യാന്ത്രികമല്ല, ലൗകികമല്ല,

www.malankaralibrary.com



ഇതു് ഉദാത്തമാണ്, അദ്ധ്യാത്മികമാണ്, ആരാധനയാണ്. എല്ലാ കൃത്യങ്ങൾക്കും വില ലഭിക്കുന്നതു് ദൈവത്തിൽ നിന്നാണ്. വില സമ്മതിക്കലാണ് ആരാധന. (Worship means admitting worth) ദൈവവുമായുള്ള ബന്ധത്തിൽ നമ്മുടെ കൃത്യങ്ങളെ പുനഃപ്രതിഷ്ഠിച്ച് അവയുടെ മൂല്യ നിർണ്ണയം ചെയ്യലാണ് ആരാധന. ഈ വിധത്തിലുള്ള ആരാധന ഒരു തരം വിശ്രമംതന്നെ. നമ്മെ ഊർജ്ജസ്വലരാക്കാൻ പോരുന്ന അനുധ്യാനം; ദിവ്യവസ്തുക്കളുടെ കർമ്മക്ഷമവും സൃഷ്ട്യുന്മുഖവുമായ അനുധ്യാനം. ''അദ്ധ്വാനിച്ചും ഭാരപ്പെട്ടുമിരിക്കുന്ന എല്ലാവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് സ്വസ്ഥത നല്കാം'' എന്നതിൽ നമ്മുടെ അദ്ധ്വാനത്തെ ദൈവോന്മുഖമാക്കുന്നതിന്റെ വിശ്രമമാണ് സൂചിപ്പിക്കുന്നതു്, സാബത്തിന്റെ സാബത്തായ ജൂബിലി ഇത്തരം അനുധ്യാനത്തിനുള്ളതാണ്.

### കൃഷി ഭൂമിക്കും സാബത്തു വിശ്രമം വേണം

''ആ വർഷം വിതയ്ക്കുകയോ ഭൂമിയിൽ താനേ വളരുന്നവ കൊയ്യുകയോ മുറിക്കാത്ത മുന്തിരിവള്ളികളിലെ ഫലങ്ങൾ ശേഖരിക്കുകയോ അരുത്. എന്തെന്നാൽ, അതു ജൂബിലി വർഷമാണ്. അതു നിങ്ങൾക്കു വിശുദ്ധമായിരിക്കണം''. (ലേവ്യർ 25:11–12)

വിളവെടുക്കാതിരിക്കുന്നതും വിശുദ്ധിയുമായി എന്താണിത്ര ബന്ധം? വിളവെടുക്കാതിരിക്കുന്നതിനെ ഇങ്ങനെ സുകൃതവൽക്കരിക്കണോ? ഇതു് അലസതയെ പ്രോത്സാഹിപ്പിക്കുകയല്ലേ? ഈ വേദപുസ്തകപ്രമാണത്തിന് എന്താണു പ്രസക്തി? വേദപുസ്തകം കഥയില്ലായ്മയല്ലേ ഇവിടെ ഉപദേശിക്കുന്നത്? ഇങ്ങനെ ഉയരുന്ന സംശയങ്ങളുണ്ട്.

അത്യാർത്തിക്കാരനാണു മനുഷ്യൻ. എത്ര കിട്ടിയിട്ടും അവന്റെ ദുര തൃപ്തിപ്പെടുന്നില്ല; നനഞ്ഞിടം കുഴിക്കുന്ന പണി അവൻ തുടരുന്നു. അവന്റെ മുമ്പിലുള്ള ഭൂമി എന്തും നല്കാൻ സന്നദ്ധയായ രത്നഖനിയാണ്; എന്തും ചുരത്തുവാൻ സന്നദ്ധയായ കാമധേനുവാണ്. ആ കാമധേനുവിന്റെ ചോരകൂടി കുടിച്ചിട്ടും മനുഷ്യന്റെ ആർത്തി കുറയുന്നില്ല. ദിനം

www.malankaralibrary.com



തോറും ലഭിക്കുന്ന ഓരോ സ്വർണ്ണമുട്ടകൊണ്ട് അവൻ തൃപ്തനല്ല. സ്വർണ്ണമുട്ടയെല്ലാം ഒന്നിച്ചെടുക്കാൻ ശാസ്ത്രത്തിൻെറ മൂർച്ചയേറിയ ആയുധങ്ങൾ അവൻ പ്രയോഗിക്കുകയാണ്. ധാതുക്കളും ലോഹങ്ങളും മുച്ചൂടും ചോർത്തിക്കറന്നുകൊണ്ടിരിക്കുന്നു; ഇനി ഒന്നും കഴിച്ചെടുക്കാൻ ഇല്ലാത്ത മട്ടിലായിരിക്കുന്നു; ഭൂമിയെ ഒരു വരണ്ട തൊണ്ടുമാത്രമാക്കിത്തീർത്തിരിക്കുന്നു.

ജീവിക്കാൻ കൊള്ളരുതാത്ത ഒരു ഗ്രഹമായി ഭൂമി മാറിക്കൊണ്ടിരിക്കുന്നു. കാടും കുന്നും നശിപ്പിക്കുകയാണ്. പുഴയും തടാകവും ദുഷിപ്പിക്കുകയാണ്. മലീമസമായ അന്തരീക്ഷത്തിൽ ജീവജാലങ്ങൾ പൊറുതിമുട്ടിയിരിക്കുന്നു. ദുഷിച്ച ജലാശയങ്ങളിൽ ജീവികൾ ചത്തുമലച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ റിഥം തെററിയിരിക്കുന്നു; സർഗ്ഗലയങ്ങൾക്ക് താളപ്പിഴ പിണഞ്ഞിരിക്കുന്നു;ജീവരഥത്തിൻെറചക്രങ്ങൾ ചളിക്കുണ്ടിലാണ്ടിരിക്കുന്നു; ഭൂമി ചക്രശ്വാസം വലിക്കുന്നു.

ഈ ദുർഘടസ്ഥിതിയിൽ മനം നോവുന്നകവി ഭൂമിയുടെ ചരമഗീതം പാടുകയാണ്. ''ഭൂമി ഇനിയും മരിച്ചിട്ടില്ല, എങ്കിലും മരണം അത്യാസന്നമാണ്, ആസന്നമരണയായ ഭൂമിക്ക് ഞാൻ ആത്മശാന്തി നേരുന്നു. ഭൂമി മരിക്കുമ്പോഴേക്കും സകല ജീവജാലങ്ങളും മരിച്ചിരിക്കും, ഞാനും മരിച്ചുകഴിഞ്ഞിരിക്കും. നിൻെറയും എൻെറയും ചരമശുശ്രൂഷയ്ക്ക് ഈ ഗാനം ഞാൻ കുറിച്ചുവച്ചിരിക്കുകയാണ്. നാളെ നീ മരവിച്ചിരിക്കുമ്പോൾ ജീവനററ നിൻെറ മുഖത്ത് ഒരു തുള്ളി കണ്ണീരെങ്കിലും അർപ്പിക്കുവാൻ ഇവിടെ ആരുമുണ്ടായിരിക്കുകയില്ല. അതുകൊണ്ടാണ് ഈ ചരമഗീതം ഞാൻ കുറിച്ചുവയ്ക്കുന്നത്. ഭൂമി ഇനിയും മരിച്ചിട്ടില്ല, ആസന്ന മരണയായ ഭൂമിക്കു ഞാൻ ആത്മശാന്തി നേരുന്നു''.

മൃതപ്രായയായ ഭൂമിയെ രക്ഷിക്കാൻ ആക്കു കഴിയും? ജീവജാലങ്ങൾക്ക് നിൽക്കക്കള്ളിയില്ലാത്ത ഈ ദുർഘടത്തിന് എന്തുണ്ട് പരിഹാരം? ശാസ്ത്രം ഈ വിഷയത്തിൽ മൗനം പാലിക്കുന്നു. രാഷ്ട്രീയം, കമ്മ്യൂണിസമാകട്ടെ, മുതലാളിത്തമാകട്ടെ മിണ്ടാതടങ്ങുന്നതേയുള്ളു. പ്രകൃതിയെ ചോർത്തിയെടുക്കുവാൻ വെമ്പൽ കൊള്ളുന്നവർ എങ്ങനെ ഈ വിഷയത്തെ

www.malankaralibrary.com



നേരിടും? ആദ്ധ്യാത്മിക പരിഹാരമാർഗ്ഗമായ സംയമമാണ് ഇവിടെ ഏററവും സ്വീകാര്യം. പ്രകൃതി വിഭവങ്ങളുടെ വിവേകപൂർവ്വവും മിതവുമായ വിനിയോഗത്തിലൂടെ ചൂഷണവിമുക്തമായ ഒരു നവസമൂഹമെന്നതാണത്. ഈ ചിന്താഗതിയിലേയ്ക്കു തിരിഞ്ഞിട്ടുള്ള ശാസ്ത്രജ്ഞന്മാരുമുണ്ട്. ഇ. എഫ്. ഷൂമാക്കറുടെ അർത്ഥശാസ്ത്ര ദർശനം ഈ വഴിക്കുള്ളതാണ് "Small is beautiful" (മിതം തന്നെ സുന്ദരം) A guide for the perplexed"(വിഷമത്തിൽ പെട്ടവർക്കൊരു സഹായി) "Small is possible" (മിതം സാദ്ധ്യമാകുന്നു) എന്നീ കൃതികളിലൂടെ അദ്ദേഹം നല്കുന്ന സന്ദേശം സംയമത്തിൻേറതാണ്.

ഭാരതീയരുടെ അപരിഗ്രഹം എന്ന ആശയവും ഇതു തന്നെ. സമൃദ്ധിയുടെ മദ്ധ്യത്തിൽപോലും എത്ര കുറച്ച് ഉപംക്കൊള്ളാമോ അത്ര കുറച്ചുമാത്രം സ്വീകരിക്കലൊണ് അപരിഗ്രഹം.

"ജീവിക്കാൻ കല്പവൃക്ഷാവലിയുടെ നടുവിൽ
ബ്ഭക്ഷണം വായുമാത്രം:
ശുദ്ധിക്കായ് സ്നാനകർമ്മം കനകകമലിനി
ധൂളിയാളും ജലത്തിൽ;
ധ്യാനിക്കാൻ രത്നപീഠം; ത്രിദിവതരുണിമാർ
ചൂഴവേ ബ്രഹ്മചര്യം;
പ്രാപിക്കേണം തപസ്സാൽപ്പദമിതിവിടെയി
ത്താപസന്മാർ തപിപ്പോർ".

ആഗ്രഹിക്കുന്നതെന്തും കൊടുക്കുന്ന കല്പവൃക്ഷങ്ങളുടെ നടുവിൽ ജീവൻ നിലനിർത്തുന്നതിന് വായു മാത്രം ഭക്ഷിക്കൽ, സ്വർണ്ണത്താമരപ്പൂമ്പൊടി കലന്ന വെള്ളത്തിൽ കുത്താടിക്കളിക്കാമെന്നിരിക്കെ ദേഹശുദ്ധിക്കുവേണ്ടി മാത്രമുള്ള സ്നാനം ചെയ്യൽ, രത്നത്തറയിലിരുന്ന് ധ്യാനം, സ്വർഗ്ഗസുന്ദരികരം ശൃംഗാരലാലസമായ കടക്കൺകൊണ്ടു പ്രലോഭിപ്പിക്കുമ്പോരം ബ്രഹ്മചര്യാനുഷ്ഠാനം, സമൃദ്ധിയുടെ നടുവിലുള്ള സംയമനം—ഇതാണ് പഴുത്തുപാകമായ മുന്തിരിക്കുലകരം നിറഞ്ഞ വയലുകളിൽനിന്നും പഴം പറിച്ചെടുക്കാത്ത സ്ഥിതി, കൃഷിഭൂമിക്ക് വിശ്രമം നല്കുന്ന സ്ഥിതി.

www.malankaralibrary.com



വയലിലെ വിളവുശേഖരണത്തിൽ മാത്രം ഒതുക്കി നിർത്താനുള്ളതല്ല ധൂർത്തിൽ നിന്നും പിന്തിരിപ്പിക്കുന്ന സംയമതത്വം. പ്രതിവർഷം നൂറായിരം കോടിരൂപയാണ് മാരകായുധങ്ങൾക്കുവേണ്ടി ഇന്നു ചെലവിടുന്നത്, രക്തദാഹാർത്തമായ ഈ രാക്ഷസധൂർത്ത് അവസാനിപ്പിച്ചേ പററൂ. അതിലൊട്ടും കുറവല്ലാത്ത സംഖ്യയാണ് മനുഷ്യനെ മൃഗമാക്കുന്ന മദ്യത്തിനും മയക്കുമരുന്നിനും ചെലവിടുന്നത്. മൃഗീയതത്വത്തിൻെറ ഈ ധൂർത്തിനും കടിഞ്ഞാണിടേണ്ടതാണ്. ധൂമപാനത്തിനു ചെലവഴിക്കുന്ന തുക മദ്യപാനത്തിൻേറതിനേക്കാൾ അധികമാണ്. വിവേകരാഹിത്യത്തിൻെറ ഈ ധൂർത്തും ഇല്ലാതാക്കേണ്ടതാണ്. ഇത്തരം ധൂർത്തടികൾക്കുള്ള ഒററമൂലിയാണ് ജൂബിലിയിലൂടെ വേദപുസ്തകം നല്കുന്ന സംയമതത്വം. സംയമത്തിൻെറ കടിഞ്ഞാൺ ഉണ്ടെന്നു വന്നാൽ അത്യാർത്തിയുടെ പടുകുഴിയിലേക്കുള്ള പതനത്തിൽ നിന്നു് മനുഷ്യൻ വിമുക്തനാകും.

### മോചനത്തിൻെറയും രമ്യതപ്പെടലിൻെറയും അവസരം

''പാപപരിഹാര''ദിനമായ അന്നു് ദേശം മുഴുവൻ കാഹളം മുഴക്കണം, ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം, ഓരോരുത്തനും തങ്ങളുടെ സ്വത്തു തിരികെ ലഭിക്കണം. ഓരോരുത്തനും തങ്ങളുടെ കുടുംബങ്ങളിലേക്കു മടങ്ങിപ്പോകട്ടെ. നിൻെറ അയൽക്കാരന് എന്തെങ്കിലും വില്ക്കുകയോ അവനിൽനിന്നു് എന്തെങ്കിലും വാങ്ങുകയോ ചെയ്യുമ്പോൾ പരസ്പരം ഞെരുക്കരുതു്''.
(ലേവ്യർ 25:10).

അന്യാധീനപ്പെട്ട ഭൂസ്വത്തുക്കൾ അവകാശികൾക്ക് തിരികെക്കൊടുക്കൽ; കടക്കാരുടെ ബാദ്ധ്യത ഇളവു ചെയ്യൽ; അടിമകൾ സ്വതന്ത്രരാക്കപ്പെടൽ—എല്ലാം ജൂബിലിയുടെ അനുശാസനങ്ങളാണ്.

ഇന്നു അടിമത്തവ്യവസ്ഥ ഇല്ലായിരിക്കാം. എങ്കിലും പലരംഗത്തും അടിമത്തമുണ്ട്. കൊടിയ ചൂഷണം കൊടികുത്തി വാഴുന്നുണ്ട്; അന്യൻെറ വസ്തുവകകൾ ക്രൂസലന്യേ

www.malankaralibrary.com



കയ്യേറുന്നുണ്ട്; പിടലിയറുക്കൽ, കുത്തിക്കവർച്ച, മോഷണം, ചൂഷണം, കൈക്കൂലി തുടങ്ങിയവയിലൂടെ മാത്രമല്ല ഇന്ന് അപഹരണം നടക്കുന്നത്, എല്ലാവർക്കും വേണ്ടിയുള്ള പ്രകൃതി വിഭവങ്ങൾ ന്യൂനപക്ഷം ധൂർത്തടിക്കുന്നത് അന്യന്റെ വസ്തു കൈയേറലാണ്.

ജൂബിലി ആചരിക്കുന്നതിനുള്ള വേദപുസ്തകത്തിന്റെ നിർദ്ദേശം പാലിച്ചാൽ, ഭൂമി ചുരുക്കം ചിലരിൽ കുന്നുകൂടുന്നതിനു വിരാമമുണ്ടാകും; വലിയ സമ്പത്തിന്റെയും കൊടിയ ദാരിദ്ര്യത്തിന്റെയും ഫലമായുള്ള ഉച്ചനീചത്വങ്ങൾ ഇല്ലാതാകും; ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു കുറയും; അടിമത്തസാഹചര്യങ്ങൾ ഇല്ലാതാകയും വിഭാഗീയ ചിന്തയ്ക്കും ക്രമക്കേടുകൾക്കും ശമനമുണ്ടാകുകയും ചെയ്യും. തൊഴിലാളിയും മുതലാളിയും തമ്മിലും വികസിതരാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിലുമുള്ള ചേരിപ്പോരിന് എത്രയോ സമർത്ഥമായ പ്രതിവിധിയാണ് ജൂബിലിയുടെ വിശുദ്ധാചരണം.

എല്ലാവിധ ചൂഷണത്തിനും പരിഹാരം ചെയ്യുന്നതിനത്രേ ജൂബിയുടെ ആഹ്വാനം. വ്യക്തി സ്വാതന്ത്ര്യത്തെ സർവ്വാത്മനാ അംഗീകരിക്കുന്ന ഈ സംവിധത്തിനു മുമ്പിൽ ഏതു സോഷ്യലിസം തലകുനിക്കുകയില്ല? വേദപുസ്തമല്ല പരാജയപ്പെടുന്നത്. പിന്നെയോ, വേദപുസ്തകം പ്രായോഗികമാക്കുന്നതിൽ ലോകമാണ് പരാജയപ്പെടുന്നത്.

www.malankaralibrary.com

# 5

# സ്ത്രീപൗരോഹിത്യം *

പേരെടുത്ത പ്രോട്ടസ്റ്റൻറ് ദൈവശാസ്ത്രജ്ഞനാണ് കാറൽ ബാത്ത് (Karl Barth). അദ്ദേഹത്തിൻെറ അഭിപ്രായമാരാഞ്ഞുകൊണ്ട് അഭിമുഖസംഭാഷണമദ്ധ്യേ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു. പ്രോട്ടസ്റ്റൻറ്—കത്തോലിക്കാസഭകളുടെ ഐക്യത്തിനു വിലങ്ങുതടിയായി നില്ക്കുന്ന ഏററം വലിയ ഘടകം ഏതാണെന്നായിരുന്നു ചോദ്യം. ബാത്ത് മറുപടി പറഞ്ഞു: 'പ്രോട്ടസ്ററൻറുകാർ ഉയർത്തുന്ന എല്ലാ പ്രമേയങ്ങളുടെയും ഒടുവിൽ കത്തോലിക്കർ ചേർക്കുന്ന ഒരു കൊച്ചുശബ്ദമാണ് ഐക്യത്തിനു വലിയ പ്രതിബന്ധം. ആ ആ കൊച്ചുശബ്ദം 'ഉം' (And) എന്ന സമുച്ചയഘടകശബ്ദമാണ്. പ്രോട്ടസ്റ്റൻറുകാർ യേശു എന്നു പറയുമ്പോൾ കത്തോലിക്കർ യേശുവും മറിയവും എന്നുരുവിടും. കർത്താവായ യേശുക്രിസ്തുവിനെ മാത്രം അനുസരിക്കണമെന്ന് ആംഗ്ളിക്കർ പഠിപ്പിക്കുമ്പോൾ കത്തോലിക്കർക്ക് ക്രിസ്തുവും വികാരിയായ പാപ്പായും വേണം. കർത്താവേശുമിശിഹായുടെ യോഗ്യതയാൽ രക്ഷിക്കപ്പെടുന്നു എന്നു പ്രോട്ടസ്ററൻറു നവീകരണക്കാർ വിശ്വസിക്കുമ്പോൾ "മനുഷ്യൻെറ നല്ലപ്രവൃത്തികളാലെയും" എന്നു കത്തോലിക്കർ കൂട്ടിച്ചേർക്കുന്നു. വെളിപാടിൻെറ ഒരേ ഒരു ഉറവിടം വേദപുസ്തകമാണെന്ന് ആംഗ്ളിക്കർ ഉച്ചൈസ്തരം ഘോഷിക്കുമ്പോൾ വേദപുസ്തകവും പാരമ്പര്യവും എന്നത്രേ കത്തോലിക്കൻെറ ഉദീരണം. തിരുവചനത്തിലുള്ള വിശ്വാസംകൊണ്ട് ഈശ്വരാവബോധം ഉണ്ടാകുമെന്നു

---

* അഭിനവമായി ഉയന്നിട്ടുള്ള ഒന്നാണ് സ്ത്രീപൗരോഹിത്യപ്രശ്നം. ആംഗ്ളിയാ സമൂഹങ്ങളിൽ ഉയർന്ന ഒരുമുറവിളി. 1975–76 കാലങ്ങളിൽ ഈ വിഷയം സംബന്ധിച്ചു ആറാം പോൾപാപ്പായും കാൻറർബറി ആർച്ചുബിഷപ്പു കോഗനും തമ്മിൽ കത്തുകൾ കൈമാറിയിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ചുള്ള ലേഖകൻെറ പഠനം പ്രേഷിതകേരളം 1986—ലെ ക്രിസ്മസ് പതിപ്പിൽ ചേർത്തു.

www.malankaralibrary.com



പ്രോട്ടസ്റ്റൻറുകാർ കരുതുന്നു, കത്തോലിക്കർ യുക്തിവിചാരത്തെക്കൂടി കൂട്ടുപിടിക്കുന്നു.

കന്യകാമറിയം, സഭാനേതൃത്വം, പാരമ്പര്യം, നീതീകരണം തുടങ്ങിയ വിഷയങ്ങളിൽ പ്രോട്ടസ്റ്റൻറ്–കത്തോലിക്കാസഭകൾ തമ്മിലുള്ള അകൽച്ച വളരെയേറെ കുറഞ്ഞിട്ടുണ്ട്. എന്നാൽ ബാർത്ത് എടുത്തു പറഞ്ഞിട്ടില്ലാത്ത ഒരു തലം ഐക്യനീക്കത്തിനു ഭീഷണി ഉയർത്തിത്തുടങ്ങിയിരിക്കുന്നു. സ്ത്രീപൗരോഹിത്യം സംബന്ധിച്ച പ്രശ്നമാണത്.

സ്ത്രീകൾക്കും വേണം പൗരോഹിത്യം എന്ന മുറവിളി ആംഗ്ളിയാസമൂഹങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. ആറാം പോൾ പാപ്പായും കാൻറർബറി ആർച്ചുബിഷപ്പ് കോഗനും ഈ വിഷയം സംബന്ധിച്ച് 1975-76 കാലങ്ങളിൽ എഴുത്തുകൾ കൈമാറിയിട്ടുണ്ട്. വിശ്വാസസത്യങ്ങൾക്കുവേണ്ടിയുള്ള തിരുസംഘം 1976 ഒക്ടോബർ 15-ാം തീയതി പ്രസിദ്ധീകരിച്ച Inter Insigniores എന്ന പ്രഖ്യാപനമാണ് സ്ത്രീപൗരോഹിത്യം സംബന്ധിച്ച് കത്തോലിക്കനിലപാടു വ്യക്തമാക്കുന്ന രേഖ.

ഐക്യനീക്കത്തിന് നൂതനപ്രതിസന്ധിയാണ് പൗരോഹിത്യരംഗത്തെ ഈ കോളിളക്കം. എക്യുമെനിസത്തിൻെറ അനുരഞ്ജനവർദ്ധന ഒരിടത്ത്; സ്ത്രീപൗരോഹിത്യത്തിൻെറ ചുഴലിപൊങ്ങൽ മറുവശത്ത്– ഈ വൈരുദ്ധ്യതയാണ് പ്രതിബന്ധമുയർത്തുന്നത്.

1984 ഡിസംബർ 20-ാം തീയതി ജോൺ പോൾ രണ്ടാമൻ പാപ്പാ കാൻറർബറി ആർച്ചുബിഷപ്പ് മോസ്റ്റ് റവ. റോബർട്ട് റൺസിക്ക് എഴുതി: "ഒന്നാകുന്നതിനുള്ള ദൈവത്തിൻെറ വിളിതന്നെയാണ് കൂട്ടായ്മയുടെ പടികളിലേക്കു നമ്മെ ഉയർത്തുന്നത്; ഭിന്നതകളെ അഭിമുഖീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും അതേ വിളിയത്രേ" അനുരഞ്ജനത്തിനുവേണ്ടിയുള്ള തിരച്ചിലിനെ ഇല്ലാതാക്കാൻ തടസ്സങ്ങൾക്കു സാധിക്കയില്ലെന്ന പ്രത്യാശയും മാർപ്പാപ്പായ്ക്കുണ്ട്.

കാൻറർബറി ആർച്ചുബിഷപ്പ് റോബർട്ട് റൺസി പോൾ ആറാമൻ മാർപ്പാപ്പായ്ക്ക് എഴുതിയ മറുപടിക്കത്ത്

www.malankaralibrary.com



ശ്രദ്ധാർഹമാണ്; "സഭകൾ തമ്മിൽ മാത്രമല്ല, സഭകൾക്കുള്ളിലും ഇതൊരു പ്രശ്നമാണ്. പ്രോട്ടസ്റ്റന്റു സഭയിൽ ഏകാഭിപ്രായമല്ല ഈ കോളുകൊള്ളൽ ഉളവാക്കിയിട്ടുള്ളത്." അടിസ്ഥാനന്യായങ്ങൾ സ്ത്രീപൗരോഹിത്യവാദക്കാർക്കുണ്ടെന്നും തന്മൂലം, ഇതു സംബന്ധിച്ച ഒരു സംയുക്തപഠനം ആവശ്യമാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്.

വത്തിക്കാനിലെ ക്രൈസ്തവൈക്യസെക്രട്ടറിയററിന്റെ അദ്ധ്യക്ഷൻ കർദ്ദിനാൾ വില്ലെബ്രാൻഡിന് ആർച്ചുബിഷപ്പ് റൺസി ഒരു കത്തെഴുതിയിട്ടുണ്ട്. 1985 നവംബർ 22-ാം തീയതിയിലെ ആ കത്തിൽ ആംഗ്ലിക്കൻ സമൂഹങ്ങൾക്ക പ്രസ്തുത വിഷയം സംബന്ധിച്ചുള്ള ന്യായങ്ങൾ സമാഹരിച്ചിരിക്കുകയാണ്: "സ്ത്രീപൗരോഹിത്യത്തെക്കുറിച്ച് ആറാം പൗലൂസ് പാപ്പായും എന്റെ മുൻഗാമിയും കത്തുകൾ പകന്നിട്ടുണ്ട്. വിശ്വാസസത്യങ്ങൾക്കുവേണ്ടിയുള്ള തിരുസംഘം പ്രകാശിപ്പിച്ച Inter Insigniores എന്ന പ്രഖ്യാപനവും അനുസ്മരണീയമാണ്, ആദ്യപടിതന്നെ തുടരുകയെന്നതാണ് ഇക്കാര്യത്തിൽ കത്തോലിക്കാനിലപാട്. കിഴക്കും പടിഞ്ഞാറും നിലവിലുള്ള സാർവ്വത്രികങ്ങളെന്നു കരുതപ്പെടുന്ന ശ്ലൈഹിക പാരമ്പര്യങ്ങളിൽ വിട്ടുവീഴ്ചവരുത്താൻ സഭയ്ക്കു കഴിവില്ലത്രേ.

"ആംഗ്ലിക്കൻ വീക്ഷണകോണത്തിലൂടെ നോക്കുമ്പോൾ പൗരോഹിത്യശുശ്രൂഷയിൽ നിന്നു സ്ത്രീജനങ്ങളെ ഒഴിവാക്കുന്ന വേദശാസ്ത്രപരമോ പാരമ്പര്യബദ്ധമോ ആയ മൗലികന്യായങ്ങളൊന്നുമില്ല. ആംഗ്ലിക്കൻ ഗ്രൂപ്പുകൾ പലതും ഈ ആശയം പ്രകടിപ്പിച്ചുകഴിഞ്ഞു. പുതിയനിയമംകൊണ്ടുതന്നെ ഈ വിഷയത്തിന് ഒരു ഉറച്ചതീരുമാനം ലഭിക്കുന്നുണ്ടോ എന്നാണവരുടെ സംശയം. നാല്പതിലേറെ കൊല്ലക്കാലം ചൂടുപിടിച്ച ചർച്ചകളും ഗൗരവമേറിയ പഠനങ്ങളും നടത്തിയിട്ടും സംശയം പ്രബലമായി തുടരുകയാണ്.

പാരമ്പര്യത്തിലേക്കു തിരിഞ്ഞാലും കഥ വിഭിന്നമല്ല. പാരമ്പര്യത്തിനു നിരക്കാത്തതല്ലെന്നുള്ള ഉത്തമബോധ്യം കൊണ്ടുതന്നെയാണ് ചില പ്രോട്ടസ്റ്റന്റു സഭകൾ സ്ത്രീപൗരോഹിത്യം അനുവദനീയമാക്കിയിട്ടുള്ളത്. പൗരോഹിത്യ

www.malankaralibrary.com



പദവിയിലേക്കു സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിനു മൗലിക ന്യായങ്ങളില്ലെന്ന ആരോപണത്തിന് തെളിവു പോരാ. കിഴക്കും പടിഞ്ഞാറുമുള്ള പാരമ്പര്യം പരതിയാൽ ഇതു തെളിയും. അർത്ഥഗർഭമായ ഒരു ദൈവശാസ്ത്രവികസനമത്രേ സ്ത്രീപൗരോഹിത്യത്തിൻേറത്. ഇതിനെ നേരിടാൻ തെളിവില്ലെന്ന വെറുംപറച്ചിൽമാത്രം മതിയോ? താത്ത്വികങ്ങളായ സാധകയുക്തികൾ നിരത്തുകകൂടി വേണ്ടേ?

''ക്രിസ്തീയ രക്ഷാസംവിധാനത്തിൻെറ അടിസ്ഥാനതത്ത്വം എന്താണ്? വചനം മാംസമായി നമ്മോടുകൂടി വസിച്ചു. യേശുക്രിസ്തുവിൻെറ പീഡാനുഭവം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവവഴി മനുഷ്യത്വം പവിത്രീകൃതമാകുന്നതിനും ത്രിത്വൈകദൈവത്തിൻെറ ജീവനിൽ മനുഷ്യൻ പ്രവേശിപ്പിക്കപ്പെടുന്നതിനുമത്രേ വചനത്തിൻെറ മാംസം ധരിക്കൽ. ''നമ്മുടെ മനുഷ്യത്വവുമായി പങ്കുചേരുന്നതിന് ക്രിസ്തു വന്നതുപോലെ ആ ദിവ്യതയിൽ നമ്മളും പങ്കുകാരാകണം.'

''വചനം സ്വീകരിച്ച മനുഷ്യത്വം, ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്ത സൃഷ്ടികർത്താവിൻെറ മനുഷ്യത്വം പുംസ്ത്രീകൾ ഉൾപ്പെട്ട മനുഷ്യത്വം തന്നെയാണ്. കുരിശുകൊണ്ടു നേടിയ രക്ഷയിൽ മനുഷ്യവർഗ്ഗത്തിൻെറ പങ്കാളിത്തം നേർപകുതിക്കുമാത്രമായി കുറയ്ക്കാതിരിക്കണമെങ്കിൽ അതിൽ സ്ത്രീകളും ഉൾപ്പെടണം.

''പ്രധാനപുരോഹിതനായ ക്രിസ്തുവിൻെറ മനുഷ്യപ്രകൃതി പുംസ്ത്രീകൾ ചേർന്നതാണ്. ക്രിസ്തുവിൻെറ പ്രധാനപുരോഹിത സ്ഥിതി പൂർണ്ണമായും പ്രതിഫലിതമാക്കുന്നതിന് ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് സ്ത്രീകളും പ്രവേശിക്കേണ്ടതാണ്.

''ആംഗ്ളിക്കൻ വിശ്വാസികൾ ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരല്ലായിരിക്കാം. എങ്കിലും അതു പ്രായോഗികമാക്കിയവർക്ക സംതൃപ്തിയാണ്. എതിർപ്പ് ഒരിടത്തുമില്ല, ചില സമൂഹങ്ങളിൽക്കൂടി പുതുരീതി നടപ്പിലാക്കാൻ സാദ്ധ്യത തെളിഞ്ഞിട്ടുമുണ്ട്.''

www.malankaralibrary.com



പുതിയ നീക്കത്തിൽ പിണഞ്ഞിട്ടുള്ള അനൗചിത്യവും ആർച്ചുബിഷപ്പ് കാണാതിരിക്കുന്നില്ല. ഇക്കാര്യത്തിൽ പ്രകടിപ്പിച്ച എടുത്തുചാട്ടമാണ് അദ്ദേഹത്തിന് എടുത്തുപറയാനുള്ളത്. സ്ത്രീപൗരോഹിത്യം സംബന്ധിച്ച സഭകളുടെ പൊതുവായ അഭിപ്രായം ആരായേണ്ടതായിരുന്നു. എന്നിട്ടു വേണ്ടിയിരുന്നു നടപ്പിൽ വരുത്തൽ. ഇതു കൂടാതെ പെട്ടെന്നുള്ള എടുത്തുചാട്ടം ഉചിതമായില്ല. സഭൈക്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നതാണ് രണ്ടാമത്തെ സംഗതി. അതും ചെറിയ കാര്യമല്ല. സാർവ്വത്രിക സഭയുടെ ഹൃദയം കാണാൻ പ്രാദേശികസഭകൾക്ക വിപുലമായ കാഴ്ചപ്പാട് ഉണ്ടായെങ്കിലേ പററൂ.

കർദ്ദിനാൾ വില്ലെബ്രാൺഡ് ആർച്ചുബിഷപ്പ് റൺസിക്ക് അയച്ചിട്ടുള്ള കത്ത് പ്രമേയത്തിൻെറ അഗാധതലങ്ങളെ സ്പർശിക്കുന്നുണ്ട്.

"സഭകൾക്കിടയിൽ അഭിപ്രായൈക്യം ഉണ്ടാകുന്നതിനുമുമ്പായി സ്ത്രീപൗരോഹിത്യം നടപ്പിലാക്കാൻ ആംഗ്ളിയാസഭ കാട്ടിയ തിടുക്കം കൂട്ടലിൽ തിരുമേനി, അങ്ങ് ആശങ്കാകുലനാണല്ലോ. പുരുഷന്മാരെ മാത്രം പൗരോഹിത്യത്തിലേക്ക പ്രവേശിപ്പിക്കുന്ന പാരമ്പര്യമാണ് കത്തോലിക്കാ ഓർത്തഡോക്സ് സഭകളിലുള്ളത്. പ്രസ്തുത പാരമ്പര്യം മാററുന്നതിന് ഈ സമൂഹങ്ങൾ സന്നദ്ധത കാണിക്കുന്നില്ല. ക്രിസ്തുവിൻെറയും അപ്പസ്തോലന്മാരുടെയും നടപടിയാണ് ഈ പാരമ്പര്യത്തിനാധാരം. ക്രിസ്തു നല്കിയതും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതുമായ നടത്തയോടുള്ള വിശ്വസ്തതയത്രേ പൗരോഹിത്യാഭിഷേകത്തിൻെറ പാരമ്പര്യത്തിലുള്ളത്.

"സ്ത്രീപൗരോഹിത്യത്തെ എതിർക്കുന്നവർ ആംഗ്ളിയാസഭയിലുണ്ടല്ലോ. ശക്തമായ വാദമല്ലേ അവർക്കുള്ളത്? ആംഗ്ളിക്കൻസഭ സാർവ്വത്രികസഭയുടെ ഭാഗമാണ്. കത്തോലിക്കാ ഓർത്തഡോക്സ് സഭകളിൽ നിന്ന് ഒററപ്പെട്ട് പാരമ്പര്യത്തിൽനിന്നുള്ള പിന്നോക്കംപായൽ ഇത്തരം ഗൗരവമുള്ള വിഷയത്തിൽ ആംഗ്ളിയാസഭ തനിച്ചു ചെയ്യരുതാത്തതാണ്,

www.malankaralibrary.com



സഭകൾ തമ്മിലുള്ള അനുരഞ്ജനത്തിന്റെ പാത കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. സഭൈക്യം അടിസ്ഥാനപരമായ ഒരു കാര്യമാണ്. അതു ശക്തിപ്പെടുത്താൻ സ്ത്രീപൗരോഹിത്യം പോലെയുള്ള നൂതനചിന്തകൾക്കു യാതൊരു കഴിവുമില്ല; എന്നുതന്നെയുമല്ല, നിലവിലുള്ള സൗഹൃദസ്ഥിതിയെ അതു പ്രതികൂലമായി ബാധിക്കയും ചെയ്യും.

"ദൈവശാസ്ത്രവിചാരമാണ് സ്ത്രീ പൗരോഹിത്യത്തിനു പ്രേരകം എന്ന വാദം സഗൗരവം പരിഗണിക്കേണ്ടതുണ്ട്. സാമൂഹ്യമോ സാംസ്കാരികമോ ആയ ഘടകങ്ങളല്ല സ്ത്രീപൗരോഹിത്യവാദത്തിന്റെ ഉറവിടമെന്ന് ഇതു വെളിപ്പെടുത്തുന്നു. ലോകവ്യവഹാരങ്ങളിലുള്ള സ്ഥാനമാനങ്ങളുമായി ഇതിനെ കൂട്ടിക്കുഴയ്ക്കരുത്. കൂദാശാപരമായ ദൈവശാസ്ത്രവും സഭയുടെ പാരമ്പര്യവും സംബന്ധിച്ച ചർച്ചയിലാണ് സ്ത്രീപൗരോഹിത്യം വരേണ്ടത്.

ക്രിസ്തുവാണ് പ്രധാന പുരോഹിതൻ. ലോകരക്ഷയ്ക്കുവേണ്ടി ക്രിസ്തു സ്വീകരിച്ച മനുഷ്യത്വം പുംസ്ത്രീകൾ ഉൾപ്പെടുന്നതാണ്. പൗരോഹിത്യത്തിന്റെ അഭിഷേചനത്തിലൂടെ രണ്ട് ഉത്തരവാദിത്വങ്ങളാണ് ഏല്പിക്കപ്പെടുന്നത്. സഭാ ശരീരത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നുവെന്നത് ഒന്ന്; ഉത്ഥിതനായ ക്രിസ്തുവുമായി കൂദാശപരമായ പ്രത്യേകബന്ധം പുലർത്തുന്നുവെന്നത് മറ്റൊന്ന്. വി. കുർബ്ബാനയിൽ വൈദികൻ ക്രിസ്തുവിന്റെ പ്രതിനിധിയാകുകയാണ്. ക്രിസ്തുവിന്റെ മനുഷ്യത്വത്തിൽ സ്ത്രീപുരുഷന്മാർ ഉൾപ്പെടുന്നുണ്ടല്ലോ. സഭയിൽ ക്രിസ്തുവിനു പ്രാതിനിധ്യം വഹിക്കുന്നവർ ഇരുവകുപ്പുകാരിൽനിന്നും ആയിരിക്കേണ്ടതല്ലേ?— ഇങ്ങനെയാണല്ലോ സ്ത്രീപൗരോഹിത്യക്കാരുടെ വാദം.

"മതിയായതാണോ ഈ വാദമുഖം? പൗരോഹിത്യത്തേയും കൂദാശയേയും സംബന്ധിക്കുന്ന ഭാഷയാണ് ഇവിടെയുള്ളത്. സ്ത്രീകളുടെ പട്ടത്വമാണ് വിഷയം. പട്ടം സംബന്ധിച്ച കൂദാശാപരവും ദൈവശാസ്ത്രപരവുമായ

www.malankaralibrary.com



കാര്യങ്ങൾ പ്രസക്തമായിവരുന്നു. പട്ടം ആക്ക് നല്കാം, ആക്ക് നല്കാൻ പാടില്ല എന്നിവ കൂദാശാപരവും ദൈവശാസ്ത്രപരവുമായ ശാസ്ത്രങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു. പുരുഷന്മാർക്കുമാത്രം പട്ടം കൊടുക്കുന്ന പതിവു സഭാശാസ്ത്രത്തോട് അലിഞ്ഞുചേർന്നിരിക്കുകയാണ്. പൗരോഹിത്യം അവിടെ സഭയുടെ അവിഭാജ്യവും ആന്തരികവുമായ ഘടകമാണ്. പൗരോഹിത്യത്തിലും പൗരോഹിത്യംവഴിയുമാണ് ക്രിസ്തുവിൻെറ നിത്യബലി അവിടെ യഥാർത്ഥ സന്നിഹിതിയായിത്തീരുന്നത്. ക്രിസ്തുവിൻെറ രക്ഷാകര പ്രവർത്തനവും പൗരോഹിത്യക്രമവും അനുസ്യൂതമായി ബന്ധപ്പെട്ടിരിക്കുന്നു.

"ദൈവത്തിൻെറ രക്ഷാസംവിധാനത്തിൽ പൗരോഹിത്യത്തിനുള്ള പരമപ്രാധാന്യം വെളിപ്പെടുത്തുന്ന ന്യായങ്ങളുണ്ട്. ഇത്തരം ന്യായങ്ങളാണ് സ്ത്രീപൗരോഹിത്യവാദക്കാർ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ വി. വേദപുസ്തകത്തിലൂടെ വെളിപ്പെടുകയും സഭയിൽ ധ്യാനിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന രക്ഷാസംവിധാനത്തിൻെറ ശരിയായ ധാരണ സ്ത്രീപൗരോഹിത്യവാദക്കാരുടെ തെളിവുകൾ ഉൾക്കൊള്ളുന്നുണ്ടോ എന്നത്രേ സംശയം.

"രക്ഷിക്കാൻ ശക്തിയുള്ള ദൈവം; സ്വതന്ത്രമായ രക്ഷയെ സ്വീകരിക്കാൻ സന്നദ്ധമായ ജനം—രണ്ടും ഉൾക്കൊള്ളുന്നതാണ് വേദപുസ്തകത്തിലെ രക്ഷയുടെ ചിത്രം. ദൈവത്തിൻെറ രക്ഷാപദ്ധതിയിൽ മനുഷ്യകുടുംബത്തിൻെറ സ്ഥാനം കാണിക്കാൻ സ്ത്രീത്വത്തെയാണ് പ്രതീകമാക്കിയിട്ടുള്ളത്. ഇസ്രായേൽ ജനതയെ യഹോവയുടെ മണവാട്ടിയായി പഴയനിയമം ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ മണവാട്ടിയായിട്ടാണ് സഭയെ വി. പൗലൂസ് കാട്ടിത്തരുന്നത്. സഭയെ ആവിഷ്ക്കരിക്കാൻ സ്ത്രീത്വം പ്രതിരൂപമാകുന്നു. പാരമ്പര്യം സ്വീകരിക്കുന്ന ഈ ചിത്രീകരണത്തിന് സവിശേഷമായ അർത്ഥഗാംഭീര്യമുണ്ട്. ദൈവത്തിൻെറ വചനം സ്വീകരിക്കുന്ന സഭയാകുന്ന മണവാട്ടി; ആ വചനത്തിൻെറ ശക്തിയാൽ ഫലമണിയുന്ന മാതൃത്വം— എന്നതാണ് ആ ചിത്രീകരണത്തിൻെറ അർത്ഥം.ദൈവത്തിൻെറ വചനത്തിനു

www.malankaralibrary.com



കന്യകാമറിയം പ്രത്യുത്തരം നല്കുന്നുണ്ടല്ലോ. അതിലൂടെ ദൈവമാതാവായ മറിയം സഭയുടെ മാതൃക (type) ആണ്. സഭാശരീരത്തിന്റെ ശിരസ്സത്രേ ക്രിസ്തു. ശിരസ്സിലൂടെയാണ് മുഴുവൻ ശരീരവും രക്ഷിക്കപ്പെടുന്നതു്. ഈ പ്രത്യേക കാഴ്ചപ്പാടിലൂടെ വേണം പൗരോഹിത്യത്തിന്റെ പ്രാതിനിധ്യസ്വഭാവം മനസ്സിലാക്കേണ്ടതു്.

മാനവരക്ഷ സാധിതമാകുന്നതിനു ക്രിസ്തു മനുഷ്യപ്രകൃതി സ്വീകരിച്ചു. പുംരൂപമായിരുന്നു ക്രിസ്തു കൈക്കൊണ്ടതെന്നു മറക്കരുത്. വി. ഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തപ്പെടുകയും ഹൃദയത്തിൽ സഭ കാത്തുസൂക്ഷിക്കയും ചെയ്യുന്ന രക്ഷാസംവിധാനം ഉൾക്കൊള്ളുന്ന ഒരു സവിശേഷതയത്രേ ക്രിസ്തുവിന്റെ പുരുഷതാദാത്മ്യം. രക്ഷകനായ ക്രിസ്തുവും ക്രിസ്തുവിന്റെ രക്ഷണീയ വ്യാപാരത്തോടു സഹകരിക്കുന്നവരും തമ്മിൽ ഒരു അഭേദ്യബന്ധമുണ്ട്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വേണം പുരുഷന്മാരെ മാത്രം പൗരോഹിത്യത്തിലേക്കു പ്രവേശിപ്പിക്കുന്ന പതിവിനെ മനസ്സിലാക്കുവാൻ. പുരോഹിതൻ പ്രാഥമികമായി പ്രതിനിധാനം ചെയ്യുന്നതാരെയാണ്? മണവാളനായ ക്രിസ്തുവിനെയോ, മണവാട്ടിയായ സഭയേയോ? രക്ഷ പ്രവഹിപ്പിക്കുന്ന ദൈവത്തെയോ അതു സ്വീകരിക്കുന്ന ജനതയേയോ? ദൈവജനത്തെയല്ല. പിന്നെയോ, സഭാശരീരത്തിലേക്കു രക്ഷ പ്രവഹിപ്പിക്കുന്ന ശിരസ്സായ ക്രിസ്തുവിനെയത്രേ പുരോഹിതൻ പ്രഥമവും പ്രധാനവുമായി പ്രതിനിധാനം ചെയ്യുന്നത്.

ക്രിസ്തുവിന്റെ രക്ഷാകരബലിയുടെ ദിവ്യസന്നിഹിതി സഭ ലോകത്തിന് അനുഭവവേദ്യമാക്കുന്നു. പൗരോഹിത്യത്തിലും പൗരോഹിത്യം മുഖേനയുമാണ് ഇതു നിർവ്വഹിക്കപ്പെടുന്നത്. ബലിയർപ്പണത്തിൽ പുരോഹിതന്റെ സ്രോതസ് ക്രിസ്തുവിന്റെ വ്യക്തിത്വമത്രേ. അങ്ങനെയാണ്, സഭയിലെ ബലി സാർത്ഥകമാകുന്നത്. യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ശക്തിയുമായി താദാത്മ്യം പ്രാപിക്കുന്ന അനുഭവമാണ് സഭയ്ക്കുള്ളത്. സഭയുടെ

www.malankaralibrary.com



ഈ ശക്തിയിൽനിന്നാണ് പുരുഷന്മാരുടെ പൗരോഹിത്യം സംഗതമാകുന്നത്''.

സ്ത്രീപൗരോഹിത്യത്തിന് ഉപോത്ബലകമായി ഉന്നയിക്കുന്ന വേദശാസ്ത്രന്യായങ്ങൾ മതിയാകുന്നവയല്ലെന്നത്രേ കർദ്ദിനാൾ വില്ലെബ്രാൺഡിന്റെ സമർത്ഥനം.

ഈ വിഷയം തുടർന്നും ഡയലോഗിനു വിഷയമാകാതിരിക്കയില്ല. വികസ്വരമായിക്കൊണ്ടിരിക്കുകയാണ് സഭാനുരഞ്ജനത്തിന്റെ പാത. ചെറുതല്ലാത്ത പ്രതിസന്ധിയാണ് സ്ത്രീപൗരോഹിത്യപ്രശ്നം ഐക്യവീഥിയിൽ ഉണ്ടാക്കിവെച്ചിരിക്കുന്നത്. ആർച്ചുബിഷപ്പ് റൺസി ഇക്കാര്യം തുറന്നുസമ്മതിക്കുന്നുണ്ട്. കീഴ്മേൽ മറിച്ചിലിൽ നിന്നു പ്രശാന്തിയുളവാക്കുവാൻ കഴിവുള്ളവനാണു ദൈവം. ഈ പ്രതിസന്ധിയിൽനിന്നു പൂർണ്ണൈക്യത്തിലേക്കുള്ള വഴി സഭകൾക്കു തുറന്നുകിട്ടും എന്നുതന്നെയാണ് കർദ്ദിനാൾ വില്ലെബ്രാൺഡിന്റെ പ്രത്യാശ.

www.malankaralibrary.com

# 6

# പള്ളിമണിയുടെ മധുരനാദം *

''കുരിശിൽ ധൈര്യം, കുരിശിൽ വിജയം,
കുരിശു സമസ്തവുമാം
കുരിശിൽത്തന്നെ നിത്യായുസ്സും:
കുരിശേ, വിജയിക്ക!''

ലൗകായതികതയുടെ മുരളിയിൽനിന്ന് ആത്മാർത്ഥതയുടെ ഈ ഗാനം ഉതിരുകയില്ല. പള്ളിമണിയുടെ മധുരസ്വരംതന്നെയാണ് സിസ്റ്റർ ബനീഞ്ജായുടെ കവിത. വിശുദ്ധിയുടെയും യോഗാത്മകതയുടേയും രാഗസുധയായും ക്രിസ്തീയദർശനത്തിൻെറ അമൃതപ്രവാഹമായും അതറിയപ്പെടുന്നു. പ്രേഷിതാത്മകത്വം ചിത്രീകരിക്കുന്നതിൽ അതീവസമർത്ഥമത്രേ ശരൽക്കാല നദിപോലെ തെളിമയുള്ള ആ കാവ്യശൈലി.

''മിഷനറിയുടെ അന്നത്തെ രാത്രി'' എന്ന കവിത തന്നെ ഉദാഹരണം. കല്ലും ചരലും ചവിട്ടി യാത്രചെയ്താണ് ആ പാവപ്പെട്ട മിഷനറി സങ്കേതത്തിലെത്തുന്നത്, അന്തി കഴിഞ്ഞ സമയത്ത്. ജീവിതസൗകര്യങ്ങളൊന്നും തന്നെ അവിടെയില്ല. നോക്കൂ, ദാരിദ്ര്യശുഷ്കമായ ആ സങ്കേതം.

''പരമ്പിനാൽ ഭിത്തിചമച്ചിരുന്നു,
വൈക്കോലിനാൽ മേൽപ്പുര മേഞ്ഞിരുന്നു,
തറയ്ക്കുമേൽ ചാണകമിട്ടതെല്ലാം
പൊളിഞ്ഞു മണ്ണൊട്ടു തെളിഞ്ഞിരുന്നു''

അത്താഴമുണ്ടിട്ടില്ല, നല്ലവിശപ്പുണ്ട്; ദുർഘടയാത്ര ചെയ്തതാണ്, ക്ഷീണം കുറവല്ല; ഭാരപ്പാടുകൾ ഏറെയുണ്ട്,

---

* 1985 മെയ് 21-ാം തീയതി സിസ്റ്റർ മേരി ബനിഞ്ജ ദിവംഗതയായി. ആ അനുഗൃഹീത കവയിത്രിയെ സ്മരിച്ചുകൊണ്ട് 1985 ജൂലൈ ലക്കം പ്രേഷിതകേരളം പത്രാധിപപംക്തിയിൽ ''പള്ളിമണിയുടെ മധുരനാദം'' എന്ന ലേഖനം എഴുതി.

www.malankaralibrary.com



നന്നേ തളർന്നിരിക്കുന്നു—ആ സേവനധനൻ അവിടെ ശിലാതലത്തിൽ കിടന്നുപോയി. അപ്പോഴും വിചാരധാര ആ ക്ഷീണിതനെ അലട്ടി.

''മനോജ്ഞമാകും മണിമന്ദിരത്തിൽ
മൃദുത്വമേറുന്നൊരു മെത്തയിന്മേൽ
സുഖിച്ചുറങ്ങാൻ കഴിവുള്ളവൻ നീ
ശയിപ്പതെന്തിന്നു ശിലാതലത്തിൽ?''

രൂക്ഷമായ വെല്ലുവിളികളുള്ള പ്രത്യുത്തരം ആ ത്യാഗിയുടെ അന്തരംഗത്തിൽനിന്നുയന്നു.

''ഉദാരനാം നാഥനുവേണ്ടിയുള്ളോ—
രദ്ധ്വാനവും ഭൃത്യഗണത്തിനേററം
ആനന്ദസന്ദായകമായിരിക്ക—
മതിങ്കലില്ലത്ഭുതമേതുമോർത്താൽ''

''വീടല്ല വസ്തുക്കളുമൊന്നുമല്ല
വെടിഞ്ഞതത്ദേഹമെനിക്കുവേണ്ടി
സ്വജീവനെത്താൻ ബലിചെയ്തു മോദാൽ
തുറന്നു തൻ ഹൃത്തുമെനിക്കു കാട്ടി''

മിഷനറി ഭാവനാനേത്രത്തിലൂടെ കണ്ടു, ആ പ്രേഷിതക്കളത്തിന്റെ ദയനീയതയ്ക്കു പരിവർത്തനം വരുന്ന രംഗം. അവിടെ ദൈവാലയം ഉയരും, പള്ളിമണി മുഴങ്ങും, കുരിശു സൽഫലമുയർത്തും.

''കാട്ടാളരെപ്പോലെ കഴിഞ്ഞിടുന്ന
നാട്ടാരിലെയജ്ഞതയാകെ നീങ്ങി,
സ്രഷ്ടാവിനെ വാഴ്ത്തിനമസ്കരിച്ചു
സാഷ്ടാംഗമായ് വീഴ്വതുമന്നുകാണും''

ത്യാഗം ഫലമണിയാതിരിക്കയില്ല. പ്രേഷിതൻ ഒഴുകുന്ന വിയർപ്പുതുള്ളിയുടെ കഥ പറയാനുമില്ല. ''ചേററിൽ പുതഞ്ഞ മണി'' എന്ന പ്രതീകത്തിലൂടെ ആവിഷ്കരിക്കുന്നതു് ഈ ആശയമാണ്.

''ചെളിയെന്തു്? പൊടിയെന്തു്?
കഥയില്ല; നീയതിൽനി—
ന്നൊളിവീശിപ്പാരിടത്തെ
ലസിപ്പിക്കേണം.
അലയുടെ മുകളില—
ല്ലലയാഴിക്കടിയിലേ
ചെളിയിലല്ലയോ രത്നം
വിളങ്ങിടുന്നു?''

www.malankaralibrary.com



പ്രേഷിതക്കളത്തിന്റെ ഭീകരതയിൽ ഭീതിപ്പെടുന്നവരുണ്ട്. പണിപ്പെട്ടിട്ടും ഫലസിദ്ധി ഉണ്ടാകാത്തതിൽ ആകുലചിത്തരുമുണ്ട്. ഒന്നുകൊണ്ടും പിന്തിരിയേണ്ടതില്ലെന്നാണ് കവയിത്രിയുടെ ഉത്തേജനം

''തോണികളിറക്കി വലവീശിടുംകവേഗം
പ്രീണിതനായങ്ങുന്നതാനോക്കി നിൽപ്പൂ ദൂരെ
വലതുഭാഗത്തു വിടർത്തിവീശണം
ഗുരുവിൻ നിർദ്ദേശംപോലെ
മനുഷ്യമത്സ്യങ്ങളനവധിയപ്പോൾ
വലകളിൽ വന്നു വീഴും.''

മാതൃസഹോദരനായ ഫാ. സൈമൺ സി.ഡി.യുടെ ചരമശയ്യയ്ക്കരികിൽ നിൽക്കുമ്പോഴും പൗരോഹിത്യത്തിന്റെ മാഹാത്മ്യമാണ് കവയിത്രി ദർശിക്കുന്നത്.

''പ്രാർത്ഥനാഗാനങ്ങളേയാലപിക്കയേ മൃതൻ
യാത്രചോദിച്ചീടുന്നാ വേദിയോടെന്നേക്കുമായ്
എത്രനാളതിൽ ബലിയർപ്പിച്ച പുരോഹിതൻ,
എത്രവട്ടമാ പീഠം ചുംബിച്ച പുരോഹിതൻ,
പൊങ്ങുന്ന പരിമളധൂമങ്ങൾ വീശിവീശി
ഭംഗിയായാപീഠത്തെ ധൂപിച്ചപുരോഹിതൻ,
നിത്യജീവന്റെയപ്പമാബലിപീഠത്തിൽനി–
ന്നെത്രയോ ജനങ്ങൾക്കു നല്കിയ പുരോഹിതൻ,
നിത്യസമ്മാനത്തിനായ് വിളിക്കപ്പെട്ടു: മുദാ
യാത്രയായ് നിശ്ശബ്ദനായ്
വിടവാങ്ങുന്ന രംഗം''

''ലോകമേ യാത്ര'' പാടിയ വാനമ്പാടി പറന്നുമറഞ്ഞു. 1927 മുതൽ മുഴങ്ങിക്കേട്ട ആദ്ധ്യാത്മിക ഗീതാവലിയുടെ ആ മണിവീണ ഇനി ശബ്ദിക്കുകയില്ല. ദിവ്യാനുഭൂതിയുടെ ഇത്തരം ഒരു നാദശ്രവണത്തിനു് ഇനി എത്രനാൾ കേരളം തപസ്സുചെയ്യണം.

www.malankaralibrary.com

# 7

# വിടപറഞ്ഞ പിറാവ് *

(സർപ്പിണി)

പക്വമാനസയായ് ഞെളിഞ്ഞീടിലും
ഭീകരി, പെരിയാറേ, വിമോഹിനി,
ഭീതികൂട്ടുന്നടുത്തിടാൻ നിങ്കലെൻ–
സോദരനെ വിഴുങ്ങിയ ഘാതകി,
കൊഞ്ചിയാടിയ പിഞ്ചുകിശോരനെ
നെഞ്ചലിവെന്യേ വീർപ്പുമുട്ടിച്ച നീ!

പൊട്ടിടുന്നു കരിമ്പാറപോലുമേ
ഞെട്ടി വാവിട്ടു കേഴുന്നു പക്ഷികൾ!
ചുറ്റുമുണ്ടതിസംഭ്രാന്തിയെങ്കിലും
ചെറ്റുമില്ല നിനക്കൊരിളക്കവും!!

ഓരുമോ നിൻെറ ക്രൂരത നിർദ്ദയേ,
ആരറിയുമീ സ്വർഗ്ഗ രത്നപ്രഭ
എത്ര നാൾലോകം നോമ്പനുഷ്ഠിക്കിലു–
മിത്തരമൊരു മുത്തു ലഭിക്കുമോ?
ശില്പി മാർത്തോമ്മാ തൻശില്പപൂർത്തിക്കായ്
കാപ്പുകെട്ടിക്കഴിഞ്ഞവനാണവൻ;

---

* 1982 ജൂലൈ 1–ാം തീയതി ആലുവാപ്പുഴയിലെ നീർച്ചുഴിയിൽ മുഴുകി ബ്രദർ ലിബോറിയസ് കററിക്കാട്ടുകര കഥാവശേഷനായി. കേവലം 31 ദിവസത്തെ പരിചയം കൊണ്ടുമാത്രം സെമിനാരിയിലെ അദ്ധ്യാപകരേയും സഹപാഠികളെയും ഹഠാദാകർഷിക്കുവാനും എല്ലാവരുടെയും കണ്ണിലുണ്ണിയാകുവാനും ആ തത്വശാസ്ത്രവിദ്യാർത്ഥിക്കു കഴിഞ്ഞു. ആ ആകസ്മിക വിയോഗത്തെ അനുസ്മരിച്ചു കൊണ്ടെഴുതിയ വേദനയുടെ ഈ കവിത 1982 ആഗസ്റ്റ് ലക്കം പ്രേഷിത കേരളത്തിൽ 'വിമല' എന്ന തൂലികാനാമത്തിൽ വന്നു. വി. കിളിച്ചിമല എന്നതിൻെറ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങൾ ചേർത്താണു ആ തൂലികാനാമരൂപീകരണം.

www.malankaralibrary.com



അവ്യയെൻറ മനോഹരവാടിയിൽ
ഭവ്യദീപാർച്ചനയ്ക്ക മുതിർന്നവൻ;
ഭാരതനഭസ്സിങ്കലൊരായിരം
ചാരുഗീതിക്കൊരുങ്ങിയ കോകിലം;
വന്ദ്യബന്ധുക്കരംക്കന്യാദൃശാനന്ദ—
മന്ദഹാസനിലാവൊളി തൂകിയോൻ;
നിൻതിരക്കരം മാടിവിളിക്കവേ,
നിർദ്ദയേ, ചതി സന്ദേഹിച്ചില്ലവൻ
അക്കരുന്നിനെ ഞെക്കിത്തകർത്തനിൻ
ദുഷ്കൃതമേതുതീർത്ഥം കഴുകിടും?

പകചമാനസയായ് ഞെളിഞ്ഞീടിലും
ഭീകരി, പെരിയാറേ, വിമോഹിനി,
ഭീതികൂട്ടന്നടുത്തിടാൻ നിങ്കലെങ്കൻ—
സോദരനെ വിഴുങ്ങിയ ഘാതകി.
കൊഞ്ചിയാടിയ പിഞ്ചുകിശോരനെ
നെഞ്ചലിവെന്യേ വീർപ്പുമുട്ടിച്ചു നീ!

www.malankaralibrary.com

# 8

# അനന്യതയുടെ ആസ്വാദനീയത *

ഭാരതകത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം കോട്ടയത്തുവെച്ചു നടക്കുകയാണ് 1988 ഏപ്രിൽ 12 മുതൽ 22 വരെ തീയതികളിൽ. വടവാതൂർ സെൻറുതോമസ് സെമിനാരിയാണ് അതിനു വേദിയൊരുക്കിയിരിക്കുന്നത്. 1969—ൽസി.ബി.സി.ഐ. സമ്മേളനം എറണാകുളത്തുനടന്നിട്ടുണ്ട്. കേരളത്തിൽ രണ്ടാം പ്രാവശ്യം നടക്കുന്ന ഇപ്പോഴത്തെ സമ്മേളനം പ്രാധാന്യമർഹിക്കുന്നു. ഇക്കഴിഞ്ഞ മെയ്മാസത്തിൽ പരിശുദ്ധ പിതാവിൻെറ ഒരു ഉൽബോധനം ഭാരതമെത്രാന്മാർക്കു ലഭിക്കുകയുണ്ടായി. അതിനുശേഷം ഇവിടത്തെ നൂററിയിരുപതിലേറെ മെത്രാന്മാർ ഒന്നിച്ചുകൂടുന്ന ഈ സമ്മേളനം ശുഭോദർക്കങ്ങളായ പല പദ്ധതികൾക്കും രൂപം കൊടുത്തേക്കും.

സഭയുടെ അനന്യത ആരെയും ആശ്ചര്യം കൊള്ളിക്കാതിരിക്കയില്ല. സാർവ്വത്രികമാണ്, എന്നാൽ പ്രാദേശികത ഹനിക്കുന്നില്ല; ഏകമുഖമാണ്, എന്നാൽ ഐകരൂപ്യം ആവശ്യപ്പെടുന്നില്ല; ഒററ ആട്ടിൻപററമാണ്, എന്നാൽ വർഗ്ഗവർണ്ണവ്യത്യാസമുള്ള അജസഞ്ചയത്തെ ഉൾക്കൊള്ളിക്കുന്നു; ഏകോദ്യാനമാണ്, എന്നാൽ, ആയിരം വിധത്തിലുള്ള പൂക്കളെ വിടർത്തുന്നു—വെൻഡൽവിൽക്കി പോലും സഭയുടെ ഏകലോകചിന്ത അറിഞ്ഞിട്ടുണ്ടോ എന്തോ! ഇരുപതാംനൂററാണ്ടിലെ വിൽക്കി ഏകലോക സിദ്ധാന്തത്തിൻെറ പേരിൽ പുകഴ്ത്തപ്പെടുമ്പോൾ സഭയുടെ ചിരപുരാതനമായ ഏകലോക

---

* 1988 ഏപ്രിൽ 12 മുതൽ 22 വരെ തീയതികളിൽ ഭാരതകത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം കോട്ടയം വടവാതൂർ സെമിനാരിയിൽ നടന്നു. സാർവ്വത്രികതയും പ്രാദേശികതയും ഒന്നുപോലെ സംരക്ഷിക്കുന്ന സഭയുടെ അനന്യത പ്രകാശിപ്പിക്കുവാൻ ഈ സന്ദർഭം പ്രയോജനപ്പെട്ടു. ''അനന്യതയുടെ ആസ്വാദനീയത'' എന്ന ലേഖനം 1988 ഏപ്രിൽ ലക്കം പ്രേഷിതകേരളത്തിൽ പ്രസിദ്ധപ്പെടുത്തി.

www.malankaralibrary.com



സംവിധാനം ആരും അറിയുന്നപോലുമില്ല. അറിയാൻ ശ്രമിക്കുന്നില്ല; അറിയിക്കണമെന്ന മോഹം ഒരുത്തക്കും ഒട്ടില്ലതാനും!

കക്ഷത്തിലുള്ളതു പോകരുതു്; ഉത്തരത്തിലേതു എടുക്കയും വേണം—ഈ ദുർവഹത ഏകലോകചിന്തക്കാരനുണ്ടു്. പ്രാദേശികതയുടെ സഹജ സംസ്കാരമൂല്യം കളഞ്ഞു കുളിക്കാൻ പാടില്ല; പ്രദേശികാതിവർത്തിയായ ഐക്യം കൈയെത്തിപ്പിടിക്കയും വേണം. ഏകലോക പ്രഖ്യാപനക്കാർ പലരും കാണും. പക്ഷേ, ആരുംതന്നെ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചു ചൂണ്ടിക്കാട്ടുന്നില്ല. സഭയുടെ നില വ്യത്യസ്തമാണ്, ഒരു കർമ്മപദ്ധതി അവക്കുണ്ടു്. സാർവ്വത്രികതയേയും പ്രാദേശികതയേയും തുല്യമായി കണക്കിലെടുക്കുന്ന സരണിയാണതു്. മുള്ളിനും ഇലയ്ക്കും കേടുവരുത്താത്ത ആ കർമ്മപഥം സഭയെ അനന്യയാക്കുന്നു.

കറുത്തവനും വെളുത്തവനും കശപിശകൂടി; കറുത്തവൻ കറുത്തസൂര്യനു വേണ്ടിയും വെളുത്തവൻ വെളുത്തസൂര്യനു വേണ്ടിയും. തർക്കമുയർത്തി. ഗോളങ്ങളായ ഗോളങ്ങളെല്ലാം അവർ അലഞ്ഞുലഞ്ഞു തിരച്ചിൽ നടത്തി. കറുത്തസൂര്യനെയും വെളുത്തസൂര്യനെയും ഒരിടത്തും കണ്ടെത്തിയില്ല. അവസാനം അവർ രഞ്ജിപ്പിലെത്തി. സൂര്യൻ ഒന്നേയുള്ളു എന്നവർ സമ്മതിച്ചു. അതേ സമയം കറുത്തവൻ കറുത്തവനായും വെളുത്തവൻ വെളുത്തവനായും തുടരുന്നതിനും തീരുമാനമായി.

ഭംഗ്യന്തരേണ നല്കപ്പെടുന്ന മാർഗ്ഗനിർദ്ദേശമാണ് സഭയുടെ ''റീത്തു'' സംവിധാനം. സഭയെ സാർവ്വത്രികം (കാത്തലിക് അഥവാ എക്യുമെനിക്ക്) ആക്കിത്തീർക്കുന്ന കർമ്മപദ്ധതിയാണിതു്. ഏകലോകസാക്ഷാൽക്കാരത്തിനുള്ള സഭാസരണി. ''റീത്തു'' സംജ്ഞ സഭാസങ്കേതം മാത്രമാണ്. അതുകൊള്ളുന്ന മനോഹാരിത മററുള്ളവർ മനസ്സിലാക്കുന്നില്ല. സഭാസന്താനങ്ങൾപോലും ആ സുഷമാപൂരം ആസ്വദിക്കുന്നില്ല, ആസ്വദിക്കാത്തതു് എങ്ങനെ ആസ്വദിപ്പിക്കും?

''റീത്തു്'' എന്നാൽ തനിമയുള്ള സഭ (Individual Church) എന്നാണർത്ഥം. റീത്തുകളുടെ സംഘാതരൂപമാണ് സാർവ്വത്രികസഭ. ആരാധനാക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, നിയമസംഹിത എന്നീ നാലാണ് തനിമയുള്ള സഭയുടെ ഘടകങ്ങൾ. ഇക്കാര്യത്തിൽ ഓരോ റീത്തും ഭേദപ്പെട്ടിരിക്കും. സാരാംശപരങ്ങളായ കാര്യങ്ങളിലും സാർവ്വത്രികദൃശ്യതലവനെ സ്വീകരിക്കുന്നതിലും റീത്തുകൾ ഏകയോഗമായി നിലകൊള്ളും. റീത്തുകൂടാതെ സാർവ്വത്രികതയില്ല.

www.malankaralibrary.com



ഭാരത മെത്രാന്മാർക്ക് മാർപ്പാപ്പാ നല്കുന്ന ഉദ്ബോധനങ്ങളിൽ പ്രധാനം റീത്തു സംരക്ഷണമത്രേ. ലത്തീൻ സഭ, സീറോമലബാർ സഭ, സീറോ മലങ്കരസഭ എന്നീ റീത്തുകളുടെ ഉത്തേജനംകൊണ്ടേ ഭാരതകത്തോലിക്കാസംഘാതശക്തി വളരുകയുള്ളു. സഭയുടെ ശ്വാസകോശമായ പ്രേഷിത പ്രവർത്തനത്തിൽനിന്നു ഒരു റീത്തിനേയും ഒഴിവാക്കാവുന്നതല്ല. ഓരോ റീത്തിനും മെത്രാന്മാരുടെ കോൺഫ്രൻസുകൾ പ്രത്യേകം പ്രത്യേകം വേണമെന്നുള്ള മാർപ്പാപ്പായുടെ നിർദ്ദേശം കോട്ടയത്തെ സി. ബി. സി. ഐ. സമ്മേളനത്തിൽ പ്രായോഗികമാക്കാതിരിക്കുകയില്ല. ദേശവർഗ്ഗാതിവർത്തികളായുള്ള ദേശീയ താല്പര്യങ്ങളുടെ സംരക്ഷണത്തിനു നിലവിലുള്ള കാത്തലിക് ബിഷപ്പ് കോൺഫ്രൻസ് ഓഫ് ഇൻഡ്യാ തുടരുകയും ചെയ്യാം.

വൈവിധ്യത്തിൽ ഏകത്വവും ഏകത്വത്തിൽ വൈവിധ്യവും എന്ന സഭയുടെ അനന്യത പുലർത്തുന്നതു ചെറിയ കാര്യമല്ല. ആ ആസ്വാദനീയത പകരാൻ കഴിയുന്നപക്ഷം സഭയ്ക്കുണ്ടാകുന്ന നേട്ടം വലുതാണ്. റീത്തുസംരക്ഷണം കൊണ്ടു ഉദ്ദേശിക്കുന്നതു ന്യൂനപക്ഷ റീത്തുകാരനെ ഭൂരിപക്ഷറീത്തിൽ ലയിപ്പിക്കലല്ല. അതു മഹാമനസ്കതയല്ല. ഹിംസയാണ്, സഭയുടെ ഏകലോകചിന്താസുഷമയെ കാർന്നു നശിപ്പിക്കുന്ന കീടബാധ!

സ്നേഹസിദ്ധാന്തത്തിൽ ആക്രമണഭീഷണിക്കു സ്ഥാനമില്ല; ചെറുതിനെ വലുതു വിഴുങ്ങുന്ന ഹിംസ്രപ്രകൃതിയില്ല; കാമുകനെ കൊന്നു ചോരകുടിക്കുന്ന എട്ടുകാലി യുവതിയുടെ ഗർഭരക്ഷണമില്ല. സഭാസീമകളും നീതികളും സുരക്ഷിതമാക്കട്ടെ, റീത്തുസംവിധാനം ഒരുത്തർക്കും ലഘുത്വമുണ്ടാക്കുകയില്ല. അന്തപ്പനും ശാന്തപ്പനും പിതൃസ്വത്തിനെ ചൊല്ലി കടിപിടികൂടി. മർക്കോമാഷിനെയാണ് വിധിയാളനായി അവർ സമീപിച്ചതു്. ''അന്തപ്പൻ മൂത്തവനല്ലേ? അയാളുടെ ഇഷ്ടംപോലെ സ്വത്തു രണ്ടായി ഭാഗിക്കട്ടെ'' മാഷ് പറഞ്ഞു. അന്തപ്പന്റെ മുഖം തെളിഞ്ഞു. ശാന്തപ്പന്റെ മുഖം കറുത്തു. മാഷ് തുടർന്നു: ''പക്ഷേ ആ രണ്ടുഭാഗത്തിൽ ഇഷ്ടമുള്ള ഭാഗം തിരഞ്ഞെടുക്കുവാൻ ശാന്തപ്പനു അധികാരം കൊടുക്കുകയും വേണം'' കൃത്യമായി സ്വത്തു ഭാഗിക്കപ്പെട്ടു. കശപിശ അവസാനിച്ചു. സാഹോദര്യം പുലർന്നു. ആരോഗ്യകരമായ നീക്കം!

www.malankaralibrary.com

# 9

# അന്തരംഗം ഒരുങ്ങണമോ? *

''സാക്ഷാൽക്കരിക്കപ്പെട്ട സ്വപ്നം!'' എന്നൊരു കഥ— തുടങ്ങനാട്ടു ജോസ് എഴുതിയതു് ജൂലൈ ലക്കം പ്രേഷിത കേരളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. നാട്ടുമ്പുറത്തു നടക്കുന്ന ഒരു വിവാഹത്തിന്റെ ചിത്രീകരണമെന്നതല്ല ആ സോദ്ദേശ കഥയുടെ ഉന്നം.

ജയിംസിനു ബന്ധുജനം കൊണ്ടുവന്ന കല്യാണാലോചനകൾ പണക്കൊഴുപ്പിനു മുൻതൂക്കമുള്ളവയായിരുന്നു. എല്ലാം തൃണവൽഗണിച്ചുകൊണ്ടു് അവൻ പറഞ്ഞു: ''എല്ലാവരും എന്നെ അനുഗ്രഹിക്കണം. നമ്മുടെ അടുത്തുള്ള ഏററവും ശോചനീയാവസ്ഥയിൽ കഴിയുന്ന ചാക്കോച്ചേട്ടന്റെ അഞ്ചാമത്തെ സന്താനമായ സൂസമ്മയെ എന്റെ സഹധർമ്മിണിയായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു.'' എല്ലാവരും നെടുവീർപ്പിട്ടു. അപ്പൻ പറഞ്ഞു. ''മകനെ, നിന്റെ ഇഷ്ടം നടക്കട്ടെ! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!''

---

* തുടങ്ങനാട്ടു ജോസിന്റെ ഒരു ചെറുകഥ പ്രേഷിത കേരളത്തിൽ പ്രസിദ്ധീകരിച്ചു.(1984 ജൂലൈ ലക്കം) ''സാക്ഷാൽക്കരിക്കപ്പെട്ട സ്വപ്നം'' എന്നാണു് പേരു്. കല്യാണത്തിലെ കച്ചവടക്കണ്ണിന്റെ നേരെ വിരലൂന്നുകയാണു കഥാകാരൻ. പണക്കാരനും എം. എ. റാങ്കുകാരനുമായ ജയിംസ് ബന്ധുക്കൾകൊണ്ടുവന്ന വിവാഹമല്ല സ്വീകരിച്ചതു്. പിന്നെയോ സമീപത്തു ശോചനീയസ്ഥിതിയിൽ കഴിയുന്ന ഒൻപതംഗകുടുംബത്തിലെ അംഗമായ സൂസമ്മയെയാണു്. അവന്റെ വിവാഹഘോഷമോ? ലക്ഷക്കണക്കിനു വിലയുള്ള വസ്തുവും വീടും തുരുത്തേൽ ചാക്കോച്ചനു (സൂസമ്മയുടെ അപ്പനു) ഇഷ്ടദാനമായി കൊടുക്കൽ! പ്രേഷിതവൃത്തിയുടെ മാതൃകാപാഠമാണു് കഥാകാരൻ അവതരിപ്പിക്കുന്നതു്.

''അന്തരംഗം ഒരുങ്ങണമോ'' എന്ന എഡിറേറാറിയൽകുറിപ്പു 1984 ആഗസ്റ്റുലക്കം പ്രേഷിതകേരളത്തിൽവന്നു. ഇതിനു പ്രതികരണമായി ''കല്യാണകമ്പോളം'' എന്ന പേരിൽ മിസ് റീനാ മേരിവില്ലാ കോട്ടയം എഴുതി.

www.malankaralibrary.com



ഇദാനീന്തനസമൂഹത്തിൽ സാക്ഷാൽക്കരിക്കപ്പെടേണ്ട ചില പരിഷ്കാര നിർദ്ദേശങ്ങളാണ് സൂച്യമായും വാച്യമായും ഇക്കഥ ഉൾക്കൊള്ളുന്നത്.

1. ''പണം താൻ ഉലകത്തിലെ ജീവനാഡി''. വിവാഹത്തിന്റെ നിയാമകഘടകവും പണമാണെന്നുവന്നിരിക്കുന്നു. അതുമൂലം കുടുംബം പവിത്രതയിൽനിന്നു കച്ചവടം എന്ന നിലയിലേക്ക് ധാർമ്മികാടിത്തറയുടെ ആ വിശുദ്ധ ബന്ധം തരംതാണിരിക്കുന്നു. വി. കുർബ്ബാനയുടെ അപ്പം അങ്ങാടിയിൽ വിപണനം ചെയ്താൽ പണം കിട്ടിയെന്നിരിക്കും, അപ്പോൾ അതിന്റെ പവിത്രതയോ? വിവാഹക്കമ്പോളത്തിലെ വില വർദ്ധനവ് ഉളവാക്കുന്ന കെടുതി ഭയാനകമായി വർദ്ധിച്ചിരിക്കയാണ്. പാവപ്പെട്ട വീടുകളിലെ പെൺകുട്ടികളും രക്ഷിതാക്കളും അതുമൂലം തീ തിന്നുകയും ദഹിച്ചുരുകുകയും ചെയ്യുന്നു.

---

''.......സ്ത്രീധനം അഥവാ സ്ത്രീവില എന്ന നശിച്ച വിപത്തു വരുത്തിവെക്കുന്ന പീഡനങ്ങൾ മിണ്ടാപ്രാണിയെപ്പോലെ ഇന്നു പല സ്ത്രീകളും സഹിക്കുന്നു എന്നതു വാസ്തവമാണ്. സ്ത്രീധനംമാത്രം മോഹിച്ചു പരിപാവനമായ വിവാഹക്കുടാശയിലേർപ്പെടുന്ന ധാരാളം യുവാക്കളുണ്ട്. വ്യവസായക്കമ്പോളത്തിൽ ''ആടി''നും ''മാടി''നും വില പറയുന്നതിലും താഴ്ന്ന സംസ്കാരമാണ് സ്ത്രീധനത്തിന്റെ കാര്യത്തിൽ നാം പുലർത്തുന്നത്. കാരണം അവയ്ക്കെല്ലാം തുക അങ്ങോട്ടുകൊടുക്കണം. എന്നാൽ സ്ത്രീകൾ തങ്ങളുടെ വില പുരുഷനു കൊടുക്കണം. എന്തൊരു സാമൂഹ്യനീതി!

ആർഷഭാരതം എന്നും സ്ത്രീകളെ ആദരിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? ആദരവിനുപകരം ആക്ഷേപങ്ങൾ ഏതു മുക്കിലും മൂലയിലും. സ്ത്രീധനപ്രശ്നത്തിന്റെ പേരിൽ പട്ടാളമുറകൾ നിരപരാധിയായ സ്ത്രീയുടെമേൽ അഴിച്ചുവിടുന്ന എത്രയോ പുരുഷന്മാർ ക്രിസ്ത്യാനികളുടെ ഇടയിൽ തന്നെയുണ്ട്. വേണ്ടിവന്നാൽ മണ്ണെണ്ണപ്രയോഗംവരെ നടത്താൻ ധൈര്യമുള്ളവരും ഉണ്ടായികഴിഞ്ഞിരിക്കുന്നു.

ഇനി മറെറാരു വശം. സ്ത്രീധനത്തിനുവേണ്ടി മാത്രം വിവാഹം എന്ന വിശുദ്ധ കൂദാശയിലേർപ്പെടുന്നവരെ സഭ ഒരളവോളം ഊട്ടിവളർത്തുന്നില്ലേ? സ്ത്രീധനത്തുകയുടെ മാററനുസരിച്ചു ശതമാനം പററുന്ന സഭാനേതൃത്വത്തെപ്പററി പ്രേഷിതകേരളം എന്തു പറയുന്നു? എന്തുകൊണ്ടു ക്രിസ്ത്യാനികളായ നമുക്കെങ്കിലും അറപ്പും വെറുപ്പുമുളവാക്കുന്ന ഈ സാമൂഹ്യതിന്മയ്ക്കെതിരേ പോരാടിക്കൂടാ? (ഒക്ടോബർ 1984– P. 4)

www.malankaralibrary.com



2. ശൃംഗത്വയുടെ ഉച്ചകോടിയത്രേ ഇന്നത്തെ വിവാഹധൂർത്തുകൾ. പൈശാചികമായി കുടിച്ചുമദിക്കുന്നതിനുള്ള ഭാരിച്ച ചെലവുവരെ സാധുപെൺകുട്ടി വഹിക്കേണ്ടി വരുന്നതു് കഷ്ടാൽ കഷ്ടതരം തന്നെ. കഥാകൃത്തുമാതൃക കാട്ടുന്ന വിവാഹഘോഷം എന്തെന്നല്ലേ? ലക്ഷക്കണക്കിനു വിലയുള്ള വസ്തുവും വീടും പാവപ്പെട്ട തുരുത്തേൽ ചാക്കോച്ചേട്ടനു് ഇഷ്ടദാനമായി കൊടുക്കുന്ന രേഖ.

3. സ്ത്രീസ്വത്തിനെ ചൊല്ലിയുള്ള കിരുകിരുപ്പു് കുടുംബഭദ്രത തകർക്കുന്നു; കശപിശകൾക്കു വഴിതെളിക്കുന്ന കലഹങ്ങൾ സ്ത്രീയുടെ കൊലപാതകത്തിൽ വരെ കലാശിക്കുന്നു. സ്വന്തസമൂഹത്തിൽ വിവാഹത്തിനു തരപ്പെടാതെ നിർദ്ധനതമൂലം വിശ്വാസം ത്യജിക്കേണ്ടിവരുന്ന പെൺകുട്ടികളുടെ ധർമ്മസങ്കടം ഏറെ വിലപനീയമാണു്. കൊലപാതകങ്ങൾ മുഴക്കട്ടെ. വിശ്വാസപതനങ്ങൾ ഏറട്ടെ, എന്തുവന്നാലും സമൂഹത്തിലെ സ്വാർത്ഥദർശികളുടെ ''കച്ചവടകണ്ണിനു'' തെല്ലും മാററമുണ്ടാകുന്നില്ല.

4. വിവാഹമാർക്കററിൽ മൽസരിക്കാൻ ത്രാണിയുള്ളവർ, അതിനുള്ള ത്രാണിനഷ്ടപ്പെട്ടവർ എന്നിങ്ങനെ സമൂഹം രണ്ടായി പിളരുന്നു.

കീറിമുറിഞ്ഞു രക്തമൊലിപ്പിക്കുന്ന ദുർഭഗചിത്രം! വൈരൂപ്യത്തിന്റെ എന്തൊരു ബീഭത്സതയാണു് ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ ഗാത്രത്തിനു് അതുവരുത്തുന്നതു്!!

5. പണക്കാരനായ ജയിംസും പട്ടിണിക്കാരിയായ സൂസമ്മയും തമ്മിലുള്ള വിവാഹത്തെ പ്രണയകല്യാണത്തിന്റെ വിജയമായല്ല കാണിച്ചിരിക്കുന്നതു്. കേവലം സാമൂഹ്യോദ്ധാരണയത്നവുമല്ലതു്. ഒരു മിഷൻ പ്രവർത്തനമായി അതുകാണാൻ, അതിലൂടെ പ്രേഷിതവൃത്തിയുടെ ഒരു നൂതനാദ്ധ്യായം തുറക്കുവാൻ കഥാകൃത്തു് ആഗ്രഹിക്കുന്നു. ഈ പ്രേഷിതവേല ക്രിസ്തീയയുടെ അകത്തളത്തിൽ നടത്തേണ്ടതാണു്; കർത്താവിന്റെ കൂടാരത്തിൽ നുഴഞ്ഞുകയറിയിട്ടുള്ള അവിശുദ്ധതയുടെ നഗ്നനൃത്തങ്ങളെ ബഹിഷ്കരിക്കു

www.malankaralibrary.com



ന്നതിനാണ്; ദേവാലയത്തിലെ കച്ചവടങ്ങളെ ചാട്ടവാറുകൊണ്ടടിച്ചോടിക്കുന്നതിനാണ്;വിജാതീയതയിലേക്കു താഴുന്ന ക്രിസ്തീയതയ്ക്കു ഒരിക്കൽക്കൂടി ജ്ഞാനസ്നാനത്തിൻെറ വീണ്ടും ജനനം നല്കുന്നതിനാണ്. പ്രേഷിത പ്രവർത്തനം ഇന്ന് ഏറെ ആവശ്യമായിരിക്കുന്നതു സഭയ്ക്കുപുറത്തോ സഭയ്ക്കുള്ളിലോ എന്നതു ചിന്തനീയമാണ്.

''കച്ചവടക്കണ്ണിൻെറ'' കടന്നാക്രമണം മലീമസമാക്കാത്തരംഗങ്ങളാം ഇല്ലെന്നുതന്നെ പറയണം. വിൻസെൻറിപ്പോംസംഖ്യപ്രവർത്തകനായ ഏകസന്താനം വൈദികനാകുന്നതാണ് കൂടുതൽ ആദായമെന്നു ലുബ്ധനായ ചീക്കു മുതലാളി കരുതുന്നു. അല്ലാത്തപക്ഷം, അവൻെറ സാമൂഹ്യപ്രവർത്തനം വീടു മുടിക്കുമെന്നത്രേ ആ അപ്പൻെറ പേടി. സഹോദരി മുഖേനയാണ് അവൻെറ അടുക്കൽ ശിപാർശ

''ജോസുമോനേ!''

''എന്താ, പെങ്ങളേ!''

''കരക്കാരുടെ കാര്യം നോക്കി നടന്നാൽ മതിയോടാ. ചാച്ചനു നിന്നെപ്പററി എന്തുല്ലണ്ഠയാണ്!''

''എന്നെപ്പററിയോ? എന്തുലക്കണ്ഠ?''

''നിന്നെക്കുറിച്ച് ചാച്ചന് ഒരു നേർച്ചയുണ്ട്.''

''എന്താണ് ആ നേർച്ച?''

''നിന്നെ ഒരു മിഷനറി വൈദികനാക്കണമെന്ന്''.

''എന്നാൽപ്പിന്നെന്തുകൊണ്ടു ഇതുവരെ അതു പറഞ്ഞില്ല?''

''പറയാത്തതു കൊണ്ടെന്തുപിണഞ്ഞു?''

''ഒരു നേർച്ച ഞാനും നേർന്നു''.

''എന്താടാ നിൻെറ നേർച്ച?''

''എൻെറ മൂത്തപുത്രനെ പട്ടത്തിനു വിട്ടേക്കാമെന്ന്''.

ചീക്കുമുതലാളിയുടെ മനോഭാവക്കാരെ മാത്രമാണ് ജയിംസ് ചുററുപാടും കണ്ടതു്.

അർപ്പിതനായ പ്രേഷിതനു വിവാഹം അനുവദനീയമല്ല. ശരി. എന്നാൽ വിവാഹിതനു് പ്രേഷിതനാകരുതെന്നുണ്ടോ? വീടും നാടും വെടിയുന്നവൻ മാത്രമോ മിഷനറി?

www.malankaralibrary.com



വൈദികനും കന്യാസ്ത്രീക്കും മാത്രം നീക്കി ഒതുക്കിവെച്ചിരിക്കുന്ന കുട്ടസ്ഥലം മാത്രമാണോ ക്രിസ്തീയപ്രേഷിതത്വം? എല്ലാവരും മിഷനറിമാർ എന്നതത്രേ സഭയുടെ ആരോഗ്യകരമായ നയം. അപ്പോഴേ, സഭയുടെ അന്തരംഗം പ്രേഷിതനീക്കത്തിന് ഒരുങ്ങൂ. സാമ്പത്തികതൃഷ്ണ അടിമുടി കൊടികുത്തി വാഴുന്നിടത്ത് മിഷൻ പുറപ്പാട് തീർത്തും ദുർബലമായിരിക്കും.

മൂല്യച്യുതിയുടെ അഴുക്കുനിറഞ്ഞ ഓടയൊഴുക്കിൽ മുഴുകി വേണമെങ്കിൽ ഒരുവന് പുഴുവിനെപ്പോലെ പുളയ്ക്കാം. അല്ലെങ്കിൽ, മൂല്യശോഷണത്തിന്റെ നാറുന്ന കുത്തൊഴുക്കിൽ നിന്ന് സമൂഹത്തെ ഉദ്ധരിക്കുന്ന ആത്മഹോമത്തിന്റെ പരിമളം പരത്താം. പ്രേഷിതന്റെ ധീരമാർഗ്ഗം ഇതിൽ ഏതാണ്?

വായാടിത്തം ആർക്കും ആകാമല്ലോ. മനഃപരിവർത്തനത്തിന്റെ ഹോമമോ?

www.malankaralibrary.com

# 10

## "ശവപ്പെട്ടിയാണിന്നാദായം"*

വിശുദ്ധപദവിയിലേക്ക് ദൈവദാസനായ ഫാദർ സക്കറിയാസിനെ ഉയർത്തുന്നതിനുള്ള ഔദ്യോഗിക നടപടിക്ക് 1984 ജനുവരി 14—ാം തീയതി തുടക്കമിട്ടു. അറിഞ്ഞവരെല്ലാം ആ മഹാനുഭാവന്റെ ക്രാന്തദർശിത്വത്തെ മുക്തകണ്ഠം പ്രകീർത്തിക്കുന്നു. മുദ്രാലയപ്രേഷിതത്വത്തിലത്രേ ആ ദീർഘദൃഷ്ടി നിതരാം തെളിഞ്ഞുകാണുന്നത്.

ഗുണ്ടർട്ട്, കാഡ്വൽ, അർണ്ണോസ്, പൗളിനോസ് എന്നിവർക്കുശേഷം ഇത്ര മികച്ച സ്ഥാനം മുദ്രാലയപ്രവർത്തനങ്ങൾക്ക് നല്കിയ മറെറാരു മിഷനറി മലയാളത്തിലുണ്ടായിരിക്കുകയില്ല. ബഹുമുഖപ്രവർത്തനങ്ങളത്രേ ആ മനീഷി നിർവ്വഹിച്ചത്. സെമിനാരി പാഠപദ്ധതിയിൽ ദേശീയഭാഷകൾക്കു സ്ഥാനം ഉറപ്പിച്ചു; എസ്. എച്ച്. ലീഗെന്ന പ്രസിദ്ധീകരണശാലയുയർത്തി; ഹിന്ദുമതപഠനം (Studies on Hinduism) എന്ന പരമ്പരയിലൂടെ ഭാരതചിന്തയുടെ അത്യഗാധത തുറന്നുകാട്ടി; പ്രേഷിതകേരളം മാസികയിലൂടെ മിഷൻ

---

*കേരളമിഷനറി ഫാ. സക്കറിയാസ് ഒ. സി. ഡി 1957 മെയ് 20—ാം തീയതി ദിവംഗതനായി. ആ പുണ്യശ്ലോകന്റെ വിശുദ്ധപദപ്രഖ്യാപനം സംബന്ധിച്ച തെളിവെടുപ്പ് 1984 ജനുവരി 14-ാം തീയതി തുടങ്ങി. 136 സെഷനുകളിലായി 80 സാക്ഷികളെ വിസ്തരിച്ചു. കുഴിമാടംതുറക്കൽ, ഭൗതികാവശിഷ്ടപരിശോധന എന്നിവയും നടന്നു. റവ. ഡോ. ഗബ്രിയേൽ മാളിയേക്കൽ ഒ. സി. ഡിയാണ് വൈസപോസ്റ്റുലേററായി പ്രവർത്തിച്ചത്. ഇനിയും മൂന്നുഘട്ടങ്ങൾകൂടിയാണ് അവശേഷിച്ചിട്ടുള്ളത്. വന്ദനീയൻ (Venerable), വാഴ്ത്തപ്പെട്ടവൻ (Blessed), വിശുദ്ധൻ (Saint) എന്നീ വിളികൾക്കർഹതപ്പെടുന്നതിനു ഈ മൂന്നു ഘട്ടങ്ങൾ ഓരോന്നും തരണം ചെയ്യണം. റോമിലെ തിരുസംഘമാണതു നിർവ്വഹിക്കേണ്ടത്. ആ സംപൂജ്യവ്യക്തിയുടെ വിശുദ്ധപദപ്രഖ്യാപനത്തെളിവെടുപ്പിന്റെ തുടക്കം പ്രമാണിച്ചു മുദ്രാലയപ്രേഷിതത്വം മുഖ്യമാക്കിയുള്ള ഈ ലേഖനം 1984 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ചു.

www.malankaralibrary.com



ചൈതന്യം ഉണർത്തി.; വിതണ്ഡാവാദക്കാരുടെ ആക്രമണങ്ങളെ സുശക്തം ചെറുക്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി; ''ആസ്തിക്യവാദം'', ''ഇരുപതാം നൂററാണ്ടിലോ കത്തോലിക്കാമതം'' തുടങ്ങിയ മികച്ച കൃതികൾ പുറത്തുവിടാൻ എം. പി. പോളിനെപ്പോലെയുള്ള പ്രഗത്ഭമതികളെ പ്രേരിപ്പിച്ചു. നാട്ടിലെ ഓണംകേറാമൂലകളിൽപ്പോലും ക്രിസ്തീയഗ്രന്ഥങ്ങൾ നിരന്നു. ഉന്മേഷത്തിൻെറ ഓളംവെട്ടൽ!

കേരള കത്തോലിക്കരുടെ ഇടയിലോ മുദ്രാലയപ്രവർത്തനം? ഈ ആശ്ചര്യംകൊള്ളലിനു കാരണവുമുണ്ട്. ഒന്നാംകിട ബാങ്കുകൾ പടുത്തുയർത്താൻ ഇവിടത്തെ ക്രിസ്ത്യാനികൾക്കു കഴിയും. ചിട്ടി, പാട്ടം, ബിസിനസ്, മണിമന്ദിരനിർമ്മാണം എന്നിവകളിൽ അവർ മററാർക്കും പിന്നിലല്ല. എന്നാൽ, സാഹിത്യപ്രവർത്തനങ്ങളുടെ കാര്യം വന്നാൽ ഭാവം മാറും. ആ ഗംഭീരമതികളുടെ തല ഒച്ചിനെപ്പോലെ താഴും. കലാപ്രതിഭകൾ ജന്മംകൊള്ളാഞ്ഞിട്ടല്ല. ഐ. സി. ചാക്കോ, കരിയാററി തുടങ്ങിയവരെപ്പോലുള്ള മസ്തികമല്ലന്മാർ പിറക്കാഞ്ഞിട്ടുമല്ല. പിന്നെ എന്തുകൊണ്ടെന്നോ? സാസ്കാരികതയെ വളർത്താൻ ബിസിനസ്സുമനോഭാവത്തിൻെറ തീച്ചൂളആ സമൂഹത്തെ സമ്മതിക്കുന്നില്ല, ഇളം ചെടിയെ വളർത്താൻ കൊടിയ മരുഭൂമി സൗകര്യം നല്കാത്തതുപോലെ. പള്ളിക്കൊടിമരത്തിൽ സ്വർണ്ണത്തൊങ്ങൽ വേണമെന്ന് വീറോടെ വാദിക്കുന്നവർക്ക് സുവിശേഷപ്രഘോഷണത്തിനു മുദ്രണാലയ പ്രേഷിതത്വം ആവശ്യമെന്നുപോലും തോന്നുന്നില്ല!

കന്യാകുമാരിമുതൽ കാസർകോടുവരെ ഒന്നു സഞ്ചരിക്കൂ, കത്തോലിക്കരുടെ വളർച്ചമുററിയ കേന്ദ്രങ്ങളിലൂടെതന്നെ. വി. ഫ്രാൻസിസ് അസ്സീസി, അമ്മത്രേസ്യാ തുടങ്ങിയവരെക്കുറിച്ചുള്ള കൃതികൾ വേണമെന്ന് നിങ്ങൾ ഒന്നു മോഹിച്ചുപോയാൽ കിട്ടുമോ? കേരള കത്തോലിക്കാ നേതാക്കന്മാരുടെ ചരിത്രങ്ങൾക്കുള്ള ദുസ്ഥിതിയും ഇതുതന്നെയാണല്ലോ. വ്യാപാരശാലകളും ബുക്കുസ്റാളുകളും ഇല്ലാഞ്ഞിട്ടല്ല. കത്തോലിക്കാസാഹിത്യത്തിന് മാർക്കററില്ലെന്നായിരിക്കും ബുക്കുസ്റാളുകാരുടെ സമാധാനം. ഇത്തരം ചര

www.malankaralibrary.com



ങ്കകാരംക്കു മൂലധനമിറക്കിയാൽ മുടക്കുമുതൽ കിട്ടില്ലെന്നായിരിക്കും പ്രസാധകരുടെ ആവലാതി. സംഗീതോപകരണങ്ങാം വിദഗ്ദ്ധമായി നിർമ്മിച്ചു വില്പന നടത്തിയ ഒരുവൻെറ കഥയുണ്ട്. ഏറെക്കാലത്തെ വ്യാപാരം കഴിഞ്ഞ് പട്ടിണികൊണ്ടു പൊറുതിമുട്ടിയപ്പോാം അവൻ വാദ്യോപകരണങ്ങളുടെ പണി നിർത്തി വിപണനശാല ശവപ്പെട്ടികൊണ്ടു നിറച്ചു. സംഗീതോപകരണങ്ങാംക്ക് മാർക്കററു കുറഞ്ഞതാണു കാരണം. 'ശവപ്പെട്ടിയാണിന്നാദായം'' എന്നതത്രേ അയാളുടെ പല്ലവി. പ്രസിദ്ധീകരണങ്ങളിൽനിന്നു പിന്തിരിയുന്ന കേരളകത്തോലിക്കരുടെ പല്ലവിയും ഇതുതന്നെയായിരിക്കാം. വളരെ പ്രതീക്ഷയോടെ നോക്കിപ്പാർത്ത കെ. സി.ബി.സി. ബോധന മാദ്ധ്യമക്കമ്മീഷനെക്കുറിച്ചും ഇപ്പോാം കോംക്കുന്നില്ലെന്നായി.

''താതൻ മറന്നാൽ തനയർ തുടർന്നു
തദപൂർത്ത.ഖണ്ഡം പരിപൂർണ്ണമാക്കും''

എന്നതാണു മുറ. മുമ്പന്മാർ തുടങ്ങിവെച്ച നല്ലകാര്യങ്ങാം പൂർത്തിയാക്കുകയത്രേ പിന്മുറക്കാരുടെ ധർമ്മം. ഫാ. സക്കറിയാസ് തുടങ്ങിവെച്ച നല്ലകാര്യങ്ങാം പിന്തുടരാൻ കേരളക്കരയിൽ ഇന്നാരുമില്ല. അദ്ദേഹത്തിൻെറ ക്രാന്തദർശിത്വമെവിടെ? ബാഹ്യമോടിക്കാരായ ഇന്നുള്ളവരുടെ അല്പജ്ഞത എവിടെ?

www.malankaralibrary.com

# 11

# വിനിയോഗിക്കാത്ത കൈമുതലുകൾ *

Mole എന്നൊരു ജീവിയുണ്ട്. ഭൂമിക്കുള്ളിൽ പുനങ്ങളിലാണിതിന്റെ വാസം. വിരകളെയും ചെറുകീടങ്ങളെയും ഇരയാക്കുന്ന ഈ സ്തന്യപജന്തു സൂര്യവെളിച്ചത്തിലേക്കു വരാറില്ല. കണ്ണില്ലെന്നുള്ളതത്രേ ഈ ജന്തുവിന്റെ പ്രത്യേകത. ഒരു കാലത്തു കണ്ണുണ്ടായിരുന്നുവെന്ന അഭിപ്രായമാണ് മോളിനെക്കുറിച്ചു ജന്തുശാസ്ത്രജ്ഞന്മാർക്കുള്ളത്. കാലാന്തരത്തിൽ കാഴ്ച നഷ്ടപ്പെട്ടു പോയത്രേ. കണ്ണു വിനിയോഗിക്കാതിരുന്നതിന്റെ വിന! വിനിയോഗിക്കാത്ത ധനം നഷ്ടപ്പെട്ടു പോകുമെന്ന ദുഃഖപാഠമാണ് ഈ ചെറുജീവി നല്കുന്നത്.

പ്രവർത്തനഹീനമായ യന്ത്രം തുരുമ്പിനു വിധേയമാകും; കാതലില്ലാത്ത മരം ചെതുക്കു പിടിക്കും; ആയാസഹീനത മാംസപേശിയെ മരവിപ്പിക്കും; ചിന്തിക്കാത്ത മസ്തിഷ്കം ബുദ്ധിമാന്ദ്യം കൊണ്ടു തളരും; പൂഴ്ത്തിവെയ്ക്കുന്ന ധനം ലാഭം വരുത്തുകയില്ല; ആവശ്യത്തിനെടുക്കാത്ത ധാന്യം ചിതൽ അപഹരിക്കും. പ്രവർത്തനക്ഷമമല്ലാത്തതിനെ ഉന്മൂലനം ചെയ്യുക പ്രകൃതിയുടെ അലംഘനീയവിധിയാണ്. ബൈബിളിലെ ഒററതാലന്തുകാരൻ ശിക്ഷാർഹനാകുന്നതു കിട്ടിയ നിക്ഷേപം വിനിയോഗിച്ചില്ലെന്ന കുററം കൊണ്ടുമാത്രമാണ്.

വിനിയോഗിക്കാത്ത മുതലുകൾ കൂമ്പാരംകൂട്ടി സുഖനിദ്രകൊള്ളുന്നവരാണ് കേരളകത്തോലിക്കർ. പള്ളിക്കൂടങ്ങളെ അവർ പൊന്നുപോലെ ഗണിക്കുന്നു. വിദ്യാലയ സംര

---

* 1986 മെയ് മാസത്തിലാണ് ഈ ലേഖനം പ്രസിദ്ധീകരിച്ചിട്ടുള്ളത്. വിനിയോഗിക്കാത്ത നിക്ഷേപങ്ങളുടെ അപകടസ്ഥിതി ചൂണ്ടിക്കാണിക്കുന്നു. വിദ്യാലയ പ്രവർത്തനം, മതപ്രചാരണസ്വാതന്ത്ര്യം, പ്രസിദ്ധീകരണങ്ങളുടെ തലതിരിച്ചിൽ എന്നീ രംഗങ്ങളിലേക്കെല്ലാം ദൃഷ്ടിതിരിക്കുന്നു.

www.malankaralibrary.com



ക്ഷണത്തിനു വേണ്ടി ത്യാഗം സഹിക്കാൻ അവർക്കു മടിയില്ല. സി. പിയുടെയും പനമ്പള്ളിയുടെയും തുടർന്നുള്ള സർക്കാരുകളുടെയും കാലത്തെ വിദ്യാലയപ്രക്ഷോഭണകോളിളക്കങ്ങാം മറക്കാറായിട്ടില്ല. ക്രിസ്തീയവിദ്യാലയങ്ങളുടെ നിലനില്പ്പിനുവേണ്ടി നടത്തിയ ജീവന്മരണസമരങ്ങളാണവ. കലയും ശാസ്ത്രവും സാമൂഹ്യപാഠവും പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾക്കു വേണ്ടിയായിരുന്നില്ല ആ ഉഗ്രപോരാട്ടം. ശാസ്ത്രവും കലയും സർക്കാർ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കാവുന്നതേയുള്ളു. മതപഠനവും ക്രിസ്തീയ സംസ്കാരവും സംരക്ഷിക്കയെന്ന ലക്ഷ്യമാണ് ക്രിസ്ത്യാനിയെ ആവേശം കൊള്ളിച്ച ഘടകം. വിദ്യാലയ സ്ഥാപനത്തിലുള്ള ക്രിസ്തീയ ലക്ഷ്യമെവിടെ? ഇന്നത്തെ ബിസിനസുപള്ളിക്കൂടങ്ങളവിടെ? ക്രിസ്തീയ ലക്ഷ്യം ഇന്നാർക്കുവേണം? വിദ്യാർത്ഥിക്കുവേണ്ടാ; രക്ഷാകർത്താവിനു വേണ്ടാ; അദ്ധ്യാപകനുവേണ്ടാ; മാനേജുമെൻറിനുവേണ്ടാ; വൈദികനും കന്യാസ്ത്രീക്കും വേണ്ടാ. എല്ലാവർക്കും വേണ്ടതു റാങ്കു നേടലും കായികകലാമത്സരങ്ങളിൽ സ്ഥാനമാനങ്ങളുമത്രേ. ഇതിനു സർക്കാർ സ്കൂളുകൾ പോരേ? ന്യൂനപക്ഷസ്കൂൾ ആവശ്യമെന്നുണ്ടോ? കണക്കും പൊതുവിജ്ഞാനവും പഠിപ്പിക്കുന്നതിനുള്ള കേവലസ്ഥാപനങ്ങളല്ല ന്യൂനപക്ഷാവകാശത്തിലൂടെ ലഭിക്കുന്നതെന്നകാര്യം പനമ്പള്ളിക്കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണവേളയിൽ ഷെവ. ഐ. സി. ചാക്കോ വ്യക്തമാക്കിയതായി ഓർക്കുന്നു. പ്രമുഖ ലക്ഷ്യത്തിനു മുമ്പിൽ കണ്ണടയ്ക്കുന്ന ഇന്നത്തെ ക്രിസ്തീയ വിദ്യാലയങ്ങൾക്കു നിലനില്പ്പിനു അർഹതയുണ്ടോ? ന്യൂനപക്ഷാവകാശത്തിലൂടെ സംലബ്ധമായിരിക്കുന്ന വിദ്യാലയപ്രവർത്തനം ക്രിസ്ത്യാനികൾക്കു നഷ്ടപ്പെട്ടുമെങ്കിൽ അതിനുള്ള കാരണം തലമറന്ന് എണ്ണ തേക്കുന്ന ഇന്നത്തെ വിദ്യാലയം നടത്തൽ മാത്രമായിരിക്കും.

മതപ്രചാരണ സ്വാതന്ത്ര്യം ഇന്നു ലഭിച്ചിരിക്കുന്ന ഒരു അനർഘാവകാശമാണ്. എന്നാൽ ഈ അവകാശം ആരാണ് വിനിയോഗിക്കുന്നതു്? ഏതു ക്രിസ്ത്യാനിയാണ് സുവിശേഷപ്രചാരണത്തിനു മുൻതൂക്കം കൊടുക്കുക? ക്രിസ്തു കുരിശിന്മേൽ

www.malankaralibrary.com



പിടയുമ്പോൾ കുരിശിൽച്ചുവട്ടിൽ നിലയുറപ്പിച്ച റോമൻ പടയാളികളുടെ പകിടകളിയെപ്പററി ബിഷപ്പുഷീൻ വിവരിക്കുന്നുണ്ട്. ഇന്നത്തെ ക്രിസ്ത്യാനിയുടെ നില ഇതേ പകിടകളിയുമായിട്ടാണ്. അവർക്കു നൂറുകൂട്ടം കാര്യങ്ങളുണ്ട്. എന്നാൽ, കുരിശിന്മേൽ പിടയുന്ന സുവിശേഷ യാഥാർത്ഥ്യം മാത്രം അവരുടെ കൺമുമ്പിൽപെടുന്നില്ല. സുവിശേഷ പ്രചാരണം കൊണ്ടു എന്തു ദണ്ഡവിമോചനം എന്നു നിന്ദാഗർഭമായി ചോദിക്കുന്നവർ വരെയുണ്ട്. വിശ്വാസപ്രചാരണാവകാശം തുടർന്നും കൈവശം വെയ്ക്കാമെന്നതിന് ഇത്തരം ഒരു സമൂഹത്തിന് എന്താണുറപ്പ്? വിനിയോഗിക്കാത്ത സിദ്ധിയെക്കുറിച്ച് പ്രകൃതിയുടെ നയം എത്രയോ ക്രൂരം!

കമ്യൂണിസ്ററു നിയന്ത്രണത്തിലുള്ള രാജ്യങ്ങളിലെ അച്ചടിയുടെ സ്ഥിതിനോക്കുക: ''അച്ചടിമുഴുവനും സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ്. സർക്കാർ കാര്യങ്ങളല്ലാതെ മറെറാന്നും അച്ചടിച്ചുകൊടുക്കാറില്ല........ സൈക്ലോസ്റ്റൈലിംഗ്മെഷീൻ കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതു നിയമവിരുദ്ധമാണ്'' (എ. അടപ്പൂർ, ഞാൻ കണ്ടപോളണ്ട്.) പോളണ്ടിൽ അങ്ങനെ. ഇവിടെയോ സ്വതന്ത്രമായി വിനിയോഗിക്കാവുന്ന മുദ്രണാലയങ്ങളെ ക്രിസ്തീയ സംസ്കാരപ്രചാരണത്തിന് എമ്മാത്രം പ്രയോജനപ്പെടുത്തുന്നു? ഇല്ലെങ്കിൽ എന്താണുതരക്കേടെന്നല്ലേ? മേലിൽ മുദ്രണാലയങ്ങൾ ഉപയോഗിക്കാൻ തരപ്പെടാതെ വന്നെങ്കിലോ? ആവശ്യമില്ലാത്ത അവകാശം പ്രകൃതി നിലനിത്തുമോ?

ചുരുക്കം ചിലകത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പോളിണ്ടിലുമുണ്ട്. അവയുടെ സ്ഥിതിനോക്കുക. ഡോ. എ. അടപ്പൂർ എഴുതുന്നു: ''അവയിൽ ഏററവും പ്രധാനപ്പെട്ടതു ''ഞായറാഴ്ച വിരുന്നുകാരൻ'' എന്ന വാരികയത്രേ. അതിന്റെ ക്രിസ്മസ് വിശേഷാൽ പതിപ്പ് ഞാൻകണ്ടു. പഴയ പുനലൂർ പേപ്പർ പോലുള്ള കടലാസിൽ അച്ചടിച്ച 16 പേജുള്ള ഒരു പ്രസിദ്ധീകരണം. വായനക്കാരെ സംബന്ധിച്ചിടത്തോളം ആണ്ടുവട്ടത്തിലെ ഏററവും പ്രധാനപ്പെട്ട

www.malankaralibrary.com



വിശേഷാൽ പതിപ്പ് ആയിരുന്നിട്ടുപോലും അതിൽ ഒരൊററ മേനിക്കടെലാസോ വർണ്ണചിത്രമോ ഉണ്ടായിരുന്നില്ല. ക്രിസ്മസ് സ്പെഷ്യലിന്റെ കാര്യം ഇതാണെങ്കിൽ സാധാരണലക്കങ്ങളുടെ കഥ ഊഹിക്കാവുന്നതേയുള്ളു.'' (ഞാൻ കണ്ടപോളുണ്ട്) ഇവിടത്തെ സ്ഥിതിയോ? ഇത്തരം ഒരു പ്രസിദ്ധീകരണം ഇവിടെ അനുവാചകനെ തൃപ്തിപ്പെടുത്തുമോ? എങ്ങനെ അണിയിച്ചൊരുക്കുന്ന കത്തോലിക്കാ പ്രസിദ്ധീകരണത്തെക്കുറിച്ചും ഇവിടെ പുച്ഛമാണ്, സ്റ്റാൻഡാർഡു നന്നാക്കണം എന്നപല്ലവിയുടെ സാരംമൂല്യസം രക്ഷണമെന്നല്ല, പിന്നെയോ, പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ ആകൃതിസ്വീകരിക്കണമെന്നത്രേ. ഈ ദുസ്ഥിതി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ കഴുത്തുഞെരിക്കും. ആക്കും വേണ്ടാത്ത ചരക്കു വിൽക്കാൻ മഴയുംനനഞ്ഞു ആരിറങ്ങും? സ്വേച്ഛാധിപത്യശക്തികൾ ഇവിടത്തെ പ്രസിദ്ധീകരണങ്ങളെ വരിഞ്ഞുമുറുക്കുമെങ്കിൽ നിലവിളിക്കാൻ ആരുണ്ടാവും?

കണ്ണുള്ളപ്പോൾ കൃഷ്ണമണിയുടെ വില അറിയാതിരിക്കുന്നതും കൃഷ്ണമണി അതീവസൂക്ഷ്മതയോടെ വിനിയോഗം ചെയ്യാതിരിക്കുന്നതും ഒന്നുപോലെ ദയനീയമാണ്.

www.malankaralibrary.com

# 12

# "ദൂരെ നിന്നാൽ നേരറിയാമോ?" *

''വീടറിഞ്ഞിട്ടുവേണ്ടേ നാടറിയാൻ? എല്ലാം അറിഞ്ഞിട്ട വീട്ടുമാത്രം അറിയുന്നില്ലെന്നു വന്നാലോ? ഇത്രനാരം ആ വേണ്ടപ്പെട്ടതു അറിയാൻ ശ്രമിച്ചില്ല. ശ്രമിച്ചിട്ട കാര്യമുണ്ടെന്നു കരുതിയില്ല. പ്രിയപ്പെട്ട ഗുരുജി, അങ്ങു ഉത്ബോധിപ്പിച്ചല്ലൊ സഭാകുടുംബത്തിന്റെ ശ്രൈഷ്ഠ്യം. ഞാൻ ഉത്തേജിതനായിരിക്കുന്നു. പാപ്പായുടെ കേരള സന്ദർശനവേളയിൽ ചാവറയച്ചനേയും സിസ്റ്റർ അൽഫോൻസായേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചല്ലൊ. മറ്റുചിലരുടെയും നാമകരണ നടപടി ഉണ്ടെന്നു പറഞ്ഞില്ലേ? ആരൊക്കെയാണവർ?''

''മൺമറഞ്ഞവരെക്കുറിച്ചു, അതും സമുദായസേവനം ചെയ്തു പിൻവാങ്ങിയവരെക്കുറിച്ചു ശിഷ്യനു അറിഞ്ഞുകൂടാ. അല്ലേ? മാർ തോമസ് കുര്യാളശ്ശേരി, ബ. മറിയം ത്രേസ്യാ എന്നിവരുടെ നാമകരണ നടപടി പുരോഗമിക്കുന്നുണ്ട്. ഭാരതപൗരത്വം നേടുകയും ആലുവാ സെമിനാരിയിൽ ആയുഷ്പര്യന്തം സേവനമനുഷ്ഠിക്കുകയും ചെയ്ത ഫാ. ഔറേലിയൻ, ഫാ. സക്കറിയാസ് എന്നിവരുടെ നാമകരണനടപടിയുടെ ഒന്നാംഘട്ടം സമാപിച്ചിരിക്കുകയാണ്. കേരള സഭയുടെ മടിത്തട്ടിൽ വളർന്ന സുകൃതികൾ വളരെയാണ്''.

''കേരള സഭയുടെ ഇന്നത്തെ സ്ഥിതിവിവരം ഗുരുജി പറഞ്ഞു തരുമോ''?

---

* ഗുരുവും ശിഷ്യനുമായി നടത്തുന്ന ഒരു സംഭാഷണമാണിതു്. 1986 സെപ്റ്റംബർ ലക്കം പ്രേഷിതകേരളാത്തിലാണിതു ചേർത്തിട്ടുള്ളതു്. ഇതിലുള്ള കണക്കുകൾ Catholic Directory of Kerala 1986—ൽ നിന്നാണ്. ഈ സ്ഥിതിവിവരക്കണക്കുകൾക്കു മാററം വന്നുകൊണ്ടിരിക്കും.

www.malankaralibrary.com



''നന്നായി. സഭാ കുടുംബത്തെക്കുറിച്ചറിയാൻ ഇപ്പോഴെങ്കിലും തോന്നിയല്ലോ. മൂന്നു റീത്തും ആറു അതിമെത്രാസനങ്ങളും പത്തൊൻപതു രൂപതകളും കേരളസഭയിലുണ്ട്, ഒരു കർദ്ദിനാളും അഞ്ചു ആർച്ചു ബിഷപ്പുമാരും 24 മെത്രാന്മാരും സഭാ സേവനത്തിൽ വ്യാപൃതരായിരിക്കുന്നു. സഭാസന്താനങ്ങളായ വിശ്വാസികളുടെ ഗണം 43 ലക്ഷമാണ്''.

''സഭയുടെ സ്പന്ദിക്കുന്ന സെല്ലു ഇടവകയാണല്ലോ. എത്ര ഇടവകപ്പള്ളികൾ ഈ സമൂഹത്തിൽ കാണും?''

''2123 പള്ളികളാണ് ഇപ്പോഴുള്ളത്, 1432 മിഷൻ കേന്ദ്രങ്ങളും''.

''3500–ലേറെയല്ലേ? എല്ലായിടത്തും വേണ്ടേ വൈദികർ? വേണ്ടത്ര വൈദികരുണ്ടോ?''

''ഇല്ല. 2975 ഇടവകവൈദികർ മാത്രമാണുള്ളത്; 1843 പേർ വൈദികപരിശീലനത്തിൽ കഴിയുകയും ചെയ്യുന്നു''

''വൈദികപരിശീലനം എങ്ങനെയാണ്?''

''മൈനർ സെമനാരിയിൽ 4 വർഷവും മേജർസെമിനാരിയിൽ 7 വർഷവും ഉൾപ്പെടെ 11 വർഷത്തെ പരിശീലനമാണ്. അതിനുവേണ്ടി 45 മൈനർ സെമിനാരികളും 9 മേജർ സെമിനാരികളും കേരളത്തിലുണ്ട്''

''കപ്പൂച്ചിനച്ചന്മാരും കർമ്മലീത്താ വൈദികരും ധ്യാനയോഗത്തിനും മററും പള്ളിയിൽ വരാറുണ്ടല്ലോ. അവർ മുൻപറഞ്ഞ വൈദികരുടെ ലിസ്റ്റിൽപ്പെടുന്നുണ്ടോ?''

''ഇല്ല. കപ്പൂച്ചിൻ, കർമ്മലീത്താ തുടങ്ങിയ സമൂഹങ്ങളിൽപെട്ടവർ സന്ന്യാസവൈദികരാണ്. മുൻപറഞ്ഞ ഇടവക വൈദികലിസ്ററിൽ സന്ന്യാസവൈദികരെ കൊള്ളിച്ചിട്ടില്ല. 41 സമൂഹങ്ങളിലായി 1347 സന്ന്യാസവൈദികർ ഇവിടെയുണ്ട്.

''സന്ന്യാസിനികളുടെ സംഖ്യ എത്രമാത്രമാണ്?

28748 സന്ന്യാസിനികളാണ് കൊച്ചുകേരളത്തിൽ പ്രവർത്തിക്കുന്നത്. അവർ 124 വിവിധ സമൂഹങ്ങളിൽ ഉൾപ്പെടുന്നു''

www.malankaralibrary.com



''സ്വാതന്ത്ര്യം ലക്ഷ്യമാക്കിയുള്ള ബോധവത്ക്കരണത്തിന്ന സഭമുൻതൂക്കം കൊടുക്കുന്നുവെന്ന ഗുരുജി പറയാറുണ്ടല്ലൊ. കേരളസഭ അതിനുവേണ്ടി എന്തു ചെയ്യുന്നു?''

''സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആ ലക്ഷ്യം വെച്ചുള്ളവയാണ്. അത്തരം 3626 സ്ഥാപനങ്ങൾ കേരളസഭ നടത്തുന്നു. 53 കോളജ്, 540 ഹൈസ്കൂൾ, 532 മിഡിൽ സ്കൂൾ, 1015 പ്രൈമറിസ്കൂൾ, 1038 നേഴ്സറിസ്കൂൾ, 503 സാങ്കേതികസ്കൂൾ—തുടങ്ങി എല്ലാം ആ ലക്ഷ്യസാക്ഷാത്ക്കാരത്തിനാണ്''

''ആതുരസേവനാർത്ഥം സ്ഥാപനങ്ങളില്ലേ?''

''ഉണ്ട്. അത്തരം 2373 സ്ഥാപനങ്ങളാണുള്ളത്. ഡിസ്പൻസറി 219; ഹോസ്പിററൽ 239; അനാഥ മന്ദിരങ്ങൾ 244; സംരക്ഷണകേന്ദ്രങ്ങൾ 95 തുടങ്ങിയവ ആ ഇനത്തിലാണ്''.

''കേരളത്തിലേപോലെയുള്ള പ്രവർത്തനം സഭയ്ക്കു ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുണ്ടോ?''

''ഇന്ത്യയിലെ കത്തോലിക്കരുടെ സംഖ്യ 11826223 ആണ്. ജനസംഖ്യയുടെ ഒരു ശതമാനം. ഇവിടെ 18 അതിമെത്രാസനങ്ങളും 93 രൂപതകളും 5282 ഇടവകകളും 17330 മിഷൻകേന്ദ്രങ്ങളും ഉണ്ട്. 1 പാത്രിയർക്കീസ്, 3 കർദ്ദിനാളന്മാർ, 19 ആർച്ചുബിഷപ്പുമാർ, 102 മെത്രാന്മാർ, 14074 വൈദികർ എന്നിവർ സേവനോത്സുകരായി നിലകൊള്ളുന്നു. 14074 വൈദികരും 7587 വൈദികവിദ്യാർത്ഥികളുമുണ്ട്. സന്ന്യാസിനികളുടെ എണ്ണം 54842; സന്ന്യാസിത്ഥിനികൾ 7257.''

''ആഗോള സഭയുടെ സ്ഥിതി എങ്ങനെയാണ്?''

''80 കോടി കത്തോലിക്കരാണ് ലോകത്തിലുള്ളത്. ലോകജനസംഖ്യയുടെ 17.7%. മാർപ്പാപ്പായുടെ കീഴിൽ 149 കർദ്ദിനാളന്മാരും 422 ആർച്ചുബിഷപ്പുമാരും 2435 മെത്രാന്മാരും 408945 വൈദികരും 73001 വൈദിക വിദ്യാർത്ഥികളും 952043 സന്ന്യാസികളുമുണ്ട്.''

www.malankaralibrary.com



''കത്തോലിക്കർ എല്ലാ ഭൂഖണ്ഡങ്ങളിലുമുണ്ടോ?''

''ഉണ്ട്. ആഫ്രിക്കയിൽ 6 കോടി (12.5%), വടക്കേ അമേരിക്കയിൽ 16 കോടി (44.8 %), തെക്കേ അമേരിക്കയിൽ 22 കോടി (90.7%), ഏഷ്യയിൽ 6 കോടി (2.4%) യൂറോപ്പിൽ 27 കോടി (39.9%), ഓഷ്യാനിയായിൽ 6 കോടി (25.5%)''.

''കേരളത്തിലെ മൂന്നു റീത്തുകൾ ഏവയാണ്? ഓരോന്നിന്റെയും സ്ഥിതിവിവരം പറഞ്ഞു തരുമോ?''.

''ലാററിൻ റീത്ത്, സീറോ മലബാർ റീത്ത്, സീറോ മലങ്കരറീത്ത് എന്നിവയാണ്. ലാററിൻഹയറാർക്കിയുടെ സ്ഥിതിവിവരം ആദ്യം പറയാം. 1 അതിമെത്രാസനവും 7 രൂപതകളും 340 ഇടവകകളും 450 മിഷൻകേന്ദ്രങ്ങളും ഇതിൽപ്പെടുന്നു. 1 ആർച്ചുബിഷപ്പും 8 മെത്രാന്മാരും 614 ഇടവക വൈദികരും 285 സന്ന്യാസ വൈദികരും 468 വൈദികവിദ്യാർത്ഥികളും 633 സന്ന്യാസിനികളും 1288792 വിശ്വാസികളും കേരളലാററിൻ ഹയരാർക്കിയിലുണ്ട്''

''സീറോ—മലബാർ ഹയരാർക്കിയുടെ സ്ഥിതിയോ''

'' 4 അതിമെത്രാസനങ്ങളും 9 മെത്രാസനങ്ങളും 1233 ഇടവകകളും 431 മിഷൻ കേന്ദ്രങ്ങളും സുശക്തമായ ഈ സമൂഹത്തിലുണ്ട്. 1 കർദ്ദിനാളും 3 ആർച്ചുബിഷപ്പുമാരും 10 മെത്രാന്മാരും 2041 ഇടവകവൈദികരും 967 സന്ന്യാസവൈദികരും 1185 വൈദികാർത്ഥികളും 2667677 വിശ്വാസികളും സീറോ—മലബാർ റീത്തിൽ ഉൾപ്പെടുന്നു''

''മലങ്കരഹയരാക്കിയെന്നു പറഞ്ഞല്ലൊ. അതിന്റെ സ്ഥിതി എന്താണ്?''

''വളരെ ചെറുതെന്നു വിശേഷിപ്പിക്കാവുന്നതാണ് മലങ്കര കത്തോലിക്കാ ഹയരാക്കി. 1 അതിമെത്രാസനവും 2 രൂപതകളും 550 ഇടവകകളും 251 മിഷൻകേന്ദ്രങ്ങളും ഇതിൽപ്പെടുന്നു. 1 ആർച്ചുബിഷപ്പും 4 മെത്രാന്മാരും 320 ഇടവക വൈദികരും 93 സന്ന്യാസവൈദികരും 190 വൈദികാർത്ഥികളും

www.malankaralibrary.com



434 സന്ന്യാസിനികളും 285191 വിശ്വാസികളും ഈ കൊച്ചു സഭാസമൂഹത്തിലുണ്ട്. യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ സഭകളുടെ യോജിപ്പുകൊണ്ടേ മലങ്കര കത്തോലിക്കാസഭയുടെ പൂർത്തീകരണമാകുകയുള്ളു."

"സുസംഘടിതവും വിപുലവുമായ സഭയുട നിസ്തുല ലക്ഷ്യത്തിൽ ഞാൻ അഭിമാനിക്കുന്നു. അതിന്റെ മാനുഷിക ബലഹീനതകളെ കൊട്ടിഘോഷിക്കുന്നതിനു മാത്രമേ ഇതുവരെ കഴിഞ്ഞുള്ളുവെന്നോർത്തു ഞാൻ ലജ്ജിക്കുന്നു. 'അണ്ണാൻ കുഞ്ഞും തന്നാലായതു' എന്ന നയം സഭാലക്ഷ്യത്തിനുവേണ്ടി സ്വീകരിക്കാൻ ഞാൻ ഉത്സാഹിയായിരിക്കുന്നു"

"ഓരോ വിശ്വാസിക്കും ഈ ബോധോദയം ഉണ്ടാകുമെങ്കിൽ സഭ ഒരു ജ്യോതിർഗോളമായി പ്രാകാശം ചൊരിയും"

www.malankaralibrary.com

# 13

# കടിഞ്ഞാണിടേണ്ട ഭ്രമങ്ങൾ*

ധാർമ്മികച്യുതിയിലേക്കാണ് സ്വാതന്ത്ര്യഭാരതത്തിന്റെ പ്രയാണം. അതിഭീകരമായ ഈ ദുരവസ്ഥയുടെ നേരെ പ്രൊഫ. ആഗസ്ററിൻ കൊമ്മററം വിരലുചൂണ്ടുന്നു. പ്രമേയങ്ങൾകൊണ്ടോ സർക്കാരിന്റെ നയപരിപാടികൾകൊണ്ടു പോലുമോ ഈ അപകടത്തിന് പ്രതിവിധിയില്ലത്രേ, രൂക്ഷമായ പ്രതിസന്ധി!

വർദ്ധിച്ചുവരുന്ന ഒരു വലിയ വിടവാണ് വിപത്തിന്റെ അടിസ്ഥാനഘടകം; ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ്.

ഏററം പിന്നോക്കം നില്ക്കുന്ന പതിനാറു ലോകരാഷ്ട്രങ്ങളിൽ ഒന്നാണ് ഇൻഡ്യാ, ''നാലാം ലോകം'' എന്നാണ് ഈ ദരിദ്രരാജ്യങ്ങൾ അറിയപ്പെടുന്നത്. പട്ടിണിരേഖയ്ക്കു താഴെയുള്ള മുപ്പതുകോടി ജനങ്ങളാണ് ഇൻഡ്യയിലുള്ളത്. നൂറു കർഷകരിൽ തൊണ്ണൂറു പേരും ഇവിടെ കടത്തിലാണ്. പോഷകാഹാരക്കുറവുകൊണ്ട് ഏററവുമധികം ശിശുമരണം നടക്കുന്ന രാജ്യവും ഇതു തന്നെ. അതേ സമയം ലോകത്തിലെ ഏററവും വലിയ കോടീശ്വരന്മാരിൽ ചിലരെങ്കിലും ഇവിടത്തുകാരാണ്. പാശ്ചാത്യരാജ്യങ്ങളെ അതിശയിക്കുന്ന ജീവിതസൗകര്യങ്ങളുള്ള വൻനഗരങ്ങൾ ഇവിടെ ഉയർന്നുവരുന്നു.

---

* 1985 ആഗസ്ററ് ലക്കം പ്രേഷിത കേരളത്തിൽ സ്വാതന്ത്ര്യദിന ചിന്തകൾ പ്രൊഫ. അഗസ്ററിൻ കൊമ്മററം അവതരിപ്പിച്ചു. സ്വാതന്ത്ര്യ ദിനത്തിന്റെ വാർഷികങ്ങൾ ഇവിടത്തെ ശരാശരി പൗരന് ആഹ്ലാദം ഉണ്ടാക്കാറില്ലത്രേ. സ്വാതന്ത്ര്യലബ്ധിയുടെകാലത്തെ നിലവെച്ചു നോക്കുമ്പോൾ നമുക്കു പററിയിരിക്കുന്ന പതനം ഭയങ്കരം തന്നെ. ഈ ധാർമ്മികച്യുതിയെ അടിസ്ഥാനപ്പെടുത്തിയാണ് ''കടിഞ്ഞാണിടേണ്ടഭ്രമങ്ങൾ'' എന്ന ലേഖനം (പ്രേഷിതകേരളം 1985 ആഗസ്ററ്) പ്രസിദ്ധീകരിച്ചത്.

www.malankaralibrary.com



അത്യഗാധത്തിലേക്കുള്ള കിഴക്കാംതൂക്കായ വിടവിന്റെ ഈ കുത്തൊഴുക്കിനെതിരെ അണപണിയാനും രാഷ്ട്രത്തിനു താങ്ങു നല്കാനും ആർക്കു കഴിയും? എങ്ങനെ കഴിയും? ചില ഭ്രമങ്ങൾക്കു പിന്നാലെയുള്ള പരക്കം പാച്ചിൽ ഇന്നത്തെ വിനാശഗർത്തത്തിന് ആഴം കൂട്ടുന്നുണ്ട്. ഇത്തരം കൊടിയഭ്രമങ്ങൾക്കു കടിഞ്ഞാണിടാൻ കഴിയുമെങ്കിൽ ചീറിയടുക്കുന്ന വിപത്തിന് തെല്ലു് പ്രതിരോധമായിരിക്കും.

1, "In medio stat virtus" എന്നോ "മിതം തന്നെ സുന്ദരം" എന്നോ ഇന്നാർക്കും കേൾക്കേണ്ടതില്ല. അമേരിക്കൻ സമൃദ്ധിയുടെ പട്ടുമെത്തയിലേക്കാണ് എല്ലാവരുടെയും കണ്ണ്. പ്രത്യുല്പാദനക്ഷമമല്ലാത്ത കൊട്ടാരക്കെട്ടുകൾക്കുവേണ്ടി കിട്ടുന്നപണം മുഴുവൻ ചെലവിടുവാൻ ഒരുത്തർക്കും മടിയില്ല. വ്യക്തികളുടെയും പള്ളികളുടെയും സ്ഥാപനങ്ങൾ ഉയർത്തുന്നതിൽ ഈ "കൊട്ടാരഭ്രമം" ദൃശ്യമാണ്. ഇതിനു് ഒന്നു കടിഞ്ഞാണിട്ടെങ്കിൽ! മിച്ചം വെയ്ക്കുന്ന സംഖ്യകൊണ്ട് വൻകിട തൊഴിൽ സ്ഥാപനങ്ങൾക്ക് മൂലധനം സമാഹരിക്കാമായിരുന്നല്ലോ.

2. ലാളിത്യത്തിനു് ഇന്നു വിലയില്ല. ശൃംഭതയുടെ ധൂർത്തിനും പൊടിയിട്ടു വിളക്കിയുള്ള ഞെളിയലിനുമാണ് ഇന്നു സ്ഥാനം. ഇരുപ്പിലും നടപ്പിലും എല്ലാം ഇതു പ്രകടമാണ്. വ്യക്തികളുടെ സദ്യവട്ടങ്ങളും കല്യാണപ്പാർട്ടിയും തുടങ്ങി പള്ളികളിലെ പെരുന്നാൾഘോഷം വരെകാണാം ദീപാളികുളിക്കൽ. ഈ ധൂർത്തുഭ്രമം ഒന്നു കുറഞ്ഞെങ്കിൽ!

3. "വിനാശകാലേ വിപരീതബുദ്ധി" മദ്യപാനഭ്രമത്തിനെതിരെ ആനപിടിച്ചാലും മാററമില്ല. എന്തെന്തു "കീഴ്മേൽ മറിച്ചി"ലുകളാണ് ഈ കൊടിയഭ്രമം ഉളവാക്കുന്നതു്. ഇതിനൊരു കടിഞ്ഞാൺ വീണെങ്കിൽ!

4. കള്ളൻ പാളയത്തിവും കടന്നിരിക്കുന്നു. "സേവനലക്ഷ്യത്തിലും ദിഗ്ഭ്രമം" ബാധിച്ചിരിക്കുന്നു. അർപ്പിതജീവിതക്കാർ നടത്തുന്ന പള്ളിക്കൂടങ്ങളുടെ ഉദ്ദേശ്യം നൂറുശതമാനം റിസൽററ് എന്നോ റാങ്കുനേടൽ എന്നോവരെയായിരിക്കുന്നു. ഇതിനുവേണ്ടി ചെയ്യേണ്ടിവരുന്ന കുറുക്കുവഴി

www.malankaralibrary.com



കളിലാണ് ദോഷം പതിയിരിക്കുന്നത്,പണക്കാരന്റെ വിദ്യാഭ്യാസവും രോഗശുശ്രൂഷയും നടത്തുന്നതിന് ആരും കാപ്പു കെട്ടണമെന്നില്ല; എന്തു ചെലവു ചെയ്തും അതു നിർവ്വഹിക്കപ്പെടും. അർപ്പിതരുടെ സേവനം കൂടുതൽ ആർഹിക്കുന്നത് അവശമണ്ഡലമാണ്. അങ്ങനെ ചെയ്യുമെങ്കിൽ, ഇല്ലാത്തവനെ ഉദ്ധരിക്കാൻ അത് അല്പമെങ്കിലും സഹായകമാകും. സേവന ലക്ഷ്യത്തിലുള്ള ഇന്നത്തെ ദിഗ്ഭ്രമം മാറുമോ?

5. ചേതംകൂടാതെ സേവനമില്ല. സേവനത്തിനുള്ള സ്ഥാപനങ്ങൾ ബുദ്ധിമുട്ടു കൂടാതെ നടത്തുന്നതിനുള്ള എളുപ്പവഴിയിലേക്ക് ഇന്നു ദൃഷ്ടി തിരിഞ്ഞിരിക്കുന്നു. സ്ഥാപനനടത്തിപ്പിൽ ''ബിസിനസ്സുഭ്രമം'' സൗകര്യപൂർവ്വം ഉണ്ടായിരിക്കുന്നു. നിയമനത്തിൽ കടന്നുകൂടിയിരിക്കുന്ന കോഴസമ്പ്രദായമാണ് പ്രധാനം. ഉള്ളവന് ഓണസദ്യ നല്കുകയും ഇല്ലാത്തവനിൽനിന്ന് ദൃഷ്ടിതിരിക്കയും ചെയ്യുന്ന ദുരവസ്ഥയ്ക്ക് ഇതു വഴിതെളിക്കുന്നു.

തലതിരിഞ്ഞ ഈ ഭ്രമങ്ങൾക്കു ചൂട്ടുപിടിക്കുകയാണ് ഇന്നത്തെ നെറികെട്ട സാഹചര്യങ്ങൾ. മനസ്സാക്ഷിയിലേക്ക് കയറാൻ കരുത്തുള്ള ആധ്യാത്മികതയ്ക്കു മാത്രമേ വിഭ്രാന്തമായ ഈ മനോഭാവങ്ങൾക്ക കടിഞ്ഞാണിടാൻ കഴിയൂ. അങ്ങനെ ചെയ്യുന്നതിലേ പ്രേഷിതത്വം രാഷ്ട്രത്തിന് ഇന്നു നല്കുന്ന ഒരു സേവനമായിരിക്കും.

www.malankaralibrary.com

# 14

## കേരള പരിമളം *

കേരളം ധന്യമായി. മാർപ്പാപ്പായുടെ ആഗമനം കേരളത്തെ ധന്യമാക്കി. ഫാ. ചാവറയും സി. അൽഫോൻസയും അംത്താരയിലേക്ക ഉയർത്തപ്പെട്ടപ്പോഠം മലയാളനാട്ട അഭിമാനപുളകിതയായി. വന്ധ്യയല്ലെന്ന തെളിയിക്കപ്പെടുന്ന അനുഗൃഹീത മുഹൂർത്തത്തിനുവേണ്ടി ഈ പുരാതന ക്രൈസ്തവിക സഭ രണ്ടായിരം കൊല്ലം കാത്തിരുന്നു. "ശക്തനായവൻ വലിയ കാര്യങ്ങഠം എങ്കൽ പ്രവർത്തിച്ചിരിക്കുന്നു" എന്നു ഉദ്ഘോഷണം ചെയ്യാൻ കേരളസഭ മാതാവേ, നിനക്കു കഴിവു വന്നല്ലൊ.

സഹനത്തിൻെറ സുരഭില സൂനങ്ങളാണ് ഫാ. ചാവറയും സി. അൽഫോൻസയും. ആദ്ധ്യാത്മിക വളർച്ചമുററിയ സമൂഹത്തിൽനിന്നേ ഇത്തരം കുസുമങ്ങഠം വിടരൂ. കിഴക്കിൻെറ പരിമളം പരത്തുന്ന ഈ പുണ്യപുഷ്പങ്ങഠംക്കു മണ്ണും വളവും നല്കിയ സമൂഹം തീർച്ചയായും അനുഗൃഹീതം തന്നെ.

"ഗംഗയാറൊഴുകുന്നനാട്ടിലേശരിക്കിത്ര—
മംഗളം കാണ്മും കല്പപാദപമുണ്ടായ് വരു."

എന്നത്രേ ഗാന്ധിജിയെക്കുറിച്ച് ഭാരതത്തിൻെറ അഭിമാനം. ഇതുപോലെയുള്ള ഒരു തികഞ്ഞ അഭിമാനബോധത്തിനു കേരളത്തെ അവകാശപ്പെടുത്തി വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനും അൽഫോൻസാ സിസ്ററും. "സഭാമാതാവേ, നീ വിശുദ്ധാത്മാക്കളെ പ്രസവിക്കൂ. ശൂരന്മാരെയോ പണ്ഡിതന്മാരെയോ അല്ല ഇന്നാവശ്യം. "എന്ന പ്രാർത്ഥനയാണ് എവിടെയും ഉയരുന്നതു്.

---

* 1986 ഫെബ്രുവരി 8—ാം തീയതി കോട്ടയത്തുവെച്ച് പ. ജോൺ പോഠം രണ്ടാമൻ മാർപ്പാപ്പാ ഫാ. കുറിയാക്കോസ് ചാവറയേയും സി. അൽഫോൻസയേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. "കേരള പരിമളം" എന്ന ലേഖനം മാർച്ചുലക്കം പ്രേഷിതകേരളത്തിലെഴുതി.

www.malankaralibrary.com



വിജയഭേരിത്വത്തിനു ഉള്ളതല്ല വാഴ്ത്തപ്പെട്ടവരെ കിട്ടിയ സന്ദർഭം. വീരപ്രസൂവായ കേരളസഭയുടെ ഉത്തര വാദിത്വത്തെ ഇതു ഉത്തരോത്തരം വർദ്ധിപ്പിക്കുന്നു.

സന്ന്യാസത്തിൻെറ പക്വഫലങ്ങളാണു ഈ വാഴ്ത്ത പ്പെട്ടവർ. രണ്ടുപേരും പൂർവ്വദിഗംബരത്തിനു പൂർവ്വാധികം ഭാസുരതയേററുന്ന ഇരട്ടജ്യോതിസ്സുകം. സന്ന്യാസത്തിൻെറ അന്യാദൃശസുന്ദരസ്ഥിതി കൺമുന്നിൽപ്പെടാൻ ഇന്നു നന്നേ ഞെരുങ്ങണം. ആധുനികസന്ന്യാസി കുടുങ്ങിയിരിക്കുന്നതു് ക്രിസ്തുവിനു നേരിട്ട അതേപ്രലോഭനത്തിലാണ്. ദൈവാ ലയ ഗോപുരത്തിൻെറ അത്യുച്ചിയിൽ നിന്നു കീഴ്പോട്ടുചാട്ട ന്നതിനുള്ള പ്രലോഭനം. പാദാരവിന്ദങ്ങളിൽ തെല്ലുപോറൽ പോലും ഏൽക്കേണ്ടി വരില്ലെന്നുള്ള സമാശ്വസനവും. പുണ്യ പൂർണ്ണതയുടെ ഉപത്യകയിൽ നിന്നുള്ള കീഴ്പോട്ടുചാട്ടം സംഭ വിച്ചുകൊണ്ടിരിക്കുന്നു. ലൗകായതിക ചളിക്കുണ്ടിൽ അഭൗ മപുഷ്പം പുതഞ്ഞിരിക്കുന്നു.

''ക്ഷോണീധൂസരധൂളിപററിയൊളിയും
മങ്ങിക്കിടക്കുന്നതി-
ന്നാണീശ്രേഷ്ഠകുലേ പിറന്നിതു
ഭവാനെന്നോനറം പുഷ്പമേ.''

എന്നു വിലപിക്കത്തക്കവിധം വീഴ്ച പടുകുഴിയിലാ യിരിക്കുന്നു.

സന്ന്യസ്തതയ്ക്കു പുഴക്കുത്തു പിടിപെട്ടാൽ? നാശം ചെറുതല്ല. സമൂഹഗാത്രം ആസകലം രോഗഗ്രസ്തമാകും. ''എത്ര്രാനല്പം കട്ടുഭുജിച്ചാലമ്പലവാസികളൊക്കെക്കെം.'' മുമ്പുകണ്ടിട്ടില്ലാത്തവിധം കേരള ക്രിസ്തീയക്കൂട്ടം സുഖപ്രമ ത്തതയിൽ വഴുതിയിരിക്കുന്നു. ലക്കുകേടിൻെറ ഈ സുഖം തേടൽ ആസന്നമായ അപകടത്തിൻെറ നാന്ദിയാണ്. നാശ ഗർത്തത്തിൻെറ ഇരമ്പം കേട്ടുതുടങ്ങിയിട്ടുമുണ്ട്. ആരുണ്ടുരക്ഷി ക്കാൻ? ചാവറയച്ചൻെറ പടച്ചട്ടയും സിസ്ററർ അൽഫോൻ സായുടെ സഹനശയ്യയും ഓടിയെത്തിയെങ്കിൽ!! വീരാ ത്മാക്കളേ വരണേ! ജീവിതമഹത്വത്തിൻെറ സൗരഭ്യവു

www.malankaralibrary.com



മായിവരണേ!! ആ പരിമളം പരത്തണേ! ലൗകായതികതയുടെ മായാപിഞ്ഛരികയിൽ നിന്നു ഞങ്ങൾ വിടത്തപ്പെടട്ടെ.

പ്രേഷിതതീക്ഷ്ണതയാൽ പ്രോജ്വലിതരായിരുന്ന ചാവറയച്ചനും അൽഫോൻസാമ്മയും. ലക്ഷ്യബോധത്തെ കെടുത്തുന്ന ഒന്നും അവരെ അലട്ടിയില്ല. തന്മൂലം, സഹനംകൊണ്ടും അധ്വാനം കൊണ്ടും അവർ ഉദ്ദിഷ്ടലക്ഷ്യം നേടി. ആധുനിക ചിന്താഭാണ്ഡവുംപേറി സുവിശേഷഭാഷ്യം നടത്തുന്നവരുണ്ട്. വത്തിക്കാന്റെ ''വെളിച്ചം'' ഉണ്ടെന്നത്രേ അവരുടെ അവകാശവാദം. ''സുവിശേഷം പ്രസംഗിക്കുക'' എന്ന വാക്യത്തിന്റെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് അവക്കു തലപുകച്ചിലാണ്. പാണ്ഡിത്യഗർവ്വേ, ദൂരെപ്പോകൂ! നീ ''വെറുതെ സൗന്ദര്യത്തെക്കാണുന്ന കൺപൊട്ടിച്ച്'' എന്നു പറയാൻ തോന്നിപ്പോകുന്നു. പാണ്ഡിത്യത്തിന്റെ ഗർവ്വിഷ്ഠതയല്ല, വിശ്വാസത്തിന്റെ നിർമ്മലതയാണ് ഇന്നാവശ്യം.

ചാവറയച്ചനും അൽഫോൻസാമ്മയും നല്കുന്ന പ്രചോദനം ഈ നാടിനെ ധന്യമാക്കട്ടെ.

www.malankaralibrary.com

# 15

## വീണ്ടും ഛിദ്രം *

പട്ടിക്കു കടിപിടികൂടാൻ എല്ലിൻമുട്ടിമതി. മനുഷ്യനു അതുപോലും വേണമെന്നില്ല.

''ദീപഭ്രഷ്ടോ ഹരി: ഭ്രഷ്ട:
സ്ഥാനഭ്രഷ്ടസ്തുകേശവ:
അനാദരേണ ഗോവിന്ദോ-
പ്യർധചന്ദ്രേണ രാഘവ:''

(വിളക്കു കളഞ്ഞതുകൊണ്ടു ഹരി പുറത്തായി; ഇരിപ്പിടം പോയതുകൊണ്ടു കേശവൻ ബന്ധംവിട്ടു; മര്യാദകെട്ട പെരുമാററംമൂലം ഗോവിന്ദൻ പുറത്തുപോകാൻ ഇടയായി. പിടലിപിടിച്ചുതള്ളിയതുകൊണ്ടു രാഘവൻ നിഷ്കാസിതനായി) ബന്ധംപിരിയലിനും മറുതലിക്കലിനും ഒരു കാരണമേ ആകാവു എന്നില്ല.

പിശാചുക്കൾക്കു മാത്രമല്ല കലഹം. ദൈവത്തിന്റെ കൂടാരത്തിലും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഇടയിലും ശണ്ഠയുണ്ട്. ക്രിസ്തീയസന്ന്യാസശ്രേഷ്ഠന്മാർ ഉഗ്രങ്ങളായ ദൈവശാസ്ത്രയുദ്ധങ്ങളിൽ പെട്ടിട്ടുണ്ട്. തപോധനന്മാർ ആശയസമരങ്ങളിൽ മുഴകിയിട്ടുണ്ട്. സഭാഛിദ്രങ്ങളുടെ ചരിത്രം മററെന്താണു വെളിപ്പെടുത്തുന്നതു്? ഛിദ്രങ്ങളുടെകാലം ഇനിയും കഴിഞ്ഞു പോയിട്ടില്ല. ഇന്നും അതിനു കളം തെളിഞ്ഞുകൊണ്ടിരിക്കുന്നു. ഏററവും ഒടുവിലത്തെ ഛിദ്രം ഇക്കഴിഞ്ഞ 1988 ജൂൺ 30-ാംതീയതി സ്വിററ്സർലൻഡിലെ എകോണിൽ

* ഐക്യത്തിനുവേണ്ടി രൂപംകൊണ്ടതത്രേ വത്തിക്കാൻ കൗൺസിൽ. അതിന്റെ പേരിലും ഛിദ്രം ഉണ്ടായിപോൽ. ആർച്ചുബിഷപ്പു ലഫബ്രെയുടെയും പിണിയാളുകളുടെയും മുറുമുറുപ്പാണ് ഇതിനുകാരണമായതു്. 1988 ജൂൺ 30-ാം തീയതി ഈ മറുതലിപ്പുകാർ മറനീക്കിപുറത്തുവന്നു. അതിനെക്കുറിച്ചത്രേ 'വീണ്ടും ഛിദ്രം' എന്ന ഈ ലേഖനം. അക്കൊല്ലം ഒക്ടോബർ ലക്കം പ്രേഷിതകേരളത്തിൽ ഇതു പ്രകാശിതമായി.

www.malankaralibrary.com



ഉരുണ്ടുകൂടിയ കാർമേഘം ഉയർത്തുന്നതാണ്. ആർച്ചുബിഷപ്പ് ലഫബ്രെസ്സും പിണിയാളുകരംക്കമോണ് അതിൻെറ നേതൃത്വം. വത്തിക്കാൻ സൂനഹദോസിനോടുള്ള മുറുമുറുപ്പത്രേ ആകാറും കറുപ്പും ഉളവാക്കിയത്ത്. അനുരഞ്ജനകൗൺസിലിൻെറ പേരിൽ ഛരിദ്മംപോലും! പാലാഴിയിൽനിന്നു കാളക്കൂടം! എന്തൊരു വൈരുദ്ധ്യം!

83 കാരനായ ലെഫബ്രെ ഫ്രഞ്ചുദേശീയനാണ്. എകോൺ കേന്ദ്രമാക്കിയത്രേ അദ്ദേഹത്തിൻെറ പ്രവർത്തനം. പോപ്പ ജോണിനെപ്പോലുള്ളവരുടെ അംഗീകരണം ആ ആർച്ചുബിഷപ്പ നേടിയെടുത്തിരുന്നു. തന്മൂലം, രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഒരുക്കങ്ങരംക്കായുള്ള കേന്ദ്രക്കമ്മീഷനിൽ അദ്ദേഹം അംഗമായി. ആ യാഥാസ്ഥിതികചിന്തകൻെറ പാരമ്പര്യക്കടുംപിടിത്തം അധുനാതനീകരണത്തെ ചെറുത്തു. വത്തിക്കാൻ കൗൺസിൽ ഉയർത്തിയ വിശാലചക്രവാളത്തെ പിടിയിലൊതുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പാരമ്പര്യത്തെ സഭ സംരക്ഷിക്കുന്നു. എന്നാൽ അധുനാതനീകരണത്തെ പുല്ലാതെ സഭയുടെ ബോധനപ്രക്രിയ പുരോഗമിക്കുകയില്ല. പാരമ്പര്യത്തിൻെറയും അധുനാതനീകരണത്തിൻെറയും സമഞ്ജസസമ്മേളനം സഭയ്ക്കുവേണം. ഒന്നിനും കുറവുവരാൻ പാടില്ല. അധുനാതനീകരണം കൂടാതെയുള്ള പാരമ്പര്യ സംരക്ഷണത്തിനാണ് ലഫബ്രെയുടെ ശാഠ്യം.

ഛരിദ്മത്തിൻെറ എണ്ണം വർദ്ധിപ്പിക്കുന്ന നൈർഭാഗ്യം ഒഴിവാക്കാൻ വേണ്ടുവോളം ശ്രമം നടന്നു. ജോൺ പോരം പാപ്പായുടെ ഉദ്യമം മനംനൊന്തുകൊണ്ടുള്ളതായിരുന്നു. ''എല്ലാവരും ഒന്നാകു''ന്നതിനുള്ള ഹൃദയംഗമപ്രാത്ഥന ഉരുവിട്ട നായകൻെറ നാമത്തിലും ആ ഗുരുവേററ മുറിവുകളുടെ പേരിലുമത്രേ വത്തിക്കാനിലെ അനുരഞ്ജനകാംക്ഷി അഭ്യത്ഥനയുയത്തിയത്ത്. അധികാരപ്രമത്തതയോ കടുംപിടിത്തമോ സഭാകേന്ദ്രത്തിൻെറമേൽ ആരോപിക്കാൻ ഈ സംഭവം ഇടനല്കുന്നില്ല. വത്തിക്കാനും ലെഫബ്രെയുമായി നീണ്ട സൗഹൃദസംഭാഷണത്തിലേർപ്പെട്ടിട്ടുണ്ട്. അനുരഞ്ജനക്കരാറിലൊപ്പുവെച്ചിട്ടുണ്ട്. ശുഭസമാപ്തിയിലെത്തിയെന്ന സമാശ്വാസം പലക്കും

www.malankaralibrary.com



ഉണ്ടാകയും ചെയ്തു. എന്നാൽ, എല്ലാം വനരോദനമായതേയുള്ളു; ബധിരതയുടെ മുമ്പിലേ വേദമോതലായതേയുള്ളു.

ഇരുപതിലേറെ കൊല്ലത്തെ മുറുമുറുപ്പാണ് എകോൺ ആർച്ചുബിഷപ്പിനുള്ളത്. 260-ഓളംപേർക്ക് അദ്ദേഹം പൗരോഹിത്യം നല്കി; ഫ്രാൻസ്, പശ്ചിമജർമ്മനി, സ്വിററ്സർലൻഡ് എന്നിവിടങ്ങളിൽ അദ്ദേഹം സെമിനാരികൾ സ്ഥാപിച്ചു. ആ പരിശീലനകേന്ദ്രങ്ങളിൽ 200—ലധികം പേർ അധ്യയനം തുടരുന്നു. വി. പത്താം പീയൂസിൻെറപേരിലുള്ള ഒരു സംഘടന ഇദ്ദേഹം സ്ഥാപിച്ചു നേതൃത്വംകൊടുക്കുന്നുണ്ട്. വത്തിക്കാൻ കൗൺസിലിനോടുള്ള കെറുവുഭാവം ഈ നേതാവിൻെറ എല്ലാ അനുയായികൾക്കുമുണ്ട്.

വിശാലതനിറഞ്ഞ ഹൃദയത്തോടെയാണ് സഭാകേന്ദ്രം സംഭവവികാസങ്ങൾ വീക്ഷിച്ചത്. സാധ്യമായതെല്ലാം ചെയ്യുന്നതിനു പോപ്പു ജോൺ പോൾ സന്നദ്ധനായി. 1988 ഏപ്രിൽ 8—ാം തീയതി എഴുതിയ കത്തിൽ ഇക്കാര്യം പാപ്പാ തുറന്നുപറഞ്ഞു. വിശ്വാസസംരക്ഷണത്തിനുവേണ്ടിയുള്ള കോൺഗ്രിഗേഷൻെറ പ്രീഫക്ററ് ആയ കർദ്ദിനാൾ റാററ്സിംഗറിനുള്ള കത്തായിരുന്നു അത്. തുടർന്ന് ആലോചനായോഗങ്ങൾ ഏപ്രിൽ 12 മുതൽ 15 വരെ തീയതികളിൽ നടത്തപ്പെട്ടു. ഇരുകൂട്ടത്തിലെയും വിദഗ്ധരുടെ സാന്നിധ്യത്തിലായിരുന്നു പ്രസ്തുതയോഗങ്ങൾ. കർദ്ദിനാൾ റാററ്സിംഗറും മോൺ. ലെഫെബ്രെയും പങ്കെടുത്തുകൊണ്ടുള്ള സമ്മേളനം മെയ് 4-ാം തീയതി നടത്തി. ഒരു അനുരഞ്ജനക്കരാറിനു തുല്യം ചാർത്തിക്കൊണ്ടത്രേ ആ സമ്മേളനം സമാപിച്ചത്.

ഭിന്നതയ്ക്കു പൂർണ്ണവിരാമമിടാൻപോരുന്ന വ്യവസ്ഥകളാണ് അനുരഞ്ജനക്കരാറിലുണ്ടായിരുന്നത്. സഭയോടും പാപ്പായോടും വിശ്വസ്തതപുലർത്തൽ; 'ജനതകളുടെ പ്രകാശം' എന്ന രേഖയിലൂടെ വെളിപ്പെടുന്ന സഭാസ്വാഭാവത്തെ സമ്മതിക്കൽ, വത്തിക്കാൻ കൗൺസിലിനെക്കുറിച്ചുള്ള കിരുകിരുപ്പു മാററിക്കൊണ്ടു സഭയേയും പാപ്പാസ്ഥാനത്തേയും ആദരപൂർവ്വം വീക്ഷിക്കുന്നതിനുള്ള സന്നദ്ധതകാട്ടൽ; പാപ്പാമാരായ പോൾ ആറാമനും ജോൺ പോൾ രണ്ടാമനും അം

www.malankaralibrary.com



ഗീകരിച്ചിട്ടുള്ള കർബ്ബാനതക്സാ ഉപയോഗിക്കുന്നതിനുള്ള മനസ്സുവെക്കൽ; സഭയുടെ അച്ചടക്കത്തേയും കാനോൻ നിയമങ്ങളേയും കൈക്കൊള്ളൽ—എല്ലാം അനുരഞ്ജനക്കരാറിലൂടെ ലെഫബ്രെ സമ്മതിച്ചു ഉറപ്പുവരുത്തി. വി. പത്താം പീയൂസിന്റെ സഖ്യത്തിനു അംഗീകാരം, വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള ആരാധനാഗ്രന്ഥങ്ങൾ ഉപയോഗിക്കാൻ സഖ്യത്തിന് അവകാശം, സഖ്യത്തിലെയും റോമൻക്കൂരിയായിലെയും ഈരണ്ടു അംഗങ്ങളെചേർത്ത് ഒരു റോമൻ കമ്മീഷന്റെ സ്ഥാപനം, സഖ്യത്തിൽനിന്ന് ഒരു പുതിയ ബിഷപ്പിനെ വാഴിക്കാമെന്ന ഉറപ്പ്—ഇവയെല്ലാം അനുരഞ്ജനക്കരാറിൽ തിരുസിംഹാസനം സമ്മതിച്ചിട്ടുള്ളതാണ്.

മോങ്ങാനിരിക്കുന്ന നായ്ക്ക തേങ്ങാവീഴൽ എന്നഹേതു വേണമെന്നില്ല, അനുരഞ്ജനത്തിന്റെ ഭാഷ മോൺ. ലെഫബ്രെയ്ക്ക മനസ്സിലായില്ല. കരാറിലെ ഉറപ്പെല്ലാം അദ്ദേഹം കാററത്തുപറത്തി. ജൂൺ 30—നു തന്നെ പുതിയ മെത്രാനെ വാഴിക്കണമെന്നു അദ്ദേഹം ശഠിച്ചു. സഭയുടെ നൈയാമികരൂപീകരണങ്ങൾ അതിനുള്ളിൽ പൂർത്തിയാക്കാൻ സാധ്യമായിരുന്നില്ല. സഭയെ ധിക്കരിച്ചുകൊണ്ടുതന്നെ നാലു പുതിയ മെത്രാന്മാരെ അദ്ദേഹം വാഴിച്ചു. അങ്ങനെ ആർച്ചുബിഷപ്പും അനുയായികളും സഭയിൽനിന്നും സ്വയം ബഹിഷ്കൃതരായി, ഗുഹയുടെ ഏകാന്തതയിൽ തലയൊളിക്കുന്നവൻ വെളിച്ചത്തിൽനിന്നു ബഹിഷ്കൃതനാകുന്നതുപോലെ. സഭാ ഭിന്നതയ്ക്ക ഹേതു വിശ്വാസസത്യമല്ല, പിന്നെയോ പാപമാണെന്ന പരമാത്ഥം ഒരിക്കൽക്കൂടി വെളിപ്പെട്ടു.

രാജാവിനേക്കാൾ രാജഭക്തി; പാപ്പായേയും ആകമാനകൗൺസിലിനേയുംകാൾ സഭാസ്നേഹം — ഇത്തരക്കാർ എവിടെയും ഉണ്ടാകാം. സഭയുടെ പ്രഖ്യാപിത നയമായ റീത്തു സംവിധാനത്തിന്റെ മനോഹാരിതയെ പുച്ഛിക്കുന്ന ഇന്നാട്ടിലെ തലയെടുപ്പുകാർ ആർച്ചുബിഷപ്പ് ലെഫബ്രെയുടെ കാലടികൾ പിഞ്ചെല്ലുന്നവരാണ്.

www.malankaralibrary.com

# 16

# രോഗാർത്തതയുടെ ഊർദ്ധ്വശ്വാസം *

തേന്മാവെന്നു കരുതി നട്ടുകയും നനയ്ക്കുകയും ചെയ്തു. ഫലമെടുത്തപ്പോഴോ? കാഞ്ഞിരക്കാകരംമാത്രം — സുപ്രതീക്ഷയ്ക്കു വിപരീതഫലം! നിരാശയുടെ തിക്താനുഭവം!

''സഹസ്രപാദൻ ഭഗവാന്റെ പുത്രൻ
ഗ്രഹാധിപൻ ഹന്ത! മുടന്തനായി
മഹാമഹസ്സാകുമവന്റെ പുത്രി—
യഹോ! കറുത്തും വിധിവാമനത്രേ''

രക്ഷാസങ്കേതമെന്നത്രേ രാഷ്ട്രീയത്തെ അഭയം തേടിയപ്പോൾ പ്രതീക്ഷിച്ചതു്. ധൃതരാഷ്ട്രാലിംഗനമെന്നു മനസ്സിലാക്കാൻ സമയമേറെക്കഴിയേണ്ടി വന്നു. അവിടെ അപകടം പതിയിരിക്കുകയാണ്; അഴിമതി നഗ്നതാണ്ഡവംനടത്തുകയാണ്.

ഒരു പാർട്ടിക്കാരനും രാഷ്ട്രീയതയുടെ രോഗാതുരത്വം സമ്മതിക്കില്ല. സ്റ്റെതസ്കോപ്പു പരിശോധന വേണ്ടാ. എക്സ്റേ ചിത്രങ്ങൾ എടുക്കേണ്ടതുമില്ല, സൂക്ഷ്മശോധന നടത്തിയാൽ മതി, രാഷ്ട്രീയതയുടെ ഇന്നത്തെ സ്ഥിതി വെളിപ്പെടും. വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ അവിഹിതനീക്കവും ഉല്പ്പാദനക്ഷമതയ്ക്കു തുരങ്കംവെക്കുന്ന ട്രേഡ്യൂണിയൻ പ്രവർത്തനവും രോഗമൂർദ്ധന്യസ്ഥിതിയുടെ ഊർദ്ധ്വശ്വാസം തന്നെയാണ്.

---

* നമ്മുടെ നാട്ടിലെ രാഷ്ട്രീയതയുടെ രോഗം ഗുരുതരസ്ഥിതിയിലെത്തിയിരിക്കുകയാണ്. വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ അവിഹിതനീക്കം, ഉല്പ്പാദനക്ഷമതയ്ക്കു തുരങ്കം വെക്കുന്ന ട്രേഡ്യൂണിയൻ പ്രവർത്തനം—രണ്ടുമാണ് മൂർദ്ധന്യാവസ്ഥ വെളിപ്പെടുത്തുന്ന ലക്ഷണങ്ങൾ. രോഗാതുരതയെക്കുറിച്ചുള്ള ബോധോദയംപോലും ഉണ്ടാകുന്നില്ലെന്നതാണു ദയനീയം. 1988 ആഗസ്റ്റുമാസത്തിൽ ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു.

www.malankaralibrary.com



58 ലക്ഷമാണ കേരളത്തിൽ സ്കൂൾകുട്ടികൾ. 18 വയസ്സിൽ താഴെയാണിവരുടേതു്. മാതാപിതാക്കന്മാർക്കുമാത്രമേ മൈനർമാരുടെമേൽ അവകാശമുള്ളൂ. രക്ഷാകർത്താക്കളിൽ നിന്നും അവരെ പിന്തിരിക്കുവാൻ ആർക്കും അനുവാദമില്ല. ഈ വേലിക്കെട്ട് രാഷ്ട്രീയക്കാരൻ പൊളിക്കുന്നു. എട്ടും പൊട്ടും തിരിയാത്ത ഇളംകുഞ്ഞുങ്ങളുടെ പിഞ്ചുകൈകളിൽ ആ മുതലെടുപ്പുകാർ മറുതലിപ്പിന്റെ രാഷ്ട്രീയപ്പന്തം വെച്ചുകൊടുക്കുന്നു. അതുമൂലം, നാട്ടു കുട്ടിച്ചോറാക്കപ്പെടുന്നു; വിദ്യാഭ്യാസം തകർക്കപ്പെടുന്നു; ഡമോക്രസി താറുമാറാക്കപ്പെടുന്നു.

പഠിക്കാൻവേണ്ടിയാണ് പള്ളിക്കൂടം. അതിനുവേണ്ടിയാണ് കുട്ടിയെ സ്കൂളിൽ വിടുന്നതു്. രക്ഷാകർത്താവ് ഭാരം പേറുന്നതും മറ്റൊന്നിനുമല്ല. പ്രതിവർഷം 500 കോടിയോളം വരുന്ന വിദ്യാഭ്യാസനികുതി അവർ ചുമക്കേണ്ടിവരുന്നു. ഈ ഭാരപ്പാടൊന്നും ''പിള്ളേർപിടുത്ത''ത്തിനു ശ്രമിക്കുന്ന അസുരന്മാർക്കില്ല. കപടസന്യാസികളുടെ ''പിള്ളേർപിടിത്തം'' ക്രൈമാണ്. അതിനേക്കാൾ എത്രയോ കിരാതമാണ് ഡമോക്രസി പ്രഹസനത്തിന്റെ പേരിൽ നടത്തുന്ന വിദ്യാർത്ഥിചൂഷണം. കള്ളനെ കാവലേല്പ്പിക്കുന്ന മൂഢതയത്രേ വിദ്യാർത്ഥി സംരക്ഷണം രാഷ്ട്രീയക്കാരനെ ഏല്പിക്കുമ്പോൾ ഭവിക്കുന്നതു്.

അലങ്കോലമാക്കപ്പെട്ടിട്ടുള്ള മറ്റൊരു മണ്ഡലം തൊഴിലാളികളുടേതാണ്. ട്രേഡ്‌യൂണിയനുകളുടെ ദുർന്നടത്ത ഉല്പ്പാദനക്ഷമത കുറയ്ക്കുന്നു; സമ്പൽഘടന തകർക്കുന്നു; നാട്ടു നശിപ്പിക്കുന്നു; തൊഴിലില്ലായ്മ അതിരൂക്ഷമാക്കുന്നു.

കൂലിയും സാമ്പത്തികവികസനവും ആനുപാതികമായിരിക്കണമെന്ന വ്യവസ്ഥ ഇന്നില്ല. ഇപ്പോഴുള്ളതിന്റെ നേർപകുതി തൊഴിലാളികൾ മതിയാവും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉല്പ്പാദനക്ഷമത നിലനിർത്താൻ. കെ. എസ്. ആർ. ടി. സിയുടെ ശുദ്ധീകരണത്തിൽ രണ്ടു ക്രൂരകൃത്യങ്ങളിൽ ഒന്നു് അപരിത്യാജ്യമാണെന്നത്രേ

www.malankaralibrary.com



ശ്രീ. എം. പി. നാരായണപിള്ളയുടെ നിർദ്ദേശം. ''ജീവനക്കാരൻ ഇന്നു ചെയ്യുന്നതിനേക്കാൾ 52 ശതമാനം കൂടുതൽ ജോലി ചെയ്യണം. അതിനു തയ്യാറായില്ലെങ്കിൽ ഇന്നുള്ള ശമ്പളം കുറയ്ക്കേണ്ടിവരും'' (മാതൃഭൂമി 1988 ജൂൺ 24). സംഘടിത തൊഴിലാളികളുടെ രാഷ്ട്രീയസ്വാധീനം ഇതു രണ്ടും സമ്മതിക്കയില്ല.

കാര്യലാഭം മാത്രമാണു യൂണിയൻെറ ലക്ഷ്യം. ഉല്പ്പാദനക്ഷമത വളർത്തൽ അവർക്കു പ്രശ്നമല്ല; തൊഴിൽരഹിത ഭൂരിപക്ഷത്തോട് അവർക്കു സഹതാപവുമില്ല. തൊഴിലില്ലാത്ത ഭാഗ്യഹീനരെ പലപ്പോഴും ദോഷകരമായി ബാധിക്കുന്നുണ്ട് യൂണിയൻപ്രവർത്തനം. ''തൻകാര്യത്തിനിഹാന്യകാര്യഹനനം'' എന്ന രാക്ഷസീയതത്വത്തിലേക്കു യൂണിയൻപ്രവർത്തനം നീങ്ങാറുണ്ട്; അതുമൂലം വറചട്ടിയിൽനിന്ന് അടുപ്പിലേക്കു വീഴുകയെന്ന ദുർഗ്ഗതി അസംഘടിത ഭൂരിപക്ഷത്തിനു പിണയാറുണ്ട്.യൂണിയൻ ബന്ദു നടത്തും, പണിമുടക്കും, അസമയത്തും അകാരണവുമായും അതുണ്ടാകും. ഓരോ പണിമുടക്കിലും സംഘടിതശക്തി വിജയിക്കും; ശമ്പളവർദ്ധനവിനു സർക്കാർ നിർബന്ധിതമാകും; ഖജനാവു ശൂഷ്കമാവും: അതു പാടില്ലല്ലൊ; നികുതി വർദ്ധനകൊണ്ടേ അതിനെ തടയാനാവൂ. ആരാണ് നികുതി കൊടുക്കേണ്ടതു്? അസംഘടിതരിയ തൊഴിൽരഹിതഭൂരിപക്ഷം തന്നെ. സംഘടിതന്യൂനപക്ഷത്തിൻെറ ഓരോ വിജയവും തൊഴിൽരഹിതരായ അസംഘടിതയാതനക്കാർക്ക് ദുർവ്വഹവിനയായി കലാശിക്കുന്നു. അസംഘടിതപാവങ്ങളുടെ പ്രാണമരുത്തുകൊണ്ടാണ് പണിമുടക്കു സമരം നടത്തുന്ന സംഘടിത പാപികരം സ്വന്തം സുഖലാലസതയുടെ പങ്ക ചലിപ്പിക്കുന്നതു്.

രാഷ്ട്രീയചട്ടുകമാണ് യൂണിയൻ. അകാരണസമരത്തിലേക്കും കാട്ടാളത്തത്തിലേക്കും തൊഴിലാളിയെ ഉന്തിവീഴ്ത്തുന്നതു രാഷ്ട്രീയത്തിൻെറ ചരടുവലിയാണ്. ഇതുമൂലമുണ്ടാകുന്ന സാമൂഹ്യനാശങ്ങളെക്കുറിച്ചുള്ള കുററബോധം പോലും അവർക്കില്ല. പരിഷ്കൃതനാടുകളിൽ ഈ ക്രൂരവിനോദത്തെ നേരിടാൻ നടപടിക്രമമുണ്ട്. പണിമുടക്കുകൊണ്ട്

www.malankaralibrary.com



ആർക്കൊക്കെ നഷ്ടമുണ്ടാകുന്നോ ആ നഷ്ടം പരിഹരിക്കാൻ യൂണിയനുകൾ ബാധ്യസ്ഥരാണെന്നത്രേ ഇംഗ്ലണ്ടിലെ തൊഴിൽനിയമം. ഇവിടത്തെ രാഷ്ട്രീയക്കാരൻ അതിനു സന്നദ്ധനാകുമോ?

സ്വാതന്ത്ര്യലബ്ധിയുടെ 41–ാം വാർഷികമാണു നാം പൂർത്തിയാക്കുന്നത്. ഇവിടത്തെ രാഷ്ട്രീയതയുടെ രോഗാർത്തതയെക്കുറിച്ചുള്ള ബോധോദയം ഇനിയെങ്കിലും നാടിനുണ്ടാകണം. സ്വയംശോധനയ്ക്ക് ഭരണനേതൃത്വം ഒരുങ്ങുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. സമ്മർദ്ദത്തിന്റെ ഷോക്കുചികിത്സതന്നെ ആവശ്യമാണ്.

www.malankaralibrary.com

# 17

# വിനാശത്തിൻെറ അവിഹിതവേഴ്ച *

''നമ്മുടെ കുട്ടികരം അടങ്ങിയിരുന്നു പഠിക്കണം. അവ ക്കു് അച്ചടക്കവും മര്യാദയും വേണം. അവക്കു് സ്വാതന്ത്ര്യ മായും നിർഭയമായും ചിന്തിക്കാൻ കഴിയണം. അവർ മററു ള്ളവരെ വെറുക്കാൻ പഠിക്കരുതു്. അവർ വളരുമ്പോരം അവരുടെ കൈകളിൽ ഇൻഡ്യ സുരക്ഷിതമായിരിക്കണം. ഇന്നു് അവരെ ചിന്താശക്തിയും അച്ചടക്കവും ഇല്ലാതെയാ ക്കുന്നതിൽ ഒരു പ്രധാനപങ്കു വഹിക്കുന്നതു കക്ഷി രാഷ്ട്രിയമായതുകൊണ്ടു് സ്കൂളുകളിൽ അതു നിരോധിക്കുക യും കോളജുകളിൽ അതു നിയന്ത്രിക്കുകയും സ്വാതന്ത്ര്യ ത്തിൻെറ ഈ നാല്പത്തിയൊന്നാം വർഷത്തിലെങ്കിലും നാം ചെയ്യേണ്ടിയിരിക്കുന്നു'' (മാതൃഭൂമി ആഴ്ചപ്പതിപ്പു് 1988 മെയ് 1–7, പുറം 41) പ്രൊഫ. ബി. ഹൃദയകുമാരിയുടെ വാക്കുകളാണിവ. നമ്മുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ശ്രദ്ധേ യവും പഠനാർഹവുമായ ഒരു ലേഖനപരമ്പരയുടെ ഉപസം ഹാരമാണിതു്. നാടിനെ സ്നേഹിക്കുന്ന എല്ലാവരുടെയും ശബ്ദം ഇതു തന്നെ.

കക്ഷിരാഷ്ട്രീയം വിദ്യാർത്ഥികളെ നശിപ്പിക്കുന്നു. അതുമൂലം നാടിൻെറ ഭാവിയും തകരാറിലാവുന്നു. എന്തിനു്? ഡമോക്രസിയെത്തന്നെ അതു താറുമാറാക്കുന്നു. എവിടെ വിദ്യാ ഭ്യാസം ശോഷിക്കുന്നു, അവിടെ ഡമോക്രസിയും തകരുക യാണു്.

---

* ഇന്നത്തെ വിദ്യാർത്ഥിലോകത്തെക്കുറിച്ചു എല്ലാവക്കും ഉൽക്ക ണ്ഠയുണ്ടു്. വിദ്യാർത്ഥിയും രാഷ്ട്രീയവും തമ്മിലുള്ള വേഴ്ച മുറുകുന്നു; അതു നാടിനെ മുടിക്കുന്നു; വിപത്തു വർദ്ധിക്കുന്നു. എന്തുണ്ടു് പ്രതി വിധി? 1988 ജൂൺ മാസത്തിൽ ലേഖകൻ ഈ വിഷയത്തിലേക്കു തിരിഞ്ഞു.

www.malankaralibrary.com



കക്ഷിരാഷ്ട്രീയത്തിൻെറ ഒഴിയാബാധയിൽനിന്നു വിദ്യാർത്ഥിയെ ആരു രക്ഷിക്കും? വിദ്യാർത്ഥി അതിൽനിന്നു സ്വയം പിന്മാറുമോ? രാഷ്ട്രീയക്കാരൻ വിദ്യാർത്ഥിമണ്ഡലത്തെ ഉപേക്ഷിക്കുമോ? രണ്ടും ഉണ്ടാകയില്ല. അധഃപതനത്തിൻെറ വേഗത മുറുകുകയാണ്.

രാഷ്ട്രീയം ആവശ്യംതന്നെ. വിദ്യാർത്ഥി ഭാവിയുടെ നാമ്പുമാണ്. രാഷ്ട്രീയവും വിദ്യാർത്ഥിയും തമ്മിലുള്ള ഇന്നത്തെ അവിഹിതവേഴ്ച രാഷ്ട്രീയത്തേയും വിദ്യാർത്ഥിയേയും ഒന്നുപോലെ മുടിക്കും. നാശത്തിൻെറ ഈ ആലിംഗനബന്ധത്തെ വേർപെടുത്താൻ ആരെക്കൊണ്ടും ആവുന്നമില്ല. ആശ്ലേഷം മുറുകുന്തോറും രോഗം മാരകമാവുകയാണ്, വിപത്തു വർദ്ധമാനമാകുകയാണ്.

ഒരു മുത്തശ്ശിയും കുഞ്ഞുമകനും തമ്മിലുള്ള മമതാധിക്യം കഥാകൃത്തായ ശ്രീ വിവേകാനന്ദൻ ചിത്രീകരിക്കുന്നുണ്ട്. മുത്തശ്ശിയും കുഞ്ഞുമകനും തമ്മിൽ അതിസ്നേഹമാണ്. മുത്തശ്ശി എടുത്താലേ അവൻെറ കരച്ചിലടങ്ങൂ. മുത്തശ്ശി കൊടുത്താലേ അവൻ എന്തെങ്കിലും ഭക്ഷിക്കൂ. മുത്തശ്ശി പറഞ്ഞാലേ അവൻ എന്തെങ്കിലും അനുസരിക്കൂ.

കുഞ്ഞുമോനു രോഗം. പ്രതിവിധി എന്തെന്നല്ലേ? മുത്തശ്ശി കുഞ്ഞുമോനെ എടുത്തുകൂടെന്നത്രേ ഡോക്ടറുടെ വിധി. "അവർക്കാണു രോഗം കലശലായി ബാധിച്ചിട്ടുള്ളതു".

പക്ഷേ, മുത്തശ്ശിയോട് അതെങ്ങനെ പറയും" മകൻ ധർമ്മസങ്കടത്തിലായി.

"പറയണം".

"ഓ! അതൊക്കെമോ?"

"ഒക്കണം. ഒത്തില്ലെങ്കിൽ നിങ്ങളുടെ കുഞ്ഞിനു രോഗം പിടിപെട്ട്, ചുമച്ചുചുമച്ച്, കഫവും ചോരയും തുപ്പി, മരിക്കുന്നതു നിങ്ങൾ നോക്കി നില്ക്കേണ്ടി വരും".

അയാൾക്ക് ആകപ്പാടെ തലകറങ്ങുന്നതുപോലെ തോന്നി. കുഞ്ഞിൻെറ കരച്ചിൽ കേട്ടാണ് അയാൾ അകത്തേക്ക് ഓടിക്കയറിച്ചെന്നതു്. മുത്തശ്ശി കുഞ്ഞിനെ മാറോട

www.malankaralibrary.com



ണച്ച അടക്കിപ്പിടിച്ചുകൊണ്ട് ഉമ്മവച്ചു കരച്ചിൽ മാററുകയാണ്. അയാരം അലറി.

"ഫോ! പിശാചുക്കരം! നിങ്ങരം അവനെ കൊല്ലും! നിങ്ങരം എൻെറ മോനെ കൊല്ലും! ദ്രോഹികരം!" അയാരം മുത്തശ്ശിയെ വലിച്ചെടുത്തു ദൂരത്തിട്ടു.

"ഹരി! എന്തെരടായിതു്?" മുത്തശ്ശിക്കു അരിശം വന്നു. "എന്തോന്നു്? എന്തോന്നു്? നിങ്ങരംക്കു കേരംക്കണോ എന്തോന്നെന്നു്? നിങ്ങളുടെ രോഗം പകരുമെന്നു്. മനസ്സിലായോ പറഞ്ഞതു്? നിങ്ങരം അടുത്തിരുന്നാൽ—നിങ്ങളുടെ ശ്വാസമേററാൽ അവൻ മരിച്ചുപോകുമെന്നു്! എൻെറ മകനെകൊല്ലാൻ...."

പുത്രസ്നേഹംകൊണ്ടു അററകൈ പ്രയോഗത്തിനു മുതിന്ന ആ പിതാവിൻെറ ധീരതയുമായി മുന്നേറിയെങ്കിൽ മാത്രമേ കക്ഷിരാഷ്ട്രീയ സാംക്രമികബാധയിൽനിന്നു നമ്മുടെ വിദ്യാർത്ഥിവ്യൂഹത്തെ രക്ഷിക്കാനാവൂ. ഭവിഷ്യത്തിൻെറ ഭീകരത മനസ്സിലാക്കുമെങ്കിൻ പ്രതിവിധിക്കു തെല്ലും അമാന്തിച്ചുകൂടാ.

1. വിദ്യാർത്ഥികളെ കക്ഷിരാഷ്ട്രീയത്തിൽനിന്നു പിന്തിരിപ്പിക്കുന്നതിനു പാർട്ടിവർഗ്ഗഭേദമേന്യേ നാട്ടുകാർ സംഘടിതരാകണം;

2. കക്ഷിരാഷ്ട്രീയം വിദ്യാലയങ്ങളിൽ നിരോധിക്കുവാൻ സർക്കാരിൽ ശക്തമായ പ്രേരണ ചെലുത്തണം;

3. വിദ്യാർത്ഥിവിംഗിനെ പോഷിപ്പിക്കുന്ന രാഷ്ട്രീയപാർട്ടിക്കു വോട്ടു നല്കാതിരിക്കണം;

4. വിദ്യാർത്ഥി രാഷ്ട്രീയത്തെ എതിർക്കാത്ത പാർട്ടിപ്പത്രത്തെ ബഹിഷ്കരിക്കണം;

5. വിദ്യാലയങ്ങളിലെ കക്ഷിരാഷ്ട്രീയം വരുത്തുന്ന കെടുതികളെക്കുറിച്ചുള്ള ബോധവല്കരണം വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ഇടയിൽ ഊർജ്ജിതമായി തുടരണം.

ഇതെല്ലാം സാധിക്കുമോ എന്നു ചോദിച്ചേക്കാം. സാധിക്കണം. സാധിച്ചില്ലെങ്കിൽ നാടിൻെറ ഭീകര നാശം കൺമുമ്പിൽ കാണേണ്ടിവരും.

www.malankaralibrary.com

# 18

## കാളിമകാളുന്ന കാലം*

അധാർമ്മികതയുടെ കൂരിരുട്ട്; വിഷമയമായ ധൂമപടലം; അഴിമതിയുടെ പേമാരി; യുദ്ധത്തിന്റെ ഇരമ്പം; മൂല്യങ്ങളെ കരണ്ടു നശിപ്പിക്കുന്ന ക്ഷുദ്രകീടങ്ങളുടെ പെരുപ്പം, സാമൂഹ്യബന്ധങ്ങളുടെ ചോരകുടിക്കുന്ന ഭീകരരക്ഷസുകളുടെ നഗ്നവിളയാട്ടം—ധർമ്മസംസ്ഥാപനത്തിനുവേണ്ടി കേഴുവാൻ നിർബദ്ധമാക്കുന്ന സാഹചര്യമാണെവിടെയും

കാരണമെന്തെന്നല്ലേ? മൂലക്കല്ലു പൊളിഞ്ഞു; അടിത്തറ തകരാറിലായി; നാരായവേരിനു കേടുപിടിച്ചു—കാന്തക്കമ്പി നഷ്ടപ്പെട്ട വടക്കുനോക്കിയന്ത്രമായിത്തീർന്നു ജീവിതം. ധർമ്മം എല്ലായിടത്തുനിന്നും നിഷ്കാസിതമായി.

''ധർമ്മേ സർവ്വം പ്രതിഷ്ഠിതം'' എന്ന് ആരും ഓർക്കാറില്ല. അർത്ഥസമ്പാദനത്വര ധർമ്മത്തെ കടപുഴക്കി. ധർമ്മപൂർവ്വകമല്ലാത്ത കാമപൂരണം നിഷിദ്ധമെന്ന ചിന്ത പമ്പ കടന്നു. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്നായി എല്ലായിടത്തും പല്ലവി.

''ധർമ്മാദർത്ഥ: പ്രഭവതി,
ധർമ്മാൽ കാമ: പ്രവർത്തതേ
ധർമ്മാൽ പ്രഭവതേ മോക്ഷ:
ധർമ്മേ സർവ്വം പ്രതിഷ്ഠിതം'' എന്നൊക്കെ ഉരുവിടാൻ ആർക്കും ധൈര്യം പോരാ.

---

* 1987—ൽ ഒരു പ്രാർത്ഥനായജ്ഞം സമാരബ്ധമായി. കോട്ടയം വടവാതൂർ സെമിനാരിയിലെ Jesus Fraternity —യിൽ നിന്ന്. അസാന്മാർഗ്ഗീയതക്കെതിരെയുള്ള സമരം. അതിനെ പിന്താങ്ങിക്കൊണ്ടു 1987—ഒക്ടോബറിൽ ''കാളിമകാളുന്ന കാലം'' എന്ന ലേഖനം പ്രേഷിത കേരളത്തിൽ ചേർത്തു.

www.malankaralibrary.com



സുഖത്തിനുവേണ്ടി നെട്ടോട്ടമാണ്. ധർമ്മാധിഷ്ഠിതമായിരിക്കണം അതെന്നു നോട്ടമില്ല. ''സുഖം നവിനാധർമ്മാത്തസ്മാദ്ധർമ്മ പരോഭവേൽ'' എന്നു പറയുന്നതു പലർക്കും കാലഹരണപ്പെട്ടതാണു പോലും! ധർമ്മത്തെ വെടിഞ്ഞു കൊണ്ടുള്ള അർത്ഥകാമമോഹങ്ങൾ കുത്തനെ പതിക്കുന്നതു അതിഭീകരമായ അസാന്മാർഗ്ഗികതയുടെ ചളിക്കുണ്ടിലാണ്. അസാന്മാർഗ്ഗികതയുടെ ഇന്നത്തെ ചിത്രം ആരെയും ഞെട്ടിക്കും. 32 മാസങ്ങൾക്കുള്ളിൽ 88,857 ഗർഭഛിദ്രങ്ങൾ കേരളത്തിൽ നടന്നതായി രേഖയുണ്ട് (Indian Express, Jan 8, 1981) മയക്കുമരുന്നിനു വിധേയരായി ദിനംപ്രതി അഞ്ചുപേർ ഭാരതത്തിൽ മരിക്കുന്നു. ബോംബെയിൽ 80000 പേർ മയക്കുമരുന്നിനു അടിമകളായുണ്ട് (Indian Express, Jan. 7, 1987) പാശ്ചാത്യനാടുകളെ ഗ്രസിച്ചിരിക്കുന്ന എയ്ഡ്സ് നമ്മുടെ നാട്ടിലേക്കും കുടിയേറിയിരിക്കുന്നു(Indian Express, Jnly 25, 1987). ന്യൂയോർക്ക് നഗരത്തിൽ ജനിക്കുന്ന ഓരോ മൂന്നു കുഞ്ഞുങ്ങളിൽ ഒന്നു ജാരസന്തതിയാണ്. 1983—ൽ മാത്രം അവിടെ 1,12,353 കുഞ്ഞുങ്ങൾ അവിഹിതബന്ധത്തിലൂടെ ജനിക്കുകയുണ്ടായി (Indian Express, Aug. 15 1984). ഓരോ വർഷവും അമേരിക്കയിൽ 13—നും 19—നും ഇടയ്ക്കു പ്രായമുള്ള പത്തുലക്ഷത്തിലധികം പെൺകുട്ടികൾ ഗർഭിണികളാവുന്നു (Times, Dec. 9, 1985 P, 45). 150 ലക്ഷം കുട്ടികൾ പ്രതിവർഷം അനാഥരായി ജനിക്കുന്നുണ്ട്. * ഭീതിദമായ സ്ഥിതി!

ഈ ദുരവസ്ഥയ്ക്കുമുമ്പിൽ നിഷ്ക്രിയത്വം ക്ഷന്തവ്യമല്ല. അനാസ്ഥയ്ക്ക് ഇനി സ്ഥാനമില്ല. കെ. സി. ബി. സി. യുടെ നീതി—സമാധാന—വികസനക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ ധർമ്മസംസ്ഥാപനം എന്ന രേഖ പുറത്തു വന്നിരിക്കുന്നു. ഇതെന്തേ ഇത്ര താമസിച്ചുപോയി എന്നേ പരാതിയുള്ളു.

ധർമ്മച്യുതിയുടെ സ്വഭാവം, ധാർമ്മികസങ്കല്പം, ചില മാർഗ്ഗനിർദ്ദേശങ്ങൾ എന്നിങ്ങനെ മൂന്നു പ്രധാന ഭാഗങ്ങൾ

---

* കണക്കുകൾ ''അസാന്മാർഗ്ഗികതക്കെതിരെ പ്രാർത്ഥനായജ്ഞം'' എന്ന ലഘുലേഖയിലേതിണ്,

www.malankaralibrary.com



ഈ രേഖയിലുണ്ട്. അവയിൽ ധർമ്മച്യുതിയുടെ സ്വഭാവം, ചില മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ശ്രദ്ധേയങ്ങളാണ്.

വിദ്യാഭ്യാസം, സമ്പർക്കമാധ്യമങ്ങൾ, സാംസ്കാരിക രംഗം, രാഷ്ട്രതന്ത്രം എന്നീ മണ്ഡലങ്ങളിലെ പ്രവർത്തനങ്ങളാണ് മാർഗ്ഗനിർദ്ദേശങ്ങളിൽ വിവക്ഷിതം. വ്യക്തിപരവും സമൂഹാധിഷ്ഠിതവുമെന്ന രണ്ടുതലങ്ങളായി ഇവയെ തിരിച്ചിരിക്കുന്നു. രണ്ടുതലങ്ങളും പ്രധാനപ്പെട്ടതത്രേ. വ്യക്തിയെക്കൂടാതെ സമൂഹത്തിനോ സമൂഹംകൂടാതെ വ്യക്തിക്കോ പരിവർത്തനവിധേയമാവുക വയ്യാ.

സമൂഹനിഷ്ഠങ്ങളായ ഘടകങ്ങൾ പലതാണ്. ഇക്കാര്യത്തിൽ ഭരണാധിപന്മാരുടെ ഉത്തരവാദിത്വം ഭാരിച്ചതത്രേ; മതത്തിന്റെ സ്വാധീനം കുറച്ചുകൂടാ; രാഷ്ട്രത്തിന്റെ മനസ്സാക്ഷിയായി സഭ വർത്തിക്കേണ്ടതുണ്ട്; സമൂഹമനസ്സാക്ഷി രൂപവൽക്കൃതമാകണം; മനുഷ്യത്വത്തിന്റെ പ്രാധാന്യം ഇടിക്കുവാൻ പാടില്ല; ഘടനകളുടെ പൊളിച്ചുപണി കൂടിയേ തീരൂ; നിരന്തര ജാഗരൂകത ആവശ്യമാണ്; ആദർശനിഷ്ഠ അംഗീകൃതമാകണം; ധാർമ്മികലക്ഷ്യം വിദ്യാഭ്യാസത്തിനുണ്ടാകണം; സമ്പർക്കമാധ്യമങ്ങളുടെ ലക്ഷ്യാധിഷ്ഠിതമായ ഉപയോഗം വേണം—എല്ലാം സമൂഹഘടനയെ ശുദ്ധമാക്കും.

"നമ്മുടെ സ്ഥാപനങ്ങളിൽ ക്യാപ്പിറേറഷൻ ഫീസും സംഭാവനയും വാങ്ങുന്നത് ആരെല്ലാം ന്യായികരിച്ചാലും അതിന്റെ ഫലം ദുരന്തസ്വഭാവം ഉൾക്കൊള്ളുന്നതായിരിക്കും" എന്ന അഖിലേന്ത്യാ ബിഷപ്സ് കോൺഫ്രൻസിന്റെ പ്രസ്താവന രേഖയിൽ ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്.

ശങ്കിച്ചിരിക്കാൻ നേരമില്ല. സത്വരനടപടി ആവശ്യമായിരിക്കുന്നു. "ഉറക്കംമതി ചങ്ങാതി, ഉത്ഥാനം ചെയ്തിടാമിനി".

www.malankaralibrary.com

# "ഓർമ്മയുടെ ചിത്രശാല"

(ഒന്നാം പുസ്തകം)

ഗ്രന്ഥകർത്താവ്

## വി. കിളിച്ചിമല

പരക്കെ അംഗീകരിക്കപ്പെടുന്നു.

### 1 വെരി. റവ. ഫാ. ഫിലിപ്പ് സി. പന്തോളിൽ

(റിട്ട. പ്രിൻസിപ്പൽ)

''ഓർമ്മയുടെ ചിത്രശാല'' ഒരു വലിയ ആവശ്യ നിറവേററുകയാണ്; മലങ്കരകത്തോലിക്കാരംഗത്തേ ഒരു വിടവു നികത്തുകയാണ്; നമ്മെ അറിയുവാനും വിലയിരുത്തുവാനും ഒരു അവസരം ഒരുക്കിയിരിക്കുകയാണ്......... പുനരൈക്യ പ്രണേതാക്കളെക്കുറിച്ചു ഇന്നത്തെ യുവതലമുറയ്ക്കുള്ള അറിവു തുലോം തുച്ഛം. ആ പോരായ്മ നികത്താൻ ചെയ്തിട്ടുള്ള ശ്രമത്തിലൂടെ ഗ്രന്ഥകത്താവു അഭിനന്ദനീയനായിരിക്കുന്നു; നന്ദി അർഹിക്കുന്നു.... ....... ഇത്തരത്തിലുള്ള ചരിത്രഗവേഷണം വളരെ ക്ലേശകരമാണെന്നകാര്യം അനുഭവസ്ഥർക്കേ അറിവുള്ളു. പ്രശംസനീയമായ ഈ സംരംഭത്തിൽ എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുന്നതു മഹത്തായ ഒരു സഭാസേവനംതന്നെയത്രേ. മലങ്കരകത്തോലിക്കാ കോൺഗ്രസിൻെറ അടിയന്തരശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്........... എല്ലാവരും പുസ്തകം കരസ്ഥമാക്കട്ടെ.

### 2 വെരി റവ. ഫാ. യോവാക്കീം നാഗഞ്ചേരിൽ

''ഓർമ്മയുടെ ചിത്രശാല'' ഇത്ര മനോഹരമായി ഒരുക്കിയ ചിത്രകാരനെ എത്ര ശ്ലാഘിച്ചാലും മതിയാകയില്ല. അതിൻെറ പിന്നിലുള്ള ബുദ്ധികൂർമ്മതയും ബുദ്ധിമുട്ടുകളും അതിരററവ തന്നെ. ഈ ചിത്രശാലയിൽ വ്യാപരിക്കുന്നതുവഴി അത്യുന്മേഷവും അത്യുൽക്കർഷവും ആർക്കും ആർജ്ജിക്കാം. തുടർന്നുള്ള ഭാഗങ്ങൾ കൂടിയാമ്പോൾ മലങ്കരകത്തോലിക്കാസഭയ്ക്കു അഭിമാനവിജ്രംഭിതയാകാം........... ഇതു വായിക്കാതിരിക്കുക തികഞ്ഞ നഷ്ടമാണ്.

www.malankaralibrary.com

**3 എം. എ. പീലിപ്പോസ്** (Rtd. D.T.O),
**നാലാഞ്ചിറ**

''....... ഇന്നിന്റെ അനിവാര്യമായ ഒരാവശ്യമാണ് ''ഓർമ്മയുടെ ചിത്രശാല''. മൺമറഞ്ഞ ത്യാഗമതികളെ അനുസ്മരിക്കേണ്ടതു ധർമ്മം മാത്രമാണ്. മുൻഗാമികളെ മറക്കുന്ന ഉന്നതന്മാരുണ്ട്. ഈ നന്ദികേട് മററുള്ളവരുടെ മുമ്പിൽ അവരെ വിമാന്യരാക്കുന്നു. ഈ നല്ല സംരംഭത്തിനു എല്ലാ വിജയങ്ങളും നേരുന്നു''.

**4. സി. റ്റി. സൈമൺ, ബാംഗളൂർ**

''........ ഇതിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ വ്യക്തിയെക്കുറിച്ചും സമഗ്രമായ വിവരങ്ങൾ ശേഖരിക്കാൻ നേരിട്ട ബുദ്ധിമുട്ടും ബദ്ധപ്പാടുകളും സാധാരണക്കാരുടെ കഴിവിനും അപ്പുറമുള്ളതാണ്. You have undertaken a really stupendous task for the benefit of posterity ....... എനിക്കറിയാവുന്നതിൽ ഏറെ കാര്യങ്ങൾ എന്റെ പിതാവിനെ (എസ്. തോമസ് അയിരൂർ) ക്കുറിച്ചു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളതു് അത്ഭുതാവഹമായി തോന്നുന്നു ....... പുസ്തകം വളരെ നന്നായിട്ടുണ്ട്. എത്ര അനുമോദിച്ചാലും കൂടുതലല്ല''

**5. എം. ഒ. വർഗീസ് മേളാമ്പറമ്പിൽ**

''........... ഭാവി തലമുറ അറിഞ്ഞിരിക്കേണ്ട ഈ അമൂല്യനിധിക്കു സർവ്വമംഗളങ്ങളും നേരുന്നു''.

വില 30 രൂപ

*ആവശ്യപ്പെടുക:*

ശാന്തിനിലയം,
തിരുവല്ല—689101

www.malankaralibrary.com

ഉടൻ പ്രസിദ്ധീകരിക്കുന്നു:

# വിഹഗ വീക്ഷണം

(രണ്ടാം ഭാഗം)

**വി. കിളിച്ചിമല**

## ഉള്ളടക്കം

1 ''മാർത്തോമ്മാവിജയം'' മഹാകാവ്യം
2 സംഘകാലത്തെ മതജീവിതം
3 പുസ്തകപ്രസാധന സ്മരണകൾ
4 അവശപ്രശ്നം
5 കേരംപ്പോരില്ലാത്ത കൊള്ളകൾ
6 സമരരംഗത്തെ ഗജവീരൻ
7 എൺപത്തിയഞ്ച് രക്തസാക്ഷികൾ
8 കേരളീയമിഷനറി സഭാനേതൃത്വനിരയിലേക്ക്
9 കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സ്നേഹചുംബനം
10 കാണുന്ന ലാഭവും കാണാത്ത നഷ്ടവും
11 അദ്ധ്യാപകന്റെ ഉത്തരവാദിത്വം
12 പർസാഹിയിൽ കരിശുഭേദനം
13 സഭൈക്യത്തിന്റെ സൂത്രധാരൻ
14 പുഷ്പിക്കുന്ന സ്വപ്നഭൂമി
15 പ്രോട്ടസ്റ്റന്റുകത്തോലിക്കാ അനുരഞ്ജനം
16 അററവേനലിലെ ചാററമഴ
17 സ്വാഗതസുമാഞ്ജലി etc.

വില 20 രൂപ

മുൻകൂർ ബുക്കുചെയ്യുന്നവർക്ക് പ്രത്യേക ആനുകൂല്യം

*– വിതരണം –*

ശാന്തിനിലയം,

തിരുവല്ല 689101

www.malankaralibrary.com

# മൂന്നാം സഹസ്രാബ്ദി, സ്വീകരണ കർമ്മപദ്ധതി

By വി. കിളിച്ചിമല

''സുവിശേഷസാക്ഷ്യം'' ഇടവക നവീകരണത്തിനും
സുവിശേഷവൽക്കരണത്തിനും പററിയ പദ്ധതി.

*അംഗീകാരത്തിൻെറ അനുഗ്രഹവർഷം*

1 അത്യ. കർദ്ദിനാൾ മാർ ആൻറണി പടിയറ

''.......മൂന്നാം സഹസ്രാബ്ദിക്കു ഒരുക്കമായുള്ള ഈ പദ്ധതി വ്യക്തികളിലും സമൂഹത്തിലും സുവിശേഷാവബോധം വളർത്തട്ടെ........ ധാരാളം സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെ........''

2 മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രീഗോറിയോസ്.

''.......ഹൃദയപരിവർത്തനം, തീഷ്ണമായ പ്രാർത്ഥന, കഠിന അധ്വാനം, പൂർണ്ണമായ പരിത്യാഗം—എന്നിവവഴിയായി കർത്താവിനു വഴി ഒരുക്കാം, മൂന്നാം സഹസ്രാബ്ദിക്കു നാന്ദികുറിക്കാം........''

3 മോസ്റ്റ് റവ. മാർ ജോസഫ് പവ്വത്തിൽ.

''.......നല്കപ്പെട്ടിരിക്കുന്ന സന്ദേശം മററുള്ളവർക്കു നല്കുന്നതിനുള്ള എത്ര ശ്രമവും ശ്ളാഘനീയമാണ്.''

4 റൈററ് റവ. ഡോ. ജോസഫ് കരീത്തടം

''.......മാതൃകാപരമായ ജീവിതത്തിലൂടെ അനേകരെ യേശുവിലേക്കു ആനയിക്കുവാൻ സുവിശേഷസാക്ഷ്യം സഹായകമാകട്ടെ''

5 റൈററ് റവ. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ.

''....സുവിശേഷസാക്ഷ്യം എന്ന കർമ്മപദ്ധതി തികച്ചും അഭിനന്ദനാർഹമാണ്''

6 റൈററ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ്.

''.......സുവാശേഷസാക്ഷ്യപദ്ധതിയോടു സഹകരിക്കുന്ന എല്ലാവരുടെയും സന്തോഷം പൂർണ്ണമായി ഭവിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു''

7 റൈററ് റവ. മാർ ജയിംസ് പഴയാററിൽ.

''.......ഭൂമിയുടെ ഉറപ്പുള്ള ഉപ്പാകുക, ലോകത്തിൻെറ ജ്വലിക്കുന്ന ദീപമാകുക, പ്രവർത്തനമണ്ഡലത്തിലെ വീര്യമുള്ള പുളിമാവാകുക—ഇതിനുവേണ്ടി പ്രേഷിതാഭിമുഖ്യം എല്ലാവരും സ്വായത്തമാക്കണം''

8 റൈററ് റവ. മാർ പോൾ ചിററിലപ്പള്ളി.

''.......ക്രൈസ്തവവ്യക്തിയുടെയും സഭാസമൂഹത്തിൻെറയും ദൗത്യം ക്രിസ്തുസന്ദേശം പകരുകയെന്നതാണ്—ദൈവവചനം പ്രസംഗിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഈ ദൗത്യം നിർവ്വഹിക്കപ്പെടുകയുള്ളൂ'' (റോമ. 10:14–15)

9 റൈററ് റവ. മാർ ജോസഫ് ഇരിമ്പൻ.

''.......വ്യക്തികളിലും സമൂഹത്തിലും സുവിശേഷാവബോധം ഉളവാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ഈ സംരംഭവുമായിസഹകരിക്കുന്ന എവർക്കും പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള കൂടുതൽ ഉൾക്കാഴ്ച ലഭിക്കട്ടെ''

10 റൈററ് റവ. മാർ മാത്യ വട്ടക്കുഴി.

''....... സുവിശേഷവൽക്കരണദശകമായി ആചരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഏററം യോജിച്ച കർമ്മപരിപാടി എന്നാണു ഇതിനെക്കുറിച്ച് എനിക്കു പറയുവാനുള്ളത്''

വില Rs. 20/–

ആവശ്യപ്പെടുക:— ശാന്തിനിലയം, തിരുവല്ല.